
# ചക്രവാളം



1946
സെപ്തംബർ 22

4
ANNAS

൧൧൨
കന്നി ൬

# നിത്യയൗവ്വനം

സഖ്യകക്ഷികളുടെ പ്രതിനിധിയായി ഇപ്പോൾ ജപ്പാൻരാജ്യം മുഴുവൻ അടക്കി ഭരിക്കുന്ന ജനറൽ മക്ആർതർ, സദാ തന്റെ കൺമുമ്പിൽ വെച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദേശമുണ്ട്. സാമുവൽ അൾമാൻ എന്ന അമേരിക്കൻ കവിയുടെ ഒരു കൃതിയെ ആധാരമാക്കി എഴുതിയതാണ്. അമേരിക്കരുടെ നിത്യസ്മരണാർഹരായ ജോർജ്ജ് വാഷിംഗ്ടന്റെയും എബ്രാഹാമിന്റെയും പടങ്ങൾക്ക മദ്ധ്യേ ഈ സന്ദേശം ഫ്രെയിം ചെയ്തു വെച്ചിരിക്കുകയാണ്.

"യൗവനം ജീവിതത്തിലെ ഒരു കാലഘട്ടമല്ല, അതു മനസ്സിന്റെ സ്ഥിതിയാണ്, അതു മനുഷ്യന്റെ ഇഛാശക്തിയുടെ കരുത്താണ്, പ്രതിഭയുടെ ഗുണവിശേഷമാണ്, വികാരങ്ങളുടെ ഓജസ്സാണ്, പേടിയുടെമേൽ ചങ്കുറപ്പിനുള്ള ആധിപത്യമാണ്, അലസതയ്ക്കു മേലായി സാഹസികത്വത്തിനുള്ള തൃഷ്ണയാണ്.

"കുറെ വർഷങ്ങൾ ജീവിച്ചു എന്നുള്ളതുകൊണ്ടു മാത്രം ഒരാൾ വൃദ്ധനാകുന്നില്ല, തങ്ങളുടെ ആദർശങ്ങളിൽനിന്നു പിൻവാങ്ങുന്നതുകൊണ്ടുമാത്രമെ മനുഷ്യർ വാർദ്ധക്യം പ്രാപിക്കുന്നുള്ളു. പ്രായം നമ്മുടെ പുറംതൊലിയിൽ ജരയുണ്ടാക്കുന്നു എന്നാൽ, ഉത്സാഹത്തെ പരിത്യജിക്കുന്നതുമൂലം ആത്മാവുതന്നെ ചുക്കിച്ചുളുങ്ങിപ്പോകുന്നു. പ്രാരബ്ധം, സംശയം, സ്വയം വിശ്വാസരാഹിത്യം, ഭയം, നിരാശ,—ഇവയാണ് നമ്മുടെ തല കുമ്പിടുവിച്ച് വളർന്നുവരുന്ന നമ്മുടെ ശക്തിയെ പൊടിയണിയിക്കുന്ന ദീർഘവത്സരങ്ങൾ.

"ആരായാലും അബലനായാലും, ഏതൊരുജീവിയുടെയും ഹൃദയത്തിൽ അതു തങ്ങളുടെ നേർക്കുള്ളകൊതിയും, താരാഗണങ്ങളുടെയും, താരസാദൃശങ്ങളായ പദാർത്ഥങ്ങളുടെയും ഉന്നത ചിന്തകളുടെയും നേർക്കുള്ള വിസ്മയവും, സംഭവഗതികളുടെ നേർക്കുള്ള നിർഭയമായ വെല്ലുവിളിയും, ഉത്തരക്ഷണത്തിൽ സംഭവിക്കാൻപോകുന്നതെന്താണെന്നറിയുവാനുള്ള ശിശുസഹജമായ ജിജ്ഞാസയും, ജീവിതത്തിലുള്ള ആനന്ദവും, ജീവിക്കുന്നതിലുള്ള സുഖവും, കലർന്നിരിക്കുന്നു.

"നിങ്ങൾ നിങ്ങളുടെ വിശ്വാസത്തോളംതന്നെ ചെറുപ്പമാണ്, സംശയത്തോളം തന്നെ വൃദ്ധനുമാണ്; നിങ്ങളുടെ ആത്മധൈര്യത്തോളം ചെറുപ്പമാണ് ഭയത്തോളം വൃദ്ധനുമാണ്; ആഗ്രഹത്തോളം ചെറുപ്പമാണ്. നിരാശയോളം വൃദ്ധനുമാണ്.

"സൗന്ദര്യം, സന്തോഷം, ധൈര്യം, മഹത്വം, ശക്തി, ഇവയുടെ സന്ദേശം, ഭൂമിയിൽനിന്നും മനുഷ്യനിൽനിന്നും, പരമാത്മാവിൽനിന്നും സ്വീകരിക്കാൻ നിങ്ങളുടെ ഹൃദയം ശക്തമായിരിക്കുന്നടത്തോളംകാലം നിങ്ങൾ ചെറുപ്പമാണ്.

"നിങ്ങളുടെ ജീവിതയന്ത്രത്തിന്റെ കമ്പി മുഴുവൻ ഇളകി നിങ്ങളുടെ ഹൃദയം എപ്പോൾ വിഷാദാത്മകത്വവും, ലോകവിദ്വേഷവും ആകുന്ന മഞ്ഞുകയറി മൂടി ഉറഞ്ഞുപോകുന്നുവോ അപ്പോൾ നിങ്ങൾ പടുവൃദ്ധനായിക്കഴിഞ്ഞു. നിങ്ങളുടെ ആത്മാവിനോടു ദൈവത്തിനു കരുണയുണ്ടാകട്ടെ.

പരിഭാഷകൻ—"ഗോപി."

# പരേതനായ
# പുലിക്കോട്ടിൽ ജോസഫ് റമ്പാൻ

(മററത്തിൽ കുരിയൻ കത്തനാർ)

(തുടർച്ച)

തിരുമേനിമാരുടെ പുനരൈക്യത്തെ പരാമർശിച്ചു "നസ്രാണിദീപിക,, 'സത്യദീപം,, തുടങ്ങിയുള്ള പത്രങ്ങളിൽ ആ ഇടതന്നെ ഞാൻ പല ലേഖനങ്ങളുമെഴുതി കത്തോലിക്കലോകത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചു. ഒരിക്കൽ മാർ തിയോഫിലോസ് തിരുമേനിയുടെ ക്ഷണപ്രകാരം ഞാൻ കോളേജിൽനിന്നു തിരുവല്ലായ്ക്കു പുറപ്പെട്ടു. തിരുമേനി തിരുമൂലയിലായിരുന്നതുകൊണ്ട് ഞാനവിടെയാണു ചെന്നതു്. തിരുമേനിമാർരണ്ടുപേരും റമ്പാച്ചന്മാർരണ്ടുപേരും അവിടെഉണ്ടായിരുന്നു. അപ്പോൾ അന്നവിടെ താമസിച്ചു പിറേറന്നാണ് കോളേജിലേയ്ക്കു ഞാൻ മടങ്ങിയതു്. രണ്ടാം ദിവസം ഒരു കാറുമായി പുലിക്കോട്ടു റമ്പാച്ചൻ കോളേജിൽവന്നു എന്നെ കൂട്ടിക്കൊണ്ടുപോയി. പിന്നെ അതു പതിവായി. കോളേജിലേയ്ക്കു പിന്നെ വരാതെയുമായി ഞാനെന്നു പറഞ്ഞാൽകഴിഞ്ഞല്ലൊ. മൂന്നു മാസത്തെ അവധിപറഞ്ഞു, മധ്യവേനലൊഴിവിനാണു വലിയതിരുമേനി എന്നെ കൊണ്ടുപോയതു്. അവധികഴിഞ്ഞു തിരിച്ചുവരാനാണ് അന്നു പോയതും

പക്ഷെ വലിയതിരുമേനി, രൂപതാഭരണം മുഴുവനും റമ്പാച്ചനിൽ അർപ്പിച്ചിട്ടു എന്നെയുംകൊണ്ടു ശീമയ്ക്കു കപ്പൽ കയറുകയാണുണ്ടായതു്. കോളേജ് വീണ്ടും തുറന്നപ്പോൾ, ഞങ്ങൾ ഐർലണ്ടിൽ! തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ, രൂപതാഭരണം എന്ന ക്ലേശഭൂയിഷ്ഠമായ ഭാരം റമ്പാച്ചൻ ഏകനായി, കാര്യക്ഷമമായും ഭംഗിയായും നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ പ്രതിഭാശക്തി സർവ്വത്ര വിലസിയിരുന്നു. പുനരൈക്യപ്പെട്ട പട്ടക്കാരുടേയും ജനങ്ങളുടേയും ക്ഷേമൈശ്വര്യങ്ങൾ മുൻനിറുത്തി പല മഹൽപ്രവൃത്തികളും പരിഷ്ക്കാരങ്ങളും പ്രാഗല്ഭ്യത്തോടും, പ്രാശസ്ത്യത്തോടുംകൂടി റമ്പാച്ചൻ നിർവ്വഹിച്ചു. സ്വന്തമായി സ്ഥലമൊ കെട്ടിടമൊ ഒന്നും അന്നില്ലായിരുന്നു. തിരുവനന്തപുരത്തു് കുന്നുകുഴിയിൽ ഒരു വാടകക്കെട്ടിടത്തിലായിരുന്നു റമ്പാച്ചൻ താമസിച്ചതു. ദാരിദ്ര്യവും മനഃക്ലേശവും അദ്ദേഹം ധാരാളം സഹിച്ചിരിക്കണം രൂപതാഭരണത്തിൽ.

മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു അക്കാലത്തു പാശ്ചാത്യപര്യടനത്തിലേർപ്പെട്ടിരിക്കയായിരുന്നു. അടിയന്തിരാവശ്യം പ്രമാണിച്ച് തിരുമനസ്സുകൊണ്ടു വിമാനത്തിൽ ഇന്ത്യയിലേക്കു പുറപ്പെട്ടു; അഞ്ചാംദിവസം ഞങ്ങൾ തിരുവനന്തപുരത്തെത്തി. റമ്പാച്ചൻ സജ്ജീകരിച്ചിരുന്ന ഡാക്ടർ രാമൻ തമ്പിയുടെ കെട്ടിടത്തിൽ താമസമാക്കി. അങ്ങിനെ ഞങ്ങൾ മൂവരുമൊരുമിച്ചു കുറെ നാൾ അവിടെ താമസിക്കാനിടയായി.


# 500 ക. സമ്മാനം

| | | |
|---|---|---|
| | | 49 |
| | 50 | |
| 51 | | |

ഇഷ്ടമുള്ള അക്കങ്ങൾ (ഒരക്കം ഒരു പ്രാവശ്യംമാത്രം) ഉപയോഗിച്ച് ഏതുവശത്തേക്കു കൂട്ടിയാലും 150 കിട്ടത്തക്കവണ്ണം കള്ളികൾ പൂരിപ്പിക്കുക. സ്ഥലം ഭാരത് ഇൻസ്റ്റിററ്യൂട്ടിൽ സീൽചെയ്തു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനൊപ്പം പൂരിപ്പിച്ചയക്കുന്നവർക്ക് 350 കയും, ഒരു തെററുകാർക്ക് 150 ക.യും സമ്മാനിക്കും. ഒരാൾക്കു ഒന്നിലധികം സമ്മാനം കിട്ടുന്നതല്ല. സമ്മാനാർഹർ ഒന്നിലധികമെങ്കിൽ തുക വീതിക്കും. ഫീസ് ഒരുത്തരത്തിനു് 1 ക.യും, കൂടുതൽ ഓരോന്നിനും 4 ണ. വീതവും. മണിയോഡറായോ, I. P. O. ആയോ ഉത്തരമൊന്നിച്ച് കന്നി 29-ാംനു- വരെ സ്വീകരിക്കും. ഫലം തുലാം 10-ാംനു- അറിയിക്കും.

N. B. ആദ്യം കിട്ടുന്ന ശരിയായ ഉത്തരത്തിന് ഒരു നല്ല ഫൌണ്ടൻപെൻ വിശേഷാൽ സമ്മാനം.

മാനേജർ, S. N. V. പ്രസ്സ് 7 B.,
വൈക്കം A. O. & P. O.



ഉപയോഗിപ്പിൻ

# കൃഷ്ണാപിന്നുകൾ

എല്ലാ സ്ഥലങ്ങളിലും എല്ലാ കടകളിലും കിട്ടുന്നതാണ്.

കൃഷ്ണാ പിൻ കമ്പനി, കോട്ടയം. (തിരുവിതാംകൂർ)

ചക്രവാളം

പുസ്തകം ൩ | കോട്ടയം — ൧൧൨൨ കന്നി ൨൭ | ലക്കം ൫

# എ.ഐ.സി.സി. സമ്മേളനം

## അടുത്ത രാഷ്ട്രപതി ആരായിരിക്കും?

നാളെ ഡൽഹിയിൽ സമ്മേളിക്കുന്ന എ. ഐ. സി. സി. ഏററവും പ്രധാനമായ ഒരു സമ്മേളനമാണ്. ഇടക്കാലഗവമ്മെൻറ ഭരണമേററതിനു ശേഷം കൂടുന്ന ആദ്യത്തെ എ. ഐ. സി. സി യാണിതു്. രാഷ്ടപതി പണ്ഡിററ് നെഹ്രു ഇടക്കാല ഗവമ്മെൻറിലെ പ്രധാന മന്ത്രിപദം ഏറെറടുത്തിരിക്കുന്നതുകൊണ്ടു പുതിയൊരു കോൺഗ്രസ്സ് പ്രസിഡൻറിനെ തെരഞ്ഞെടുക്കേണ്ട ഭാരം എ. ഐ. സി. സി. യുടെ തലയിൽ വന്നുചേർന്നിരിക്കുന്നു; പതിവുപോലെ ഹൈകമാൻഡ് ആരുടേയും പേരു ശുപാർശ ചെയ്തിട്ടുമില്ല. ഈ നിലയിൽ, ആരാണ് അടുത്ത രാഷ്ട്രപതിയാവുക എന്നു കണ്ടറിയാൻ ആക്കും ഔത്സുക്യമുണ്ടായിരിക്കും.

സുഭാസ്

എ. ഐ. സി. സി. യിലെ ഫോർവേഡ്ബ്ലോക്കു മെംബർമാർ നോട്ടീസു കൊടുത്തിട്ടുള്ള പ്രമേയത്തിൽ അടുത്ത കോൺഗ്രസ്സ് പ്രസിഡൻറായി സുഭാസ് ബാബുവിനെ തെരഞ്ഞെടുക്കണമെന്നും, അദ്ദേഹത്തിൻെറ പേരിലുള്ള വാറണ്ടുകളെല്ലാം പിൻവലിച്ച പണ്ഡിററ് നെഹ്രു, ഇൻഡ്യയിലേക്ക് അദ്ദേഹത്തെ സ്വാഗതംചെയ്തുകൊണ്ടു് അഖിലേന്ത്യാ റേഡിയോ മുഖേന ക്ഷണിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. സുഭാസ്ബാബു ജീവിച്ചിരിപ്പുണ്ടെന്നു ഫോർവേഡ്ബ്ലോക്ക് അധികൃതമായി പ്രഖ്യാപനം ചെയ്യുന്നുണ്ടു്. അദ്ദേഹം ഇൻഡ്യൻ രാഷ്ട്രീയ നഭോമണ്ഡലത്തിൽ വീണ്ടും ഉദിക്കുമ്പോരം, രാഷ്ടപതിസ്ഥാനം അദ്ദേഹത്തിനു് അ-

### ചക്രവാളത്തിനുള്ളിൽ

ടിയറവയ്ക്കാൻ, ഒരു കാലത്തു് അദ്ദേഹത്തെ ഗളഹസ്തംചെയ്ത കോൺഗ്രസ്സ് ഹൈകമാൻഡുപോലും ഇന്നു് ഉത്സുകമായിരിക്കുമെന്നുള്ളതിനെപ്പററിസംശയിക്കാനില്ല

ജയപ്രകാശ്

നാളത്തെ ഭാരതത്തിലെ നേതാവാണ് ശ്രീ. ജയപ്രകാശ് നാരായിൻ. കോൺഗ്രസ്സ് വാമപക്ഷത്തിൻെറ നേതാവെന്ന നിലയിൽ അദ്ദേഹത്തിൻെറ സ്വാധീനശക്തി വളരെ വദ്ധിച്ചിട്ടുണ്ടു്. അദ്ദേഹത്തെ രാഷ്ട്രപതിയാക്കണമെന്നു കോൺഗ്രസ്സ് സോഷ്യലിസ്റ്റുകാം-വാദിക്കുമെന്നും, സുഭാസ് ബാബുവിൻെറ അസാന്നിദ്ധ്യത്തിൽ വാമപക്ഷക്കാരെല്ലാം അദ്ദേഹത്തെ അനുകൂലിക്കുമെന്നും തീർച്ചയാണ്.

കൃപലാനി

വളരെക്കാലം തുടർച്ചയായി കോൺഗ്രസ്സ് ജനറൽ സെക്രട്ടറിസ്ഥാനം സമത്ഥമായി വഹിച്ച ആചാര്യകൃപലാനിയാണു ഹൈക്കമാൻഡിൻെറ നോമിനിയെന്നു തോന്നുന്നു. ഗാന്ധിയൻ സോഷ്യലിസത്തിൻെറ ഒരു ഉത്തമവക്താവുമാണ് അദ്ദേഹം.

ആ നിലയിൽ ശ്രീ ജയപ്രകാശനും ആചാര്യകൃപലാനിയുമായിരിക്കും എതിർസ്ഥാനാത്ഥികളെന്നു വിശ്വസിക്കാം. അങ്ങനെ കോൺഗ്രസ്സിലെ വാമദക്ഷിണ പക്ഷങ്ങളുടെ ഒരു ബലപരീക്ഷണമായിരിക്കും ഈ എ. ഐ. സി. സി. യോഗത്തിൽ നടക്കുന്നതു്. ആരാണു വിജയിക്കുക എന്നു നമുക്കു നോക്കാം.

★

(6-ാംപേജിൽനിന്നു തുടർച്ച)

ക്കുതക്കതല്ല; കാരണം അവർ അവസാനമായി തെരഞ്ഞെടുക്കപ്പെടുകയും ഉദ്യോഗത്തിൽ പ്രവേശിക്കയും ചെ കഴിഞ്ഞിരിക്കയാണല്ലോ. ആകെ മൂന്നു ന്യൂനപക്ഷപ്രതിനിധികളിൽ രണ്ടുപേരും – സർദാർ ബലദേവ്സിംഗും ഡാക്ടർ ജോൺ മത്തായിയും–ജിന്നാ സാഹിബ്ബ് അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളവരാണ്. പാർസി പ്രതിനിധിയായി സർ എൻ. പി. എഞ്ചിനീയർക്കു പകരം മി: സി. എച്ച്. ബാബയെ തിരഞ്ഞെടുത്തിട്ടുണ്ടെന്നേ ഒരു വ്യത്യാസം വരുത്തിട്ടുള്ളു. ഐ. എൻ. എ. തടവുകാരുടെനേരെ പ്രോസിക്യൂഷൻ നടത്തിയ വെറുമൊരു ഗവമ്മെൻറുദ്യോഗസ്ഥനു പകരം ശ്രീ ബാബയെ തെരഞ്ഞെടുത്തതു ലീഗിനു സമ്മതമല്ലെന്നോ? അല്ലെങ്കിൽ അതിൽ ആക്ഷേപിക്കാനുള്ള അവകാശം മി: ജിന്നായ്ക്കോ മുസ്ലീംലീഗിനോ അല്ല, ഇൻഡ്യയിലെ പ്രബുദ്ധമായ പാർസി സമുദായത്തിനു മാത്രമാണ്. അവക്കിതിൽ അല്പമെങ്കിലും ആക്ഷേപമുള്ളതായി ഇതുവരെ കേട്ടിട്ടില്ല.

പ്രധാന കാര്യങ്ങളിൽ ലീഗിൻെറ അഭിപ്രായത്തെ അവഗണിക്കാൻ പാടില്ലെന്നുള്ളതിനെപ്പററി ഇത്രയ പറയാനുള്ള– ഇടക്കാലഗവമ്മെൻറിതിനകം ചില പാരമ്പര്യങ്ങളും സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ടു്. ജിന്നാസാഹിബ്ബിൻെറ ദുരഭിമാനത്തിനുവേണ്ടി അതിലെന്തെങ്കിലും വിട്ടുവീഴ്ച വരുത്തുക എന്നുള്ളതു് ഇനി അത്ര സുകരമോ ആശാസ്യമോ ആയിരിക്കയില്ല. ഇൻഡ്യയുടെ ഐക്യത്തിനും ഐശ്വര്യത്തിനും ഹാനികരമല്ലാത്ത അഭിപ്രായങ്ങളും മുസ്ലീം ലീഗല്ല; ആരുതന്നെ പുറപ്പെടുവിച്ചാലും അതിനെ അനാദരിക്കേണ്ട ആവശ്യം ഇടക്കാലഗവമ്മെൻറിനൊട്ടില്ലതാനും. ഭരണവകുപ്പുകളുടെ വിഭജന കാര്യത്തിൽ കോൺഗ്രസ്സ് നീതിപൂർവ്വം വത്തിക്കുമെന്നു ജിന്നാസാഹിബ്ബിനു ദൃഢമായി വിശ്വസിക്കാവുന്നതാണ്.

എന്നാൽ മറുകാര്യം മി: ജിന്നാ ഈ ഘട്ടത്തിൽ വിസ്മരിക്കരുതു്. വണ്ടി ഓടി തുടങ്ങിയപ്പോരം അതിൽ ചാടിക്കയറാൻ ശ്രമിക്കുന്ന യാത്രക്കാരൻെറ ദയനീയാവസ്ഥയാണ് ഇന്നു് അദ്ദേഹത്തിനുള്ളതു്. വണ്ടി പ്ലാററ്ഫാറത്തിൽ അടുക്കുന്നതിനു മുമ്പുതന്നെ ഹാജരായി, വണ്ടിവന്നനിന്നഉടൻ അതിൽകയറിയിരുന്നെങ്കിൽ, ആദ്യമേ കിടക്കവിരിച്ചു് അദ്ദേഹത്തിനു യഥേഷ്ടം ഇരിപ്പിടമുറപ്പിക്കാമായിരുന്നു. ഇത്രവൈകിപ്പോയതുകൊണ്ടു, നിൽക്കാൻപോലും ഞെരുക്കമായി തോന്നുന്നെങ്കിൽ, വണ്ടിയിൽ സൌകര്യമായിരിക്കുന്നവരുടെ നേരെ തട്ടിക്കയറീട്ടുകാര്യമൊന്നുമില്ല. ഈ പാകതയോടുകൂടി മി: ജിന്നാ ഇത്തവണയെങ്കിലും പെരുമാറുമെങ്കിൽ, അദ്ദേഹത്തിനു് ഈ വണ്ടിയിലെങ്കിലും യാത്ര ചെയ്യാം.

ചങ്ങലപിടിച്ചു വണ്ടി നിത്താനുള്ള ശ്രമം വ്യത്ഥം, കലഹമുണ്ടാക്കിയാൽ ഫലം കഠിനമായിരിക്കുകയും ചെയ്യും.

★

# നേതാജി

## വീണ്ടും രാഷ്ട്രപതി?

### ഡൽഹിയിലെ ശുഭപ്രതീക്ഷകൾ

(ചക്രവാളം ലേഖകൻ)

ന്യൂഡൽഹി, സെ. 16

ഒക്ടോബർ 21-നേതാജി സുഭാസ് സ്വതന്ത്രഭാരത താൽക്കാലിക ഗവമെൻറു രൂപവല്ക്കരിച്ച ആ സ്മരണീയ ദിനം- അടുത്തുവരുന്നതോടുകൂടി രണ്ടാംലോകമഹായുദ്ധത്തിലെ ആ വീരയോദ്ധാവിനെ- സാമ്പത്തിക കുഴപ്പത്തിലും സാമുദായിക സക്തിയിലും ആണ്ടുമുങ്ങി, നരകയാതന അനുഭവിക്കുന്ന ഇൻഡ്യയുടെ ആശാനാളത്തെ ഉള്ളഴിഞ്ഞു സ്വാഗതംചെയ്യാൻ ഇൻഡ്യ ചമഞ്ഞൊരുങ്ങിനിൽക്കയാണ്.

വിദൂരപൂർവ്വദേശത്തുവച്ചുണ്ടായതായി പറയപ്പെടുന്ന വിമാനാപകടത്തെപ്പററിയുള്ള 12 മാസത്തെ പഴക്കമുള്ള ആ റിപ്പോർട്ട് സംശയദൃഷ്ടിയോടുകൂടിയല്ലാതെ ആരും സ്വീകരിച്ചിട്ടില്ല. ആസാദ്ഹിന്ദ് ഗവമെൻറിൻെറ തലവൻ എന്ന നിലയിൽ നേതാജിയുടെ ധീരപ്രവർത്തനങ്ങളുടെ ദൃക്സാക്ഷികളും അദ്ദേഹത്തിൻെറ അന്തേവാസികളും പ്രിയജനങ്ങളുമായിരുന്ന പലരും മറിച്ച് ആവർത്തിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും, അവരെപ്പോലെതന്നെ അദ്ദേഹത്തോട് അടുത്തു പെരുമാറിയിരുന്നവരും ഏതാണ്ടതന്നെ കാര്യങ്ങൾ സൂക്ഷ്മമായറിയാവുന്നവരുമായ മററു പലരും അന്യരാജ്യത്തുനിന്നും ഈ രാജ്യത്തുനിന്നും പ്രസ്താവിച്ചിട്ടുണ്ട്, "നേതാജി ജീവിച്ചിരിപ്പുണ്ടെന്നു മാത്രമല്ല, അഞ്ചുകൊല്ലം മുമ്പ് എത്ര ആകസ്മികമായിട്ടാണോ അദ്ദേഹം ഇൻഡ്യയിൽനിന്ന് അന്തർദ്ധാനം ചെയ്തത് അത്രയും ആകസ്മികമായി വീണ്ടും പ്രത്യക്ഷപ്പെടുമെന്നു തീർച്ചയാണ്" എന്ന്.

ജനസഞ്ചയത്തിൻെറ ആരാധനാമൂർത്തിയായ നേതാജിയുടെ ത്യാഗങ്ങളും പീഡാനുഭവങ്ങളും നമ്മുടെ നാട്ടുകാരായ 50 കോടി ജനങ്ങളിൽ ഒരു വിദ്യുൽപ്രഭ വീശി. അദ്ദേഹം അടുത്തുതന്നെ സ്വതന്ത്രരാജ്യത്തു പ്രത്യക്ഷനാകുമെന്ന പ്രത്യാശയെ വളർപ്പിക്കുന്ന ഒരു പ്രഖ്യാപനം നെഹ്രുഗവർമെൻറ് ഏതാനും ദിവസം മുമ്പു പുറപ്പെടുവിച്ചു - സുഭാസ് ബാബുവിനെ അറസ്റ്റു ചെയ്യാനുള്ള ഉത്തരവുകളെല്ലാം പിൻവലിച്ചിരിക്കുന്നുവെന്നാണ് ആ പ്രഖ്യാപനം.

ഈ പ്രഖ്യാപനത്തിൻെറ പ്രാധാന്യം ഒട്ടൊന്നു ലഘൂകരിക്കാൻ ന്യൂസ് ഏജൻസികൾ ശ്രമിച്ചിട്ടുണ്ടെന്നുള്ളതു തീർച്ചയാണ്. എന്നാൽ പ്രതീക്ഷയുടെ മുളകത്തു കയറിയിരിക്കുന്ന ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം ജനകീയവിശ്വാസത്തിനുള്ള ഔദ്യോഗികമായ അംഗീകരണമാണ് അത്.

ഇവിടെ കോൺഗ്രസ്സ്കേന്ദ്രങ്ങൾ ഇതിനെപ്പററി അത്യധികം ആഹ്ലാദഭരിതമായിരിക്കുന്നു. പണ്ഡിററ് നെഹ്രുവിൻെറ പിൻഗാമിയായ കോൺഗ്രസ്സ് പ്രസിഡൻറിൻെറ പീഠത്തിൽ സുഭാസ് ബാബുവിനെ അവരോധിക്കുന്നതിനു കോൺഗ്രസ്സ് പ്രവർത്തകസമിതിയിലെ പല അംഗങ്ങളും അനുകൂലരാണ്. നേതാജി ഇൻഡ്യയിൽ പ്രത്യക്ഷനാകുന്നതുവരെ ഔദ്യോഗിക പ്രഖ്യാപനം മാററിവച്ചിരിക്കുകയാണെന്നും പറയപ്പെടുന്നു.

സുഭാസ് ബാബുവിൻെറയും ഗാന്ധിയൻ കോൺഗ്രസ്സിൻെറയും നയത്തിലുണ്ടായിരുന്ന വൈരുദ്ധ്യം രണ്ടു കാരണങ്ങളാൽ ഇപ്പോൾ നീങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഒന്നാമതായി, വെളിയിൽനിന്ന് ഇൻഡ്യയുടെ നേരെ ഒരു സായുധാക്രമണം നടത്താൻ നേതാജി തയ്യാറായ കാലത്തേതിൽ നിന്നു വളരെ ഭിന്നമായ ഒരു വ്യവസ്ഥിതിയാണ് ഇന്ന് ഇൻഡ്യയിലും ലോകത്തിൽ പൊതുവെയും. രണ്ടാമതായി, ഇൻഡ്യയിലെ നവശക്തികളുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന പണ്ഡിററ് നെഹ്രു, സുഭാസ് ബാബുവിൻെറ ആത്മാവിലെ നല്ല വശങ്ങളെയെല്ലാം ഉൾക്കൊള്ളുന്നുണ്ട്. "ജയ് ഹിന്ദ്" എന്നു പരസ്യമായും ഔദ്യോഗികമായും അഭിവാദനം ചെയ്യുന്നതിൽ നിന്നുതന്നെ അതു തെളിയുന്നുണ്ടല്ലോ.

ഇൻഡ്യൻ നാഷണൽ ആർമിയെ കോൺഗ്രസ്സ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നതാണ്. ഐ. എൻ. ഏ. നായകന്മാരും ഭടന്മാരും കോൺഗ്രസ്സിൻെറ അക്രമരാഹിത്യ പ്രതിജ്ഞ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നു; ഐ. എൻ. ഏ. ഇൻഡ്യയിൽ എത്തിയാൽ പിന്നെ അക്രമപ്രവർത്തനങ്ങൾ നടത്തരുതെന്നു നേതാജി തന്നെ അവരോടു പറഞ്ഞിട്ടുണ്ടായിരുന്നു.

നേതാജിക്കു ഫാഷിസമായി കൂട്ടുകെട്ടുണ്ടായിരുന്നുവല്ലോ എന്നാണ് മററൊരപവാദം. ആ ഫാഷിസം ഇപ്പോൾ നാമാവശേഷമായിരിക്കുന്നു. കൂടാതെ, പുതിയ സാമ്പത്തികശക്തികൾ ഇൻഡ്യയിൽ എല്ലായിടത്തും ഇളകി വശായിരിക്കുന്ന ഈ ഘട്ടത്തിൽ, അന്തർദ്ദേശീയ രാഷ്ട്രങ്ങളുടെ കടുത്ത മത്സരത്തിൽ, ഹിററ്ലറിനും ഹിരോഷിമയ്ക്കും മുമ്പുള്ള ലോകവുമായി നേതാജിക്കുള്ള പ്രായോഗിക പരിജ്ഞാനം, പുതിയ ലോകവ്യവസ്ഥിതിയിൽ ഇൻഡ്യയുടെ മനോഭാവം എന്തായിരിക്കണമെന്നു നിർണ്ണയിക്കുന്നതിനു പണ്ഡിററ് നെഹ്രുവിന് ഏററവും സഹായകമായിരിക്കും.

ഇന്ന് എല്ലാററിലുമുപരിയായി ഇൻഡ്യക്ക് ഉൽക്കണ്ഠയുളവാക്കുന്നതു രാഷ്ട്രീയ കാര്യങ്ങളിലെ സാമുദായികത്വമാണ്. മുസ്ലീംലീഗിനു മുസ്ലീം ജനതയുടെ ഇടയിൽ കാര്യമായ സ്വാധീന ശക്തിയുണ്ട്; വികൃതികൾ കാട്ടിക്കൂട്ടാനുള്ള വശവും അവർക്കുണ്ട്. മുസ്ലീങ്ങൾ റഷ്യൻ സഹായത്തിനുവേണ്ടി കൊതിച്ചുനടക്കുന്നു; റഷ്യാക്കാരാണെങ്കിൽ ഇൻഡ്യയിലെങ്ങിനെയെങ്കിലും കടന്നുകൂടുവാൻ തക്കം നോക്കിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയും ചൈനയെപ്പോലെ തന്നെ ആഭ്യന്തരസമരത്തിൽ ആമഗ്നമാകുകയാണെങ്കിൽ സോവിയററിൻെറ സഹായം നേടുവാനുള്ള ലീഗിൻെറ യത്നങ്ങൾ കേവലം നേരമ്പോക്കല്ലാതായിത്തീരും.

ഇൻഡ്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ യാതൊരു വിദേശശക്തിയേയും ഇൻഡ്യ അനുവദിക്കുകയില്ലെന്നതീർച്ചയാണ്; മുസ്ലീംലീഗിൻെറ അവകാശവാദങ്ങളെല്ലാം കേവലം ആഭ്യന്തരമാണെന്നു പറയേണ്ടതില്ലല്ലോ. അതേസമയത്ത്, കേവലം മതപരമായ വീക്ഷണകോടിയിൽ കൂടിയല്ലാതെ രാഷ്ട്രീയപ്രശ്നപരിഹാരത്തിന് ഊർജ്ജിതശ്രമം നടത്തിയേ തീരൂ എന്നും ഊന്നിപ്പറയുകതന്നെ വേണം. ഭാഗ്യവശാൽ, കോൺഗ്രസ്സ് സോഷ്യലിസ്റ്റ് കക്ഷിയുടെ ശ്രമം ആ വഴിക്കാണ്.

ഇൻഡ്യയ്ക്കും ലോകത്തിനും വേണ്ടി അഹിംസാപരവും, അനാക്രമണസക്തവും, തികച്ചും ഭാരതീയവുമായ ഒരു സോഷ്യലിസ്റ്റ് മാതൃക സൃഷ്ടിക്കുന്നതിനു സുഭാസ്ബാബുവിൻെറസഹായം തേടേണ്ടിയിരിക്കുന്നുവെന്നാണ് കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളുടെകൂട്ടത്തിൽ കാര്യവിവരമുള്ളവരെല്ലാം അഭിപ്രായപ്പെടുന്നതു. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിൻെറ പുനരാവിർഭാവം അത്യാർത്തിയോടുകൂടി യുവഭാരതം ഉററു നോക്കിക്കൊണ്ടിരിക്കുന്നതും. പണ്ഡിററ് നെഹ്രു ഇൻഡ്യൻ ദേശീയ ഗവമെൻറിൻെറ തലവൻ. നേതാജി സുഭാസ്ബോസ് കോടിക്കണക്കിലുള്ള ജനങ്ങളുടെ ഹാർദ്ദമായ വിശ്വാസവും എല്ലാ പുരോഗമന കക്ഷികളുടേയും പിൻതുണയും സമാർജ്ജിച്ചുകൊണ്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ നേതൃസ്ഥാനത്ത്— അതു പരസ്പരസഹായകവും പൂർണ്ണവുമായ ശക്തിയായിരിക്കും. അകത്തുള്ള സാമുദായിക വഴക്കുകളിൽനിന്നും, വെളിയിലുള്ള ദുഷിച്ച അധികാരഭ്രമത്തതയിൽനിന്നും ഇൻഡ്യയെ അകററിനിർത്തി രക്ഷിക്കാൻ അതു പര്യാപ്തമാകും.

★


## അറിയിപ്പ്

മാനേജരുടെ ഒപ്പോടും മുദ്രയോടും കൂടിയ രസീതുകളിന്മേൽ കൊടുക്കുന്ന പണത്തിനു മാത്രമേ മാനേജർ ഉത്തരവാദിയാകയുള്ള എന്നുള്ള വിവരം ഇതിനാൽ എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

എന്ന്,

മാനേജർ

ചക്രവാളം, കോട്ടയം.

## ജീവചരിത്രം

# കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ

(ജി. രാമകൃഷ്ണപിള്ള എം. എ.)

II

പിന്നീടൊരിക്കൽ ആറാട്ടുദിവസം മഹാരാജാവു കടപ്പുറത്തേയ്ക്കു് എഴുന്നള്ളിയ സമയം വിദ്വാൻ കോയിത്തമ്പുരാനും ഇരയിമ്മൻതമ്പി തുടങ്ങിയ അനേകം പ്രസിദ്ധ കവികളും അവിടത്തെ അനുഗമിച്ചിരുന്നു. സമുദ്രതീരത്തുള്ള കൊട്ടാരത്തെ സമീപിച്ചപ്പോൾ മഹാരാജാവു ഇങ്ങനെ കല്പിച്ചു. "നാം കൊട്ടാരത്തിൽ എത്തുന്നതിനു മുമ്പായി ശ്രീ പത്മനാഭനും നമുക്കും യോജിക്കുന്ന രണ്ടർത്ഥമുള്ള ഓരോ ശ്ലോകം നിങ്ങളെല്ലാവരും നിർമ്മിക്കണം."

അരമനയിൽ എഴുന്നള്ളിയശേഷം മഹാരാജാവു് ശ്ലോകത്തെപ്പററിക്കല്പിച്ചു ചോദിച്ചപ്പോൾ വിദ്വാൻ കോയിത്തമ്പുരാനും ഇരയിമ്മൻതമ്പിയും മാത്രം ഓരോ പദ്യം തിരുമനസ്സറിയിച്ചു. വശ്യവാക്കും സരസകവിയുമായ തമ്പിയുടെ പദ്യത്തെപ്പററി അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതുവാൻ ഭാഗ്യമുണ്ടാകുന്ന കാലത്തു് അതിൽ വിവരിച്ചുകൊള്ളാം. നമ്മുടെ കവിരാജന്റെ പദ്യം താഴെ ചേർക്കുന്നു.

'വിശ്വാമിത്രാഗ്ര്യ കർമ്മപ്രശമരത
സുമിത്രാത്മജന്മാപ്രഭേദം
ധൃത്വാ യം സായകാഗ്ര്യം ഹരിവരവൃ
തോ സംയുത:സാനുജന്മാ
ആയാതോ രാമരാജ: സ്വയമിതി
ജനതാഭാഷണേ നൈവസിന്ധു:
സന്ത്രസ്താത്മാരരാദ്സോതതര
തരതരം ശോച്യലദ് ബാഹുതശൈച്യ:

നാഴികമണി ആദ്യം തിരുവിതാംകൂറിൽ വരുത്തിയതു് സ്വാതിതിരുനാൾ മഹാരാജാവു തിരുമേനിയാണ്. ഒരുദിവസം അസ്തമനമായപ്പോൾ അവിടുന്നു സംഭാഷണമദ്ധ്യേ നാഴികമണിയാറായി, എന്നു കല്പിച്ചു. ഉടൻതന്നെ കോയിത്തമ്പുരാൻ—

'നാരീണാം ഭൂഷണൌഘമണിയാറായി,

എന്നു് ദ്വിതീയപാദമായി ചൊല്ലി. എന്നാൽ ശേഷംകൂടി കേൾക്കട്ടെ എന്നു കല്പിച്ചപ്പോൾ കോയിത്തമ്പുരാൻ—

'വാസരമണിയാറായി
കോകീനാമശ്രുജാലമണിയാറായി,

എന്നു് ശ്ലോകത്തെ പൂർണ്ണമാക്കി തിരുമനസ്സറിയിച്ചു.

വാഗ്ദേവിയുടെ കടാക്ഷത്താൽ അനുഗ്രഹീതന്മാരായ പുണ്യശ്ലോകന്മാർ ഉച്ചരിക്കുന്നതെല്ലാം കവിതയായി പരിണമിക്കുന്നതിൽ അദ്ഭുതത്തിനവകാശമില്ല. ഒരു പദ്യത്തിന്റെ പ്രഥമ പാദമായി സങ്കല്പിച്ചുകൊണ്ടല്ല മഹാരാജാവു് 'നാഴികമണിയാറായി, എന്നു കല്പിച്ചതു്. പ്രത്യുത വെറും ഒരു വസ്തുതയെ വിശദമാക്കുക മാത്രമാണു ചെയ്തതു്. അഞ്ച് വൃത്തബദ്ധമായി കലാശിച്ചു എന്നേയുള്ളു. ഈ ഐക്യത്തെ അതേ നിമിഷത്തിൽ ഗ്രഹിച്ചു പ്രത്യുത്പന്നമതിയായ നമ്മുടെ സ്മർത്ത്യപുരുഷൻ ദ്വിതീയപാദം ഉടനെ നിർമ്മിക്കുകയും പിന്നീടു കല്പനപ്രകാരം അതിനെ പൂർണ്ണമാക്കുകയും ചെയ്തതായിരുന്നു. ഇതുകേട്ടു് പൊന്നുതമ്പുരാൻ വളരെ സന്തോഷിച്ചു. ഇപ്പോൾ കന്നിമാസത്തിലെ വിജയദശമിനാളിൽ തിരുവിതാംകൂർ മഹാരാജാവു തിരുമേനി പൂജപ്പുരയ്ക്കുള്ള യാത്രയിൽ എഴുന്നള്ളിയിരിക്കുന്ന പുഷ്പരഥം പണിയിച്ചതു് സ്വാതിതിരുനാൾ മഹാരാജാവു തിരുമേനിയായിരുന്നു. ഈ രഥം നിർമ്മിച്ചു് തിരുമേനി ആദ്യം അതിൽ എഴുന്നള്ളിയ കാലത്തു് പല കവികളും അതു സംബന്ധിച്ചു് പദ്യങ്ങൾ ഉണ്ടാക്കി. അവയിൽ വിദ്വാൻകോയിത്തമ്പുരാന്റെ ശ്ലോകങ്ങൾ നാലും അഞ്ചും വിധം അർത്ഥം കല്പിക്കപ്പെടാവുന്നതാണ്. ആ പദ്യങ്ങളിൽ ഒന്നു താഴെ ചേർക്കുന്നു.

"യംശംസന്തിസഭാഗതി പ്രണയിനാം
സർവ്വേജനാ:സന്തതം
സ്വാസ്ഥാനാദരിന്നാഗതം ഹിപുര
തോയേ നൈവഭോ ഗീശിതു:
സ്യേയം പുഷ്പരഥോ ബിഭർത്തിതു
ലനാം ശ്രീവഞ്ചി ഭൂമീഭൃതാ
കൃഷ്ണനാപിച ജിഷ്ണുനാബക
ജിതാചിത്രാംഗദാദാശ്രിത:,,

ഈ ശ്ലോകത്തിൽ പ്രകൃതമായുള്ള ഒരർത്ഥത്തിനുപുറമേ മഹാരാജപരമായും കൃഷ്ണപരമായും, അർജ്ജുനപരമായും, ഭീമപരമായും ഇങ്ങനെ നാലർത്ഥങ്ങൾ കൂടിയുണ്ടു്. അവയെ കോയിത്തമ്പുരാന്റെ കവിതാവിമർശന ഭാഗത്തിൽ ഈ ഗ്രന്ഥത്തിൽ തന്നെ വിവരിക്കുന്നതാണ്. മഹാരാജാവു് കോയിത്തമ്പുരാന്റെ ഈ ശ്ലോകങ്ങളെ അഭിനന്ദിച്ചു് അദ്ദേഹത്തിനു രണ്ടു രത്നകങ്കണങ്ങൾ സമ്മാനിച്ചു. ഇങ്ങനെ വിദ്വാന്റെ പദ്യങ്ങളിൽ കാണപ്പെട്ട ചമത്കാരം, ലാളിത്യം, ഗാംഭീര്യം, ഗുംഫനചാതുരി, കല്പനാശക്തി, ശബ്ദാലംകാരം എന്നിവയെ യഥായോഗ്യം അഭിനന്ദിച്ചു് മഹാരാജാവുതിരുമേനി കോയിത്തമ്പുരാനു് പല സന്ദർഭങ്ങളിലും അനർഘങ്ങളായ പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടു്. ഇതുകൂടാതെ ചില പദ്യങ്ങളുടെ രസികതാമേന്മ തിരുമേനി പലപ്പൊഴും കോയിത്തമ്പുരാനെ ആലിംഗനം ചെയ്തുപോലും ഉണ്ടായിട്ടുണ്ടു്. വിദ്വാൻകോയിത്തമ്പുരാന്റെ ആകൃതി, സൌന്ദര്യവമുള്ളതായിരുന്നു. സ്നിഗ്ദ്ധമേചകമായ വർണ്ണവും ദൃഢമായ ഗാത്രവും മനോഹരമായ യാനവിശേഷവും അനന്യസാധാരണമായ കായബലവും ഗംഭീരസ്വരവും ചേർന്ന ഈ ഉത്തമപുരുഷനെ സ്വാതിതിരുനാൾ തിരുമേനി വാൽസല്യപൂർവ്വം കരീന്ദ്രനെന്നും ഗജേന്ദ്രനെന്നും വിളിച്ചുവന്നു.

അക്കാലത്തു് സുപ്രസിദ്ധ ജ്യൌതിഷികനായി കടത്തനാട്ടു രാജകുടുംബത്തിൽ ഒരു തമ്പുരാനുണ്ടായിരുന്നു. അവിടത്തെ യഥാർത്ഥ നാമധേയം ശങ്കരവർമ്മ എന്നായിരുന്നു എങ്കിലും അപ്പുത്തമ്പാൻ എന്ന ഓമനപ്പേർകൊണ്ടായിരുന്നു അവിടന്നു് ജനങ്ങളുടെ ഇടയിൽ അറിയപ്പെട്ടിരുന്നതു്. ഈ തമ്പുരാൻ 1008–ാമാണ്ടു് തിരുവനന്തപുരത്തു വരാൻ ഇടയായി. പണ്ഡിതനായ ഈ തമ്പുരാനെ മഹാരാജാവു് യഥോചിതം സത്കരിച്ചു് കുറേനാൾ തിരുവനന്തപുരത്തു പാർക്കണമെന്നു നിർബന്ധിച്ചു. ഇങ്ങനെ കല്പനപ്രകാരം അദ്ദേഹം നാലഞ്ചുമാസക്കാലം രാജധാനിയിൽ താമസിച്ചു. ഇതിനിടയിൽ അദ്ദേഹം മഹാരാജാവു തിരുമനസ്സിലേയും അവിടത്തെ പിതാവായ ചങ്ങനാശേരി രാജരാജവർമ്മ കോയിത്തമ്പുരാന്റെയും വിദ്വാൻ കോയിത്തമ്പുരാന്റെയും ജാതകങ്ങൾ എഴുതിത്തീർത്തു. ആയുർഗ്ഗണിതവിധിയനുസരിച്ചു് ഈഷദ്ഭേദമെന്യേ തീർക്കപ്പെട്ട രാജജാതകങ്ങളിൽ പറയപ്പെട്ട ഭാവിസംഭവങ്ങൾ ഓരോന്നും യഥാർത്ഥമായി പരിണമിച്ചതിനെ കണ്ടു് മഹാരാജാവു് അത്യവസരത്തിൽ അദ്ഭുതപരവശനായിത്തീർന്നിരുന്നു. അപ്പുത്തമ്പാനു് ജ്യോതിശ്ശാസ്ത്രത്തിൽ ഉണ്ടായിരുന്ന അസാധാരണ പാണ്ഡിത്യംകണ്ടു് വിദ്വാൻ കോയിത്തമ്പുരാനു് ആ ശാസ്ത്രമഭ്യസിക്കണമെന്നഭിലാഷമുണ്ടായി. ഇതിലേക്കു് മഹാരാജാവു് കുറുംചേരൂർ ബാലരാമൻപിള്ളയെന്ന ജ്യോതിശ്ശാസ്ത്ര വിദ്വാനെ തിരുവനന്തപുരത്തു വരുത്തി കൊട്ടാരം സംപ്രതിഃവലായ്മ നിയമിക്കയും കോയിത്തമ്പുരാനെ ജ്യോതിശ്ശാസ്ത്രമഭ്യസിപ്പിക്കാൻ നിയോഗിക്കയും ചെയ്തു. കുശാഗ്രബുദ്ധിയായ കോയിത്തമ്പുരാൻ ഈ ശാസ്ത്രത്തിൽ അചിരേണ പ്രാവീണ്യം സമ്പാദിച്ചു.

സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും വിദ്വാൻ കോയിത്തമ്പുരാനു് നിസർഗ്ഗമായ അഭിരുചിയും വാസനയും ഉണ്ടായിരുന്നു. സോപാനരീതിയിലുള്ള കഥകളിപ്പദങ്ങൾ കോയിത്തമ്പുരാൻ കർണ്ണാനന്ദകരമാകുംവണ്ണം പാടുമായിരുന്നു. നിർഭാഗ്യവശാൽ മഹാരാജാവു തിരുമേനിക്കു് കഥകളിയിൽ അഭിരുചിയില്ലായിരുന്നു എങ്കിലും കരീന്ദ്രൻ പാടുന്ന ആട്ടപ്പാട്ടുകൾ കേൾക്കാൻ തനിക്കു് അത്യൌത്സുക്യമാണെന്നു് തിരുമനസ്സുകൊണ്ടുതന്നെ അരുളിച്ചെയ്തിട്ടുണ്ടു്.

ഇനി കോയിത്തമ്പുരാന്റെ കായബലത്തിനുദാഹരണമായി പല കഥകൾ കേട്ടിട്ടുള്ളതിൽ ചിലതു പറയാം.

ഒരിക്കൽ പരദേശത്തുനിന്നും ഒരു പ്രസിദ്ധ ഗുസ്തിക്കാരൻ തിരുവനന്തപുരത്തു വന്നു് മണക്കാട്ടു താമസിക്കയും നാട്ടിലെ പല മല്ലന്മാരെയും മല്ലിടത്തത്തിൽ തോല്പിക്കയും ചെയ്തശേഷം തന്റെ അഭ്യാസം തൃക്കൺപാർക്കണമെന്നു് അയാൾ തിരുമനസ്സറിയിച്ചു. അയാളോടു നേരിടുവാൻ തക്ക സാമർത്ഥ്യമുള്ള ഒരു മല്ലൻ

# വണ്ടി പുറപ്പെട്ടപ്പോൾ ചാടിക്കയറാൻ ശ്രമിക്കുന്ന യാത്രക്കാരൻ

## ഡൽഹിയിലെ കൂടിയാലോചനകളിൽ ജിന്നാസാഹിബ്ബിൻെറ നില

(ജോസഫ് ജോൺ)

വൈസ്രോയ് – ജിന്നാ കൂടിയാലോചനകൾ ആശാവഹമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്; ജിന്നാസാഹിബ്ബും, അങ്ങനെ മുസ്ലീംലീഗും അവസാനമായി ഇടക്കാലഗവമ്മെൻറിനോട സഹകരിക്കുമെന്ന പ്രതീക്ഷയാണ് ഡൽഹിയിൽ എല്ലായിടത്തും മുഴങ്ങിക്കേൾക്കുന്നത്. അതിൻെറ സാദ്ധ്യതാസാദ്ധ്യതകൾ നമുക്കൊന്നു പരിശോധിച്ചുനോക്കാം.

ദീർഘകാലപദ്ധതിയെപ്പററിയുള്ള കോൺഗ്രസ്സിൻെറ വ്യാഖ്യാനമാണല്ലൊ ജിന്നാസാഹിബ്ബിനെ ഇത്രയേറെ കുപിതനാക്കിയത്. പണ്ഡിററ് നെഹ്രുവിൻെറ പ്രസ്താവനത്തിലെ വാഗ്ദാനം മുസ്ലീംലീഗിനു മതിയായ ഒരുറപ്പാണെന്നു നിഷ്പക്ഷവാദികളെല്ലാം സമ്മതിക്കുന്നുണ്ട്. ജിന്നാസാഹിബ്ബിനും അതു് ഏറെക്കുറെ ബോദ്ധ്യമായിട്ടുണ്ടെന്നു തോന്നുന്നു. "ദയാമനങ്ങളായ വാക്കുകൾകൊണ്ടു കാര്യമായില്ല; പ്രവൃത്തികൊണ്ട് അതു തെളിയിക്കുകയാണുവേണ്ടതു്", എന്നദ്ദേഹം പറയുന്നു. കോൺഗ്രസ്സിൻെറ വാക്കും പ്രവൃത്തിയും പരസ്പരഭിന്നമായിരിക്കാറില്ലെന്ന് അദ്ദേഹത്തിനു സമാധാനിക്കാം. അതുകൊണ്ടുതന്നെയായിരിക്കണം വൈസ്രോയിയുമായി കൂടിയാലോചന നടത്താൻ അദ്ദേഹം സന്നദ്ധനായതും.

എന്നാൽ ഇടക്കാലഗവമ്മെൻറിനെ സംബന്ധിച്ചുള്ള ജിന്നാസാഹിബ്ബിൻെറ അവകാശവാദങ്ങൾ കുറെക്കൂടി കുഴപ്പമുണ്ടാക്കുന്നവയാണ്. പ്രധാനമായി 4 കാര്യങ്ങളിലാണ് അദ്ദേഹം പിടിമുറുക്കിയിരിക്കുന്നത്.

(1) ലീഗിലുൾപ്പെട്ടിട്ടില്ലാത്ത ഒരൊററ മുസ്ലീമിനെപ്പോലും ഇടക്കാലഗവർമ്മെൻറിൽ ഉണ്ടായിരിക്കാൻ അനുവദിക്കരുതു്.

(2) ഇതരന്യൂനപക്ഷങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതു ജിന്നാസാഹിബ്ബിനോട് ആലോചിച്ചിട്ടുവേണം.

(3) പ്രധാനകാര്യങ്ങളിൽ മുസ്ലീംലീഗിൻെറ അഭിപ്രായത്തെ അവഗണിക്കാൻ പാടില്ല.

(4) പ്രധാന ഭരണവകുപ്പുകളെല്ലാം കോൺഗ്രസ്സിനും ലീഗിനും സമമായി വീതിക്കണം.

ഇതിൽ ആദ്യം പറഞ്ഞ രണ്ടും ഇനി നടപ്പാണെന്നു തോന്നുന്നില്ല. ദേശീയമുസ്ലീമിനെ ഇടക്കാലഗവമ്മെൻറിൽ ഉൾപ്പെടുത്തുന്ന പ്രശ്നത്തിനു ഇത്രയേറെ പ്രാധാന്യമുണ്ടായതു്, "അതിനൊരിക്കലും അനുവദിക്കുകയില്ലെന്നു തീർത്തുപറഞ്ഞുകൊണ്ടു്" മി. ജിന്നാ വൈസ്രോയിക്കയച്ച കത്തു ജൂൺ 19 ാംനു- പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണ്. ഇവിടുക്കാര്യത്തിൽ എന്തെങ്കിലും വിട്ടുവീഴ്ച കോൺഗ്രസ്സ് ചെയ്യുമെന്നു വിചാരിക്കുന്നതു കേവലം മൌഢ്യമായിരിക്കും. എന്നു മാത്രമല്ല മുസ്ലീം പ്രാതിനിദ്ധ്യത്തിൻെറ കുത്തകാവകാശം ലീഗിന് അവകാശപ്പെടാവുന്നതല്ലെന്നു ബ്രി ഗവമ്മെൻറ പാർലമെൻറിൽവച്ചു തുറന്നു പറഞ്ഞിട്ടുമുണ്ടല്ലോ.

ഇതരന്യൂനപക്ഷപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു ലീഗിനോട് ആലോചിച്ചിട്ടുവേണം എന്ന വാദം ഇനി നിലനിൽ

(ശേഷം 3-ാംപേജിൽ)

---

ആതുള്ള എന്നു് മഹാരാജാവു തിരുമേനി അന്വേഷിച്ചുകൊണ്ടിരിക്കേ കല്പനയുണ്ടെങ്കിൽ താൻതന്നെ അയാളോടു നേരിടാമെന്നു് വിദ്വാൻ കോയിത്തമ്പുരാൻ അറിയിച്ചു. എന്നാൽ തന്നിലധികം പ്രാവശ്യം പിടിക്കാൻ അനുവദിക്കരുതെന്നും കൂടി കോയിത്തമ്പുരാൻ പ്രാർത്ഥിച്ചിരുന്നു.

## 1921-ൽ കോൺഗ്രസ്സ്-ലീഗ് ബന്ധം

(സകൻ)

തുർക്കിയിലെ കെമാൽ പാഷ ഒററക്കു ഗ്രീക്കുകാരോടു പൊരുതിനിന്ന ആ ഖിലാഫത്ത് കാലം; അദ്ദേഹത്തിന് അപജയം പിണഞ്ഞുകൊണ്ടിരുന്ന കാലം; മുസ്ലീംലോകം മുഴുവൻ ദുഃഖത്തിലാണ്ടുപോയ ആ കാലം; ബ്രിട്ടൻ നിശ്ശബ്ദമായിട്ടാണെങ്കിലും ഗ്രീക്കുകാരെ സഹായിച്ചുകൊണ്ടിരുന്ന ഒരു കാലം. ഞാൻ ചോദിക്കട്ടെ, അക്കാലത്ത് ഇൻഡ്യയിലെ ബ്രിട്ടീഷുഭരണത്തിനെതിരായി വിപ്ലവപതാക ഉയർത്തിയതു് ആരാണ്? മൌലന മുഹമ്മദാലിയും ഷൌക്കത്താലിയും സമാരംഭിച്ച ഖിലാഫത്ത് പ്രക്ഷോഭണത്തെ സഹായിച്ചതു്–രാഷ്ട്രീയമായും ധാമ്മികമായും ഭൌതികമായും സഹായിച്ചതു് ആരാണ്?

മഹാത്മാ ഗാന്ധിയും, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും.

1920–22ലെ ദേശീയ പത്രങ്ങളുടെ ഫയലൊന്നു പരിശോധിച്ചു നോക്കു. അലിസഹോദരന്മാരും അവരുടെ അഭിവന്ദ്യയും ദിവംഗതയുമായ അമ്മ, ബി–അമ്മയും, ഹാക്കിം ആജ്മൽ ഖാൻ, ഡാക്ടർ അൻസാരി, മൌലാനാ അബ്ദുൾ ബാരി, മൌലാനാ അബ്ദുൾകലാം ആസാദ്, ജമായത്തുൽ–ഉലേമാ അംഗങ്ങൾ എന്നിവരെല്ലാം ഗാന്ധിജിയുടെ ഉപദേശവും മാർഗ്ഗനിർദ്ദേശവും സ്വീകരിച്ചുകൊണ്ടിരുന്നതായി അതിൽ കാണാം. കോൺഗ്രസ്സ്, ഖിലാഫത്ത്, ജമായത്തുൽ ഉലേമാ–എല്ലാം ഒത്തുപിടിച്ചപ്പോൾ ബ്രിട്ടൻ കുനിയേണ്ടിവന്ന കഥയും അതിൽ വായിക്കാം.

* *

1921–ാമാണ്ട് ജനങ്ങളെ വശീകരിക്കുവാനായി അന്നത്തെ വെയിൽസ് രാജകുമാരൻ (ഇന്നു വിൻസർപ്രഭു) ഇൻഡ്യ സന്ദർശിച്ച കാലം ഗാന്ധിജിയുടെ നേതൃത്വത്തിൽ; കോൺഗ്രസ്സും, ഖിലാഫത്ത് കമ്മിററിയും, ജമായത്തുൽ ഉലേമയും രാജകുമാരൻെറ സന്ദർശനത്തെ ബോയ്ക്കോട്ടുചെയ്തു. രാജകുമാരൻ കപ്പലിറങ്ങിയപ്പോൾ ബോംബയിൽ പല എതിർ പ്രകടനങ്ങളും നടന്നു—വളരെ വികൃതമായ ലഹളകളും ഉണ്ടായി. രാജകുമാരൻ തികച്ചും ഒരു ജനാധിപത്യവാദിയായിരുന്നതുകൊണ്ടു ഗവമ്മെൻറ ഹൌസിൽനിന്ന് അജ്ഞാതവേഷത്തിൽ പുറപ്പെട്ടു പട്ടണം മുഴുവൻ ചുററിനടന്നു, യഥാർത്ഥസ്ഥിതിഗതികൾ മനസ്സിലാക്കി. അദ്ദേഹത്തെ ഇൻഡ്യയിലേക്കു ക്ഷണിച്ച അന്നത്തെ വൈസ്രോയിയായിരുന്ന റെഡിംഗുപ്രഭുവിനോടു രാജകുമാരൻ കയർത്തു തട്ടിക്കയറിയെന്നുപോലും പറയപ്പെട്ടിരുന്നു. രാജകുമാരൻ കൽക്കട്ടാ സന്ദർശിക്കാനും പരിപാടിയുണ്ടായിരുന്നു. അവിടത്തെ ബഹിഷ്കരണ പരിപാടി കുറെക്കൂടി ഊർജ്ജിതവുമായിരുന്നു. കൂടുതൽ അമളി പററാതിരിക്കാനായി റെഡിംഗുപ്രഭു ഗാന്ധിജിയെ ക്ഷണിക്കുകയും ഉപരാജ്യപദവിക്കു സദൃശമായ ഒരു ഭരണഘടന ഇൻഡ്യക്കു നൽകാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു.

എന്നാൽ അന്നു ഗാന്ധിജി എന്താണു ചെയ്തതു്?

സ്വന്തം സഹപ്രവർത്തകരായ മൌലാനാ മുഹമ്മദലിയേയും ഷൌക്കത്താലിയെയും ജയിലിൽനിന്നു മോചിപ്പിക്കുകയും സൌഹാർദ്ദസംഭാഷണത്തിനു് അവരെക്കൂടി ക്ഷണിക്കുകയും ചെയ്തെങ്കിലല്ലാതെ യാതൊരു കൂടിയാലോചനയ്ക്കും താൻ ഒരുക്കമില്ലെന്നു ഗാന്ധിജി വൈസ്രോയിയോടു തുറന്നുപറഞ്ഞു. റെഡിംഗുപ്രഭു അതിനു വിസമ്മതിച്ചു. അങ്ങനെ, 1921 ഡിസംബറിൽ ഇൻഡ്യക്ക് ഉപരാജ്യപദവി ലഭിക്കാനുണ്ടായിരുന്ന സുവർണ്ണാവസരം ഗാന്ധിജി അലിസഹോദരന്മാർക്കുവേണ്ടി ബലികഴിച്ചു. അന്നു താൻ വൈസ്രോയിയുടെ ക്ഷണം സ്വീകരിച്ചിരുന്നുവെങ്കിൽ, ഖിലാഫത്ത് പ്രക്ഷോഭണം പരാജയപ്പെടുമായിരുന്നുവെന്നുള്ള ഏക ഭീതിയാണ് ഈ നിരാകരണത്തിനു ഗാന്ധിജിക്കു പ്രേരകമായതു്. അതെ, 1921–22–ൽ ഖിലാഫത്ത് പ്രക്ഷോഭണത്തിനുവേണ്ടി എന്തെല്ലാം ത്യാഗങ്ങൾ ഗാന്ധിജി ചെയ്തിട്ടില്ല!

* * *

ചരിത്രത്തിലെ ഈ ഏടുകൾ മുസ്ലീങ്ങൾ മറക്കാറുണ്ടോ!

ചെറുകഥ

# അഞ്ചൽശിപായി

(എസ്. കെ. ആർ. കമ്മത്ത്)

ദിനം കാലത്ത് എട്ടുമണിക്ക് ആ അഞ്ചലാപ്പീസിന്റെ ജനാലയുടെ മുമ്പിൽ ആളുകൾ എഴുത്തുകളും പ്രതീക്ഷിച്ച് അങ്ങനെ കൂട്ടമായി നിൽക്കുന്നതു കാണാം.

ജനാലയിൽക്കൂടി ഉള്ളിലേക്കു നോക്കിയാൽ, കുന്നുകൂടിക്കിടക്കുന്ന എഴുത്തുകൾ മേൽവിലാസം നോക്കി പ്രത്യേകം മാറ്റിവയ്ക്കുന്ന ജോലിയിൽ മുഴുകി, കുനിഞ്ഞ് നിശ്ശബ്ദനായി ഇരിക്കുന്ന ഒരു മനുഷ്യനേയും കാണാം. കീറിയതും മുഷിഞ്ഞതും മുട്ടോളംമാത്രമെത്തുന്നതുമായ ഒരു മുണ്ട്, പല ഭാഗത്തും വിവിധവർണ്ണത്തുണികൾകൊണ്ട് തയ്ച്ചതും കൈയില്ലാത്തതുമായ ഒരു ഉടുപ്പ് —അതാണ് വേഷം. കണ്ണുകൾ കുഴിഞ്ഞ്, കവിളുകളൊട്ടി, രക്തപ്രസാദമില്ലാത്ത മുഖം. അകാലനര ബാധിച്ച തല. മാംസശൂന്യമായ കൈകളും കാലുകളും. അതാണ് കറുപ്പച്ചേട്ടൻ—അഞ്ചൽശിപായി.

എഴുത്തുകൾ മിക്കവാറും തിരഞ്ഞെടുത്തു വച്ചു കഴിയുമ്പോൾ കറുപ്പച്ചേട്ടന്റെ നേരെ ചോദ്യങ്ങൾ പാഞ്ഞുചെല്ലുകയായി.

“ചേട്ടാ, എനിക്കു വല്ലതുമുണ്ടോ?” അങ്ങനെ ഒരാൾ ചോദിക്കും.

കറുപ്പച്ചേട്ടൻ തലയൊന്നുയർത്തി ചോദ്യകർത്താവിനെ നോക്കും. വല്ല എഴുത്തുമുണ്ടെങ്കിൽ പുഞ്ചിരി തൂകിപ്പറയും:- “ഉണ്ട്. ഒരു [illegible] എഴുത്താ. ഉദ്യോഗക്കാര്യം എന്തോ ആ—ഭാഗ്യം വരുമ്പം കറുപ്പച്ചേട്ടനെ മറക്കല്ലെ. ദൈവം അനുഗ്രഹിക്കട്ടെ.”

അത്രയും പറഞ്ഞ് ഒരു സർക്കാർ കവർ എടുത്ത് ഏല്പിക്കും. വീണ്ടും തല കുനിച്ച് ഇരിക്കും. തല കുനിക്കും മുമ്പേ പുഞ്ചിരി മായും.

“ചേട്ടാ, മകന്റെ കത്തു വല്ലതുമുണ്ടോ?” അങ്ങനെ മറ്റൊരു ചോദ്യം പുറപ്പെടും.

ആ തലയുയരും. ആ പുഞ്ചിരി പ്രകാശിക്കും.

“ഉണ്ട്. മകന്റേതുതന്നെയാണെന്നാ തോന്നുന്നെ. ഇപ്പം മകന് എന്തുവാ ജോലി? സുഖം തന്നല്ലേ. ദൈവം അനുഗ്രഹിക്കട്ടെ.”

കറുപ്പച്ചേട്ടൻ എഴുത്തെടുത്തു കൊടുക്കും. അനന്തരം പുഞ്ചിരി മായും. തല കുനിയും.

“ഇന്നും ഇല്ലയോ ചേട്ടാ, ഒന്നും.” അതു നിരാശ നിറഞ്ഞ ഒരു ചോദ്യമാണ്. നിയമനവും പ്രതീക്ഷിച്ചു കഴിയുന്ന ഒരു ഒൻപതാംക്ലാസ്സുകാരന്റേതായിരിക്കും.

കറുപ്പച്ചേട്ടന്റെ തലയുയരും; പക്ഷേ പുഞ്ചിരി കാണുകയില്ല. പകരം അനുകമ്പ നിറഞ്ഞ ഒരു നോട്ടം.

“കുഞ്ഞു വിഷമിക്കണ്ട. നാളെ തീർച്ചയായും എഴുത്തുകാണും. കറുപ്പച്ചേട്ടനാ പറയുന്നതെന്നു കണ്ടോ. ദൈവം അനുഗ്രഹിക്കും കുഞ്ഞേ.”

ആരോടും ഇല്ലെന്നു പറയുക കറുപ്പച്ചേട്ടനു വിഷമമാണ്.

പത്തുമണിയാകുമ്പോഴേക്കും ആളുകളെല്ലാം പൊയ്ക്കഴിയും. ജനാലയിൽക്കൂടി വെളിയിലേക്കു നോക്കി ആരും ഇല്ലെന്നു കാണുമ്പോൾ കറുപ്പച്ചേട്ടൻ ജനാലയുടെ കീഴിൽനിന്നും പയ്യെ എഴുന്നേൽക്കും. ബാക്കിയുള്ള എഴുത്തുകളെല്ലാം ഒന്നായി അടുക്കി കെട്ടിവയ്ക്കും. എന്നിട്ട് കതകിൽ ഇട്ടിട്ടുള്ള വിയർപ്പുനാറുന്ന തോർത്തു തോളത്തിട്ട് എഴുത്തുകെട്ടുമായി വെളിയിലേക്ക് ഇറങ്ങുകയായി. കഴിയുന്നതും വേഗം എഴുത്തുകളെല്ലാം മേൽവിലാസക്കാർക്കു കൊടുക്കുവാനുള്ള സംരംഭമാണു പിന്നീട്. ചുരുങ്ങിയത് ആയിരത്തിഅഞ്ഞൂറു കത്തുകളെങ്കിലും നാൾതോറും പട്ടണത്തിൽ വിതരണം ചെയ്യുവാനുണ്ടാവും. പത്തുമണിക്ക് അഞ്ചലാപ്പീസിൽനിന്നും ഇറങ്ങിയാൽ വൈകുന്നേരം ആറുമണിവരെ കറുപ്പച്ചേട്ടന് ആ ജോലിയാണ്. ഒരു നിമിഷം പോലും വിശ്രമിക്കാതെ വിതരണം ചെയ്താലേ സന്ധ്യയ്ക്കെങ്കിലും ആ ജോലി തീരുകയുള്ളു. അക്കാരണത്താൽ ആ ജീവനുള്ള ഇരുകാൽവണ്ടി എപ്പോഴും പ്രവൃത്തി എടുത്തുകൊണ്ടേ ഇരിക്കും. ചിലപ്പോൾ അതു കേറ്റം കേറുന്നതു കാണാം. ചിലപ്പോൾ ഇറക്കം. മറ്റു ചിലപ്പോൾ വയലുകളിലെ രണ്ടു ചാൺ വീതിയുള്ള വരമ്പുകളിൽക്കൂടി. വെയിൽകാലത്ത് വെയിലേറ്റ്. മഴക്കാലത്ത് മഴനനഞ്ഞ്. അങ്ങനെ ആണ്ടിൽ മുന്നൂറ്റി അറുപത്തി അഞ്ചുദിവസവും.

ചിലപ്പോൾ നടന്നു കഴഞ്ഞ്, മുന്നോട്ട് ഒരു ചുവടുപോലും വയ്ക്കുവാനുള്ള കഴിവില്ലാതെ വരുമ്പോൾ കറുപ്പച്ചേട്ടൻ വഴിവക്കിൽ സ്വയം അറിയാതെ ഇരുന്നുപോകും. [illegible] ഉടൻതന്നെ [illegible] മുന്നോട്ടു നടക്കുകയും ചെയ്യും. തന്നെ പ്രതീക്ഷിച്ചു പലരും ഇരിപ്പുണ്ടെന്നു കറുപ്പച്ചേട്ടൻ ഓർമ്മിക്കും. [illegible] അവരോടു [illegible] ഉത്തരവാദിത്വമുണ്ടെന്ന് അയാൾക്ക് അറിയാം.

സ്നേഹപൂർവ്വവും വിനയപൂർവ്വവുമാണ് കറുപ്പച്ചേട്ടന്റെ പെരുമാറ്റം, ആളുകളോട്. അക്കാര്യത്തിൽ വലിയവനെന്നും ചെറിയവനെന്നും വ്യത്യാസമില്ല. ചില സമയം മണിയോർഡർ കിട്ടുന്ന ആളുകൾ തുക പറ്റിക്കഴിയുമ്പോൾ കറുപ്പച്ചേട്ടന്റെ നേരെ “ചില്ലറ” എടുത്തു നീട്ടാറുണ്ട്. കറുപ്പച്ചേട്ടൻ അതു വാങ്ങിക്കാതെ നടന്നുകളയും. കൈക്കൂലി വാങ്ങുക ആ അഭിമാനിക്കു ഹിതമല്ല.

എഴുത്തുകൾ വിതരണംചെയ്തു തിരിച്ച് സന്ധ്യയ്ക്ക് അഞ്ചലാപ്പീസിൽ മടങ്ങിച്ചെല്ലുമ്പോൾ കറുപ്പച്ചേട്ടനു മറ്റു ജോലികൾ ഉണ്ടാവും. അന്നു പെട്ടിയിൽ ഇട്ടിട്ടുള്ള എഴുത്തുകൾ എടുക്കുക, മുദ്രയടിക്കുക, തരം തിരിക്കുക, പൈ കെട്ടുക, അഞ്ചൽ ബസ്സു വരുമ്പോൾ പൈകളെടുത്ത് ബസ്സിൽ ഇടുക—അതെല്ലാം കഴിയുമ്പോൾ മണി പത്തോളമാകും. പിന്നീട് അഞ്ചൽ മാസ്റ്ററുടെ വീട്ടിലേക്ക് പിറ്റേന്ന് ആവശ്യമുള്ള പച്ചക്കറി, പലവ്യഞ്ജനം, മുതലായവ വാങ്ങിച്ചുകൊണ്ടു കൊടുക്കണം. അപ്പോഴേക്കു മണി പതിനൊന്ന് പതിനൊന്നരയൊക്കെയാകും. അതിനു ശേഷമുള്ള ഏഴോ എട്ടോ മണിക്കൂർ സമയമാണ് കറുപ്പച്ചേട്ടന്റെ വിശ്രമത്തിനുള്ളത്. കാലത്ത് ആറരമണിക്ക് അഞ്ചലാപ്പീസിൽ എത്തിയേ തീരൂ.

കറുപ്പച്ചേട്ടനെ അറിയാത്തവർ ആ പ്രദേശത്ത് ആരും ഇല്ല. കറുപ്പച്ചേട്ടനെ കാത്ത് ദിവസവും അക്ഷമയോടെ ഇരിക്കുന്നവരും ചുരുക്കം. ദൂരെനിന്നൊന്നു കറുപ്പച്ചേട്ടന്റെ തലവെട്ടം കണ്ടാൽമതി, ആളുകളുടെ നോട്ടം അവിടെനിന്നും മാറുകയില്ല. അവരുടെ എത്ര എത്ര സുഖപ്രതീക്ഷകളാണ് കറുപ്പച്ചേട്ടന്റെ കയ്യിലുള്ളത്! അവരുടെ ഹൃദയം ദ്രുതമായി തുടിക്കും. അവരുടെ ഭാവനകൾ ഉയരും.

“കറുപ്പച്ചേട്ടാ, വന്നാട്ടെ, വന്നാട്ടെ.” സ്വാഗതവചസ്സുകൾ ഉച്ചത്തിൽ കേൾക്കാം. അതെ, കറുപ്പച്ചേട്ടൻ അവരുടെയെല്ലാം ജീവനാഡിയാണ്.

പതിന്നാലുവർഷങ്ങളായി ആ അഞ്ചൽശിപായി അവിടെ വന്നിട്ട്. അന്ന് അയാൾ ചെറുപ്പമായിരുന്നു. മുഖത്തു നല്ല രക്തപ്രസാദമുണ്ടായിരുന്നു. ഇന്ന് അയാൾക്കു മുപ്പത്തിയഞ്ചു വയസ്സു പ്രായമേയുള്ളു. എങ്കിലും അന്നത്തേതിൽനിന്നും അയാൾ ഇന്നു വളരെ വ്യത്യാസപ്പെട്ടുപോയി. അയാൾ വാർദ്ധക്യത്തിലേക്കു കാലൂന്നി.

അന്ന് അവിവാഹിതനായ ചെറുപ്പക്കാരൻ - ഇന്നു മൂന്നു കുട്ടികളും ഒരു ഭാര്യയും ഉള്ള കുടുംബത്തിന്റെ നാഥൻ. അന്ന് അയാൾക്ക് അല്ലലെന്തെന്ന് അറിഞ്ഞുകൂടാ. ഇന്ന് അല്ലലൊഴിഞ്ഞ സമയമില്ല. പക്ഷേ അന്നും ഇന്നും ഒന്നുമാത്രം വ്യത്യാസപ്പെട്ടിട്ടില്ല. അയാളുടെ ശമ്പളം.

അഞ്ചലാപ്പീസിൽ നിന്നു ജോലി കഴിഞ്ഞു വീട്ടിലേക്കു തിരിക്കുമ്പോഴാണ് ആ ശിപായിയുടെ തലച്ചോറിൽ വിഷാദാത്മകമായ ചിന്തകളുയരുക. അയാൾ കഴിഞ്ഞുപോയ കാലത്തെപ്പറ്റി സ്മരിക്കും. അക്കാലം എത്ര ആനന്ദപ്രദമായിരുന്നു! അന്നു ജീവിക്കാൻ എത്ര ചുരുങ്ങിയ ഒരു തുക മതിയായിരുന്നു! ഇന്നു ഒരാളുടെ ജീവിതം കഴിച്ചുകൂട്ടുവാൻ പോലും തന്റെ ശമ്പളം തികയുകയില്ലെന്ന് അയാൾക്കറിയാം. അന്ന് ഒരു [illegible] ചക്രം കൊടുത്താൽ ഇടങ്ങഴി അരി കിട്ടുമായിരുന്നു. ഒരു ചക്രത്തിന് അഞ്ചും ആറും റാത്തൽ കപ്പക്കിഴങ്ങും കിട്ടുമായിരുന്നു. ഒരാൾക്കു സുഖമായി കഴിയാൻ അന്നു ദിവസം അഞ്ചുചക്രം മതി. അയാൾക്കു അന്നെല്ലാം ശമ്പളത്തിൽനിന്നും ഒരു നല്ലതുക മിച്ചമാക്കുവാൻ സാധിച്ചിട്ടുണ്ട്. അഞ്ചുസെന്റു പുരയിടം, ഒരു വീട്, ഒരു പറ നിലം, ഇത്രയും സ്വന്തമാക്കുവാൻ ആ മിച്ചത്തുക അയാളെ സഹായിച്ചിട്ടുമുണ്ട്. ഇന്ന് അവയിൽ ഒന്നും അവശേഷിച്ചിട്ടില്ല. ഇന്ന് അവശേഷിച്ചിട്ടുള്ളത് മാറാചിലതെല്ലാമാണ്. പട്ടിണി കിടക്കുന്ന ഒരു ഭാര്യ, മൂന്നുകുട്ടികൾ, കുറേ കടം. അയാൾ ചില അവസരങ്ങളിൽ ഏതൊ [illegible]യോടെ ചോദിച്ചുപോകും— താൻ എന്തിനു വിവാഹം കഴിച്ചു? അവരെ എന്തിനു പെറ്റ?

പട്ടണത്തിൽനിന്നും ഒരു മൈൽ അകലെയാണ്—തൊണ്ടുമൂടുന്ന ഒരു തോട്ടിന്റെ കരയ്ക്കുള്ള ഒരു പുരയിടത്തിലാണ്—ആ വീട്. ഒരു നല്ല കാററടിച്ചാൽ അത് മറിഞ്ഞുവീഴും. മഴക്കാലത്ത് കുടയില്ലാതെ കഴിഞ്ഞുകൂടുക പ്രയാസം. മൂന്നുകൊല്ലമായി മേഞ്ഞിട്ട്. മേയിക്കാൻ ചുമതലപ്പെട്ട ആളിന്റെ കൈയ്യിൽ പണമില്ല—മറെറാരുവിധത്തിൽ പറഞ്ഞാൽ അവിടെ കുറപ്പുചേട്ടനാണു താമസം, കുടുംബത്തോടുകൂടി.

രാത്രികാലങ്ങളിൽ എല്ലാവരും ഉറങ്ങിക്കഴിയുമ്പോഴും, ഉറങ്ങാത്ത രണ്ടുപേരുണ്ട്. ഉറക്കം വരാഞ്ഞിട്ടാണ്. വയറും ഹൃദയവും കത്തുമ്പോഴും എങ്ങിനെ ഉറക്കം വരും? മററാരുമല്ല കുറപ്പുചേട്ടനും ഭാര്യയും.

അവിടെ അരികണ്ടിട്ട് നാളേറെയായി. ബജറാ ആർക്കും വേണ്ടാത്തതാണ്. റാഷൻ ഇനത്തിൽ കിട്ടുന്ന ആ സാധനം ആളുകൾ കിട്ടുന്ന വിലയ്ക്കു വിൽക്കും. അത് മനുഷ്യർ തിന്നാത്ത സാധനമാണ്. ആ വീട്ടുകാർ അതാണു തിന്നുക. അവർ ചക്കക്കുരു വേവിച്ച് തിന്നാറുമുണ്ട് കുറേ വെള്ളവും കുടിക്കും.

ആ വീട്ടിലെ കുട്ടികൾ അച്ഛനെ ശരിക്കു കണ്ടിട്ടുപോലുമുണ്ടോ എന്നു സംശയമാണ്. കാലത്ത് ആറുമണിക്കുതന്നെ അയാൾ വീട്ടിൽനിന്നും ഇറങ്ങിത്തിരിക്കും. മടങ്ങിവരുന്നത് രാത്രി പന്ത്രണ്ടുമണിക്ക്. കുട്ടികൾ ഉറങ്ങിയതിനു ശേഷവും ഉണരുന്നതിനു മുമ്പുമുള്ള സമയത്തു മാത്രമേ അയാളെ അവിടെ കാണുകയുള്ളു. കുട്ടികളുടെ പരാതിയെല്ലാം അമ്മയോടാണ്.

"അമ്മേ, എനിക്കീ ബജറാക്കഞ്ഞിയും ചക്കക്കുരു വേവിച്ചതും ഇനി വേണ്ട. അരിക്കഞ്ഞി മതി," മൂത്ത കുട്ടിയുടെ ആവലാതി ചിലപ്പോൾ അങ്ങിനെ പുറപ്പെടും.

അതിനെത്തുടർന്ന് രണ്ടാമത്തവൻ സങ്കടം ബോധിപ്പിക്കും;—അമ്മേ, ഇതു തിന്നു തിന്ന് എന്റെ വയറു നോവുന്നമ്മെ. ഇനി എന്നാ, അമ്മേ, അരിക്കഞ്ഞി?"

"അച്ഛൻ വരട്ടെ, മക്കളെ. ഞാൻ പറയാം," അമ്മ സമാധാനം നൽകും.

രാത്രിയിൽ; അസമയങ്ങളിൽ, അവിടെ ഭാര്യയും ഭർത്താവും സംസാരിക്കുന്നതു കേൾക്കാം. "ദൈവമേ! ഇനിയും ഈ കഷ്ടപ്പാട് എത്ര നാൾ സഹിക്കണം," ഭാര്യയുടെ സങ്കടസ്വരം ഉയരും.

"എടീ, താമസിയാതെ ശമ്പളം കൂട്ടിക്കിട്ടും. പിന്നെ എല്ലാവർക്കും സുഖമായി കഴിയാമെടീ," കുറപ്പുചേട്ടൻ ആശ്വസിപ്പിക്കും.

"ഓ, ഇതു എത്ര കാലമായി കേൾക്കുന്നു. എന്റെ കുട്ടികൾ, ദൈവമേ!—അവരും ഇങ്ങനെ—," ഗൌരിയമ്മ വിങ്ങിക്കരയും.

"എന്റെ പൊന്നു ഗൌരീ—നീ കരയാതെ. താമസിയാതെ ശമ്പളം കൂട്ടിക്കിട്ടുമെന്ന് എനിക്കുറപ്പുണ്ടെടി. ഞാൻ ഈ സങ്കടമെല്ലാം അടക്കുകയാ. ആരോടു പറയാനാ? ആരു കേൾക്കാനാ? കുറപ്പുചേട്ടൻ പറയും.

ഒരുനാൾ കുട്ടികൾ ഉറക്കമിളച്ച് അച്ഛനെ കാണാൻ കാത്തിരുന്നു. പന്ത്രണ്ടു മണിക്ക് കുറപ്പുചേട്ടൻ വീട്ടിൽവന്നു.

മൂത്തകുട്ടി, കുട്ടപ്പൻ, അടുത്തുചെന്നു. അവൻ അതുവരെ അടക്കിവച്ച സങ്കടം പൊട്ടിപ്പുറപ്പെട്ടു. കണ്ണുനീർ ധാരധാരയായി ഒഴുകി. ഗദ്ഗദസ്വരത്തിൽ അവൻ പറഞ്ഞു.

"അപ്പാ—ഇന്ന്—ഇന്ന്—സാറ്— എന്നെ—വെളി—വെളി—വെളിക്കാക്കി."

കുറപ്പുചേട്ടൻ രണ്ടാംമുണ്ടെടുത്ത് അവന്റെ കണ്ണുനീർ തുടച്ച്, ചോദിച്ചു:—

"എന്തുകൊണ്ടാ മോനേ?"

"വെളുത്തമുണ്ട് - ഉടുത്തോണ്ട് - ഉടുത്തോണ്ട് — ചെല്ലാഞ്ഞതിന് —എനിക്കില്ലെന്ന് —ഞാൻ പറഞ്ഞച്ഛാ —കുട്ടികളെല്ലാം—എന്നെ ഊശി - ഊശി - ഊശി അടിച്ചച്ഛാ."

"കരയാതെ മോനെ. അച്ഛൻ നാളെ ഏട്ടു കാശിന് സോപ്പു മേടിച്ചോണ്ടു വരാം. ഇനി മുണ്ടു വെളുപ്പിച്ചേച്ച്," മോൻ പോയാമതി. കേട്ടോ?

കുറപ്പുചേട്ടൻ വീണ്ടും രണ്ടാംമുണ്ടെടുത്ത് അവന്റെ കണ്ണുനീർ തുടച്ചു.

അതിനകം രണ്ടാമത്തെ മകൻ, തങ്കപ്പൻ, അച്ഛന്റെ സമീപം വന്നുകഴിഞ്ഞു. അവൻ അന്ന് ക്ലാസ്സിൽ രണ്ടു തവണ ഛർദ്ദിച്ചു; സന്ധ്യയ്ക്കു ശേഷം നാലു പ്രാവശ്യം വയറിളകി; വയറിനകത്തെ വേദന സഹിക്കുക വയ്യ; അയൽവീട്ടിലെ പൊന്നപ്പൻ മരിച്ചുപോയതു് അങ്ങനെയൊക്കെ ഉണ്ടായിട്ടാണെന്ന് അവിടത്തെ വാല്യക്കാരൻ നാണു അവനോടു പറഞ്ഞു. താനും മരിച്ചുപോകുമോ എന്നാണ് അവന്റെ ഭയം?

കുറപ്പുചേട്ടൻ അവനെയും ആശ്വസിപ്പിച്ചു:— "മോൻ പേടിക്കാതെ. നാണു ചുമ്മാ പറഞ്ഞതാ മോനേ. അച്ഛൻ നാളെ വരുമ്പം മോന് മരുന്നുമേടിച്ചോണ്ടു വരാം. പേടിക്കാതെ."

അടുത്ത മുറ, പാറുക്കുട്ടിയുടേതാണ്. അവൾ പരാതി തുടങ്ങി. അവൾക്ക് ഒരു പാവാട തയ്പിച്ചു കൊടുക്കാമെന്ന് അച്ഛൻ ഒരു മാസംമുമ്പു പറഞ്ഞതാണ്. അവൾ ഉടുക്കുന്ന പാവാട അശേഷം കീറിപ്പോയി. ഉടുത്താൽ ചന്തി കാണാം. ബംഗ്ലാവിലെ പണിക്കരേമാനന്റെ മകൾ "ചന്തി കാണിക്കാതെടീ, പെണ്ണേ!" എന്നു പറഞ്ഞ് ക്ലാസ്സിൽ വച്ച് അവളെ നാണിപ്പിക്കാറുണ്ട്.

കുറപ്പുചേട്ടൻ അവളെയും ആശ്വസിപ്പിച്ചു:— "എന്റെ മോളേ ഞാൻ ശമ്പളം മേടിക്കുമ്പം നല്ല പാവാട തയ്പിച്ചു തരാം. അതുവരെ മോള് കീറിയേടം ഇന്നിത്തയ്പ്പിച്ച് പള്ളിക്കൂടത്തിപ്പോണം, കേട്ടോ? ആ കൊച്ചു പെട്ടിയകത്ത് ഇത്തിരി നൂലും സൂചിയും ഇരിപ്പുണ്ട് മോളെ. അതെടുത്ത് മോള് നാളെ അമ്മയുടെ കൈയിൽ കൊടുത്തോ."

പാറുക്കുട്ടിയും പായയിൽ ചെന്നു കിടന്നു. അതിനകം കുട്ടപ്പൻ ഉറക്കമായിക്കഴിഞ്ഞു. തങ്കപ്പൻ വയറുതടവി, വിങ്ങിക്കരഞ്ഞ്, കിടക്കുകയാണ്. കുറപ്പുചേട്ടൻ നിശ്ശബ്ദമായി, ഇടയ്ക്കിടെ ദീർഘശ്വാസവും വിട്ട്, അങ്ങനെ ഇരുന്നു. തന്റെ തുച്ഛമായ ശമ്പളംകൊണ്ട് ഇങ്ങനെ എത്ര നാൾ കഴിയുമെന്ന് അയാൾ നിറഞ്ഞ അസംതൃപ്തിയോടും വിഷാദത്തോടും കൂടി ആലോചിക്കുകയാണ്. തന്റെ കുട്ടികൾക്കും തന്റെ ഭാര്യയ്ക്കും തനിക്കും ഈ നരകത്തിൽ നിന്നും ഒരു കാലത്തും മോചനം കിട്ടുകയില്ലേ എന്ന് അയാൾ സ്വയം ചോദിക്കുകയാണ്. അടുത്തമാസം മുതൽ ശമ്പളം കൂട്ടിക്കിട്ടും എന്ന പ്രതീക്ഷയോടെ എത്ര എത്ര മാസങ്ങൾ അയാൾ കഴിച്ചുകൂട്ടി! ശമ്പളം കൂട്ടി കിട്ടിയാൽ നിവൃത്തിക്കേണ്ട ജീവിതാവശ്യങ്ങളെപ്പററി എത്ര എത്ര പ്രാവശ്യം ഭാവന ചെയ്തിട്ടുണ്ട്! കുട്ടികൾ വയറു വിശക്കാതെ കഴിയുന്നതു കാണുവാനും അവരെ നല്ല വസ്ത്രമുടുപ്പിച്ച് പള്ളിക്കൂടത്തിലേക്ക് അയക്കുവാനും അയാൾക്കു ആഗ്രഹമില്ലേ? അതിനുള്ള കഴിവില്ലായ്മയെക്കുറിച്ച് ഓർത്ത് ആ പിതാവിന്റെ ഹൃദയം എത്രതവണ കരഞ്ഞിട്ടുണ്ട്! പിന്നെ ഭാര്യ — അവളും നിശ്ശബ്ദമായി പലതും സഹിക്കുകയല്ലേ? ആരെയും അറിയിക്കാതെ അവൾ എത്രയോ ദിവസം മുഴുപ്പട്ടിണി കിടന്നിട്ടില്ലേ? ഒന്നരവർഷം മുമ്പ് അയാൾ അവൾക്കു വാങ്ങിച്ചുകൊടുത്ത മുണ്ട് എത്ര ഇടത്ത് കീറി! അവൾ അതുടുത്ത് എങ്ങനെ നാണംമറയ്ക്കുന്നു? എങ്കിലും അവൾ പ്രതിഷേധസൂചകമായി ഒരുവാക്കുപോലും അയാളോടു പറഞ്ഞിട്ടുണ്ടോ? അയാളുടെ ജീവിതംതന്നെ ദുഃഖകരങ്ങളായ പലത്യാഗങ്ങളും നിറഞ്ഞതായിരിക്കുമ്പോൾ അവൾ അല്ലെങ്കിൽ എന്താണു പറയുക? അയാൾ ദിവസവും കാലത്ത് ഉടുപ്പെടുത്തിടുമ്പോൾ അവൾ അതിൽനിന്നും കണ്ണെടുക്കാതെ നോക്കുന്നത് അയാൾ കണ്ടിട്ടില്ലേ? തയ്യൽക്കടകളിൽനിന്നും അയാൾ ശേഖരിച്ചുകൊണ്ടുവന്നിട്ടുള്ള തുണിക്കഷണങ്ങൾ ആ ഉടുപ്പിന്റെ കീറിയ ഭാഗങ്ങളിൽ തുന്നിപ്പിടിപ്പിച്ചിട്ടുള്ളത് അവളുടെ കരങ്ങളല്ലേ? മഴക്കാലത്തു നനഞ്ഞൊലിച്ചു അയാൾ വീട്ടിൽവന്നുകേറീട്ടുള്ളപ്പോഴെല്ലാം അവളുടെ മുഖത്തു എന്തെന്തു വികാരങ്ങളാണു സ്ഫുരിച്ചിട്ടുള്ളത്! പിന്നെ സ്വന്തം കാര്യത്തെപ്പററി പറയുവാൻ അവൾ എങ്ങനെ ധൈര്യപ്പെടും? എങ്കിലും ആ ഹൃദയം നീറുകയല്ലേ? അതു് അയാൾക്കു് അറിഞ്ഞുകൂടേ? അയാൾക്ക് അവളോടു പറയാനുള്ളത് ഒന്നു മാത്രമാണ്:—

"എടീ, താമസിയാതെ ശമ്പളം കൂട്ടിക്കിട്ടുമെടീ. അതു തീർച്ചയാണ്......"

ഭാര്യയുടെ വിളികേട്ട് കുറപ്പുചേട്ടൻ ചിന്താലോകത്തിൽനിന്നും ഉണർന്നു.

"നേരം അസമയമായി. കാലത്ത് ആപ്പീസിൽ പോകേണ്ടതല്ലേ? വല്ലതും കഴിച്ചു കിടന്നാട്ടെ," ഗൌരിയമ്മ പറഞ്ഞു.

"കുട്ടികൾ ഇന്ന് എന്തോ കഴിച്ചെടീ?" കുറപ്പുചേട്ടൻ ചോദിച്ചു.

"ചക്കക്കുരു വേവിച്ചുകൊടുത്തു. കഞ്ഞിവയ്ക്കാൻ ബജറാ ഇല്ലായിരുന്നു."

നിശ്ശബ്ദത.

കുറപ്പുചേട്ടൻ എണീററു. അയാൾ ആ കീറിയ പായ് എടുത്തു വിരിച്ച് കിടന്നു.

"എടീ, എനിക്കു വിശപ്പു തോന്നുന്നില്ല. ഇപ്പം ഒന്നും വേണ്ടെടീ," കുറപ്പുചേട്ടൻ പറഞ്ഞു.

"അയ്യോ! ഇന്ന് ഇതുവരെ പട്ടിണിയല്ലായിരുന്നോ? നാളെ എഴീച്ച് നടക്കണ്ടമല്ലോ. വന്നാട്ടെ, ഇത്തിരി ചക്കക്കുരു വേവിച്ചിട്ടുണ്ട്."

കുറപ്പുചേട്ടൻ മിണ്ടിയില്ല.

"കാലത്ത് കുട്ടികൾക്ക് എന്തോ ഉണ്ടെടീ?" ഒരു നിമിഷം കഴിഞ്ഞ് കുറപ്പുചേട്ടൻ ചോദിച്ചു.

നിശ്ശബ്ദത.....ഉത്തരം ഒരു നെടുവീർപ്പ്.

(ശേഷം 16-ാംപേജിൽ)

ത്രിവേണി


# രസനിരൂപണം

(കെ. വി. എം.)

(IV തുടർച്ച)

മേൽക്കാണിച്ചപ്രകാരമാണ് പ്രാചീനരീതിയിലുള്ള രസനിരൂപണം. മാറ്റൊലിയുടെ കർത്താവായ ശ്രീ. മുണ്ടശ്ശേരിയുടെ ദൃഷ്ടി ഇതിൽ വേറെ തരവിധത്തിലാണ് പോകുന്നത്. “ശൃംഗാരത്തിൽനിന്നു ഭക്തിയിലേക്ക്,, എന്നുള്ള തലയിലെഴുത്തോടുകൂടി മാറ്റൊലിയിൽ കുറെ ഭാഗങ്ങൾ എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറകയാണ്:- “ബൈബിൾക്കഥയെ ഒന്നഴിച്ചുകൂട്ടി നമ്മുടെ മഹാകവി, സ്വതന്ത്രമായൊരു കലാശില്പം തീർത്തു. അപ്പോൾ മറിയമായി അതിന്റെ കേന്ദ്രസ്ഥാനത്ത്. അംഗോപാംഗങ്ങൾക്കു തൽക്കാല ധോരണിയിൽ ആകർഷകത കുറഞ്ഞു. ശീമോൻ ആഭിജാത്യത്തിന്റെ മൂർത്തിയായി. വള്ളത്തോൾ നല്ലവരോടു തട്ടിക്കയറിയിട്ടുണ്ടെങ്കിൽ അതു ശീമോനോടാണ്. അത്രക്കു വേണ്ടിയിരുന്നുവോ? ഒരുപക്ഷെ, പാവങ്ങളുടെ തിരഞ്ഞെടുക്കപ്പെടാത്ത പ്രതിനിധിയായ മഹാകവിക്കു സ്വാഭാവികമായി മുതലാളിവർഗ്ഗത്തോടുള്ള അമർഷം ശീമോന്റെ നേർക്കും കത്തിക്കാളിയതായിരിക്കാം,, നിരൂപകന്റെ ഈ അഭിപ്രായം വായിക്കുമ്പോൾ വള്ളത്തോൾ കയ്യിൽ ഒരു വടിയുമെടുത്ത് കണ്ണുരുട്ടി പല്ലുകടിച്ച് ശീമോന്റെനേരെ ചാടുന്നതായി വായനക്കാർക്കു തോന്നിയെങ്കിൽ അതിലത്ഭുതമില്ല. എന്നാൽ വാസ്തവത്തിൽ കവി എന്താണു ചെയ്തത്? യേശുക്രിസ്തു ശീമോന്റെ അതിഥിയായി ചെന്നപ്പോൾ യഹൂദസമുദായത്തിലെ ആചാരമനുസരിച്ച് അദ്ദേഹം മുട്ടുകുത്തി ആദരിക്കാതെ പോയതിനെയും, ക്രിസ്തുവിന്റെ കൈ ചുംബിക്കാതിരുന്നതിനെയും, അതിഥികളെ ഗൃഹദ്വാരത്തിൽ വെച്ചു കാൽകഴുകിച്ച് അകത്തേക്കു പ്രവേശിപ്പിക്കുക എന്ന യഹൂദാചാരത്തെ ലംഘിച്ചതിനെയും കുറിച്ച് കവി ശക്തിയോടുകൂടി ഉപന്യസിച്ചിട്ടുണ്ട്. ഇതു യഥാർത്ഥത്തിൽ “അഴിച്ചുകൂട്ടാത്ത ബൈബിൾക്കഥതന്നെയാണ്. പക്ഷേ ഒരു വ്യത്യാസമുണ്ട്: ബൈബിൾക്കഥയിൽ യേശുക്രിസ്തു മറിയത്തിനു പാപമോചനം നൽകിയ സമയത്ത് ശീമോനോട് അരുളിച്ചെയ്യുന്നതായിട്ടാണ് ഇതു കാണുന്നത്. “ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽവന്നു; നീ എന്റെ കാലിനു വെള്ളം തന്നില്ല; ഇവളോ; കണ്ണുനീർകൊണ്ട് എന്റെ കാൽ നനച്ചു, തലമുടികൊണ്ടു തുടച്ചു. നീ എനിക്കു ചുംബനം തന്നില്ല. ഇവളോ ഞാൻ അകത്തുവന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല ഇവളോ പരിമളതൈലംകൊണ്ട് എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു.,, ശീമോന്റെ ആതിഥ്യമര്യാദാലംഘനത്തെ ബൈബിൾക്കഥയിൽ യേശുക്രിസ്തു ആക്ഷേപിച്ചു പറയുന്നു; വള്ളത്തോൾ ആ ഭാഗം മാറ്റി കവിവാക്യത്തിൽ അതു നിവേശിപ്പിച്ചിരിക്കുന്നുവെന്നേ വ്യത്യാസമുള്ളൂ. ഉദാരഹൃദയനായ ശ്രീ യേശുക്രിസ്തുവിന്റെ വാക്കായിപ്പറയുന്നതിനേക്കാൾ കവിവാക്യമായി പറയുന്നതിനാണ് ഈ വിഷയത്തിൽ ഔചിത്യമധികമുള്ളതെന്ന് ഔചിത്യവേദികൾ സമ്മതിക്കും. ക്രിസ്തു ശീമോന്റെനേരെ തട്ടിക്കയറിയിട്ടില്ലെങ്കിൽ വള്ളത്തോളും അങ്ങിനെ ചെയ്തിട്ടില്ല എന്നു നിസ്സംശയം പറയാം. കവിക്കു മുതലാളിവർഗ്ഗത്തോടുള്ള അമർഷം ശീമോന്റെ നേർക്കും കത്തിക്കാളിയതായിരിക്കാം,, എന്ന നിരൂപകന്റെ ഊഹം അകാരണമാണെന്നു ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

നിരൂപകൻ തുടർന്നു പറയുന്നു:- “ഭാഗവതം ദശമസ്കന്ധത്തിൽ, ഗോപാംഗനമാർക്കു ശ്രീകൃഷ്ണനിൽ തോന്നുന്നതായി വർണ്ണിതമായിട്ടുള്ള രതിഭാവമാണു വള്ളത്തോളിനു വഴി കാട്ടിയതെന്നു പറഞ്ഞാൽ അതു പിശകില്ല. ശ്രീകൃഷ്ണന്റെ സ്ഥാനത്തു ക്രിസ്തു നായകനായി, മറിയം നായികയും. വിശേഷിച്ചു “കുബ്ജയാം സൈരന്ധ്രി രാജാംഗരാഗതാലമ്പീജല്ലാക്ഷനെ ....,, പ്രീണിപ്പിച്ച കഥയാണു വള്ളത്തോൾ കൃതിയുടെ മൂശ. അതിനൊപ്പിച്ചു വാർത്തെടുത്തൊരു കൃതിയിൽ കാമനീയകം മഗ്ദലനമറിയത്തിനുമില്ലേ?,' ഇതു വായിക്കുമ്പോൾ നിരൂപകൻ മഗ്ദലനമറിയത്തിലെ രസത്തെ തെറ്റിദ്ധരിച്ചിട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഗോപാംഗനമാർക്കും സൈരന്ധ്രിക്കും ശ്രീകൃഷ്ണനിൽ തോന്നിയ രതിഭാവം “സാപരാനുരക്തിരീശ്വരെ,, എന്നു നിർവ്വചിക്കപ്പെട്ട ഭക്തിയാകുന്നു. ആ ഭക്തിക്കാണ് അതിൽ പ്രാധാന്യവും. മറിയത്തിലാകട്ടെ ഭക്തിക്കല്ല ശമത്തിനാണു പ്രാധാന്യം. ഇതേ കാരണത്താൽത്തന്നെ ഇതിൽ ശാന്തരസം പ്രധാനമാകയും ചെയ്യുന്നു. രതി എന്ന ഭാവം വിഷയഭേദമനുസരിച്ചു വിഭിന്നങ്ങളായ ഭാവങ്ങളുടെ പ്രധാനം. സ്ത്രീപുരുഷന്മാർക്കു തമ്മിലുള്ള രതി ശൃംഗാരമാകുന്നു. പുത്രനു പിതാവിന്റെയോ, ഗുരുവിനു ശിഷ്യന്റെയോ, പ്രജകൾക്കു രാജാവിന്റെയോ പേരിലുള്ള രതിയും സജ്ജനങ്ങൾക്കു ഈശ്വരവിഷയമായുണ്ടാകുന്ന രതിയും ഭക്തിയാകുന്നു. പിതാവിനു പുത്രന്റെയോ, ഗുരുവിനു ശിഷ്യന്റെയോ മറ്റോ പേരിലുള്ള രതി വാത്സല്യമാകുന്നു. പ്രകൃതത്തിൽ നായികയായ മറിയത്തിനു യേശുക്രിസ്തുവിന്റെ പേരിൽ തോന്നിയ രതിഭാവത്തെ ഭക്തി എന്നല്ലാതെ മറ്റൊരു പേർകൊണ്ടു പറയാൻ നിവൃത്തിയില്ല. എന്നാൽ മറിയത്തിനുണ്ടായ ക്രിസ്തുഭക്തിയിൽ കവി സംരംഭം വിശ്രമിക്കുന്നില്ല. ശമത്തിന്റെ പരമകാഷ്ഠയായ ശാന്തരസത്തിൽ എത്തിയാൽമാത്രമേ അതു വിശ്രമിക്കുന്നുള്ളു. ഈ സ്ഥിതിക്ക് ഗോപാംഗനമാരുടെ രതിഭാവമാണു വള്ളത്തോളിനു വഴികാട്ടിയതെന്നും, സൈരന്ധ്രി ശ്രീകൃഷ്ണനെ പ്രീതിപ്പെടുത്തിയ കഥയാണു വള്ളത്തോൾ കൃതിയുടെ മൂശ എന്നും പറഞ്ഞതിലെ അന്തർഗതം എന്താണെന്നു മനസ്സിലാകുന്നില്ല. വാസ്തവത്തിൽ വള്ളത്തോൾ ബൈബിൾക്കഥയിൽ നിന്ന് ഇതിവൃത്തം എടുത്തു, രസാനുഗുണങ്ങളായ ചില ഭേദഗതികൾ വരുത്തിയാണ് മഗ്ദലനമറിയം നിർമ്മിച്ചിട്ടുള്ളത്. അതിൽ അദ്ദേഹത്തിന് നിരന്തരകാവ്യഭാവനാ പരിപ



[illegible]

കമായ സാഹൃദത്വം തന്നെയാണ് "മൃശം"; അല്ലാതെ മറെറാരു മൃശവും ഉണ്ടെന്നു് തോന്നുന്നില്ല.

ശ്രീ. മുണ്ടശ്ശേരി "രതിഭാവത്തിന്റെ കാര്യം വീണ്ടും ഇങ്ങനെ ആവർത്തിക്കുന്നു:- "രതിഭാവത്തെ ഭക്തിഭാവത്തിന്റെ പ്രാഗ്രൂപമായ് കൊണ്ടുവരുന്ന പതിവു വളരെ ദുർഘടം പിടിച്ച ഒന്നാണ്. ബൈബിളിൽതന്നെ ആ സമ്പ്രദായത്തിനു് ഉദാഹരണങ്ങൾ വളരെക്കാണാം. എന്നാൽ മഗ്ദലനമറിയത്തിന്റെ കഥയിൽ അതൊട്ടില്ലാതാനും. സാധാരണക്കാർ ആ സമ്പ്രദായത്തിന്റെ കാഴ്ച പുറമേ കാണുകയുള്ളൂ; അപ്പോൾ പടിപ്പുരകണ്ടങ്ങിനെ നിന്നിട്ട വീട്ടിൽ കയറാതെ പോരുന്ന മട്ടാകും. ലൌകികമായ രതിഭാവത്തിന് അത്യപൂർണ്ണാകർഷണശക്തിയെന്നു പറയേണ്ടല്ലോ .... .... .... ചുരുക്കത്തിൽ വളരെ സൂക്ഷിച്ച മാത്രം പ്രയോഗിക്കേണ്ടൊരു പ്രതിപാദന രീതിയാണ് അതെന്നുറപ്പിച്ചു പറയാം!! രതിഭാവം തന്നെയാണ് ഈശ്വരവിഷയകമായി വരുമ്പോൾ ഭക്തി എന്നു പറയപ്പെടുന്നതെന്നു മുകളിൽ കാണിച്ചുവല്ലൊ. "രതിഭാവത്തെ ഭക്തിഭാവത്തിന്റെ പ്രാഗ്രൂപമായി കൊണ്ടുവരിക എന്നതു് വിമർശകൻ വിവക്ഷിക്കുന്ന അർത്ഥത്തെ ശരിക്കു കാണിക്കുന്നില്ല. "ശൃംഗാരത്തിൽ നിന്നു ഭക്തിയിലേക്ക്" സംക്രമിക്കുക എന്നായിരിക്കാം വിവക്ഷ എന്നൂഹിക്കുന്നു. അപ്രകാരമാണെങ്കിൽ അതെങ്ങനെ "ദുർഘടംപിടിച്ച" ഒന്നാകും? ശൃംഗാരത്തിനും ഭക്തിയ്ക്കും തമ്മിൽ പരസ്പരവിരോധമൊന്നും ഇല്ല. എന്തുകൊണ്ടെന്നാൽ, അവ രണ്ടിലും ഒരേ ഭാവംതന്നെയാണ് വിഷയഭേദംകൊണ്ടു് രൂപഭേദത്തെ പ്രാപിക്കുന്നതു്. ശൃംഗാര രസത്തിനും ശാന്തരസത്തിനുമാണ് പരസ്പരവിരോധമുള്ളതു്. പരസ്പരവിരോധികളായ രസങ്ങൾക്ക് അവ്യവഹിതവൃത്തിത്വം സംഭവിക്കാത്തതാകയാൽ മദ്ധ്യത്തിൽ മററു വല്ല ഭാവങ്ങളേയും പ്രതിപാദിക്കേണ്ടതു് അത്യാവശ്യമാണ്. മഗ്ദലനമറിയത്തിൽ മറിയം ശ്രീയേശുക്രിസ്തുവിന്റെ ദിവ്യോപദേശത്തെ കേൾക്കുന്നതുവരെ മാത്രമേ ശൃംഗാരം നിലനില്ക്കുന്നുള്ളു. അതിൻശേഷം മറിയം നിഷ്പന്ദയായി നിന്ന്, ആത്മപരിശോധന ചെയ്യുന്നു. ഇതു് ശൃംഗാരത്തിന്റെ മുമ്പിൽ ഒരു സേതുബന്ധമാകുന്നു. ഈ സേതുവിനെ ഭേദിക്കാനുള്ള ശക്തി ശൃംഗാരത്തിനില്ല. എന്തുകൊണ്ടെന്നാൽ, അതിനുമുമ്പിൽ ശാന്തരസത്തിന്റെ അനുഭാവങ്ങളും നിർവ്വേദാദികളായ വ്യഭിചാരിഭാവങ്ങളും ഒന്നിനുമേൽ ഒന്നായി ഉയർന്നുവരികയാണു ചെയ്യുന്നതു്. അതിനാൽ പൂർവ്വാനുവൃത്തമായ ശൃംഗാരരസം അവിടെ വെച്ചുതന്നെ വററി വരണ്ടു് അദൃശ്യമായിപ്പോകുന്നു. ഇത്രത്തോളം സാധിക്കുവാൻ കഴിഞ്ഞിട്ടുള്ള കവിയുടെ മുമ്പിൽ എന്തോ ഒന്നു മനസ്സിൽ സങ്കല്പിച്ചു് വലിയൊരു സാഹിത്യാചാര്യനെപ്പോലെ പലതും പറഞ്ഞുവിട്ടതു വലിയ സാഹസമായിപ്പോയി.

കഴിഞ്ഞില്ല; ഇനിയാണു രസം പിടിച്ച ഭാഗങ്ങൾ വരുന്നതു്. "മദ്ധ്യഖണ്ഡങ്ങളിൽ മറിയത്തിന്റെ പൂർവ്വചരിത്രവും മാനസപരിണാമവും വർണ്ണിച്ചതിനുശേഷം അവസാനത്തെ ഖണ്ഡത്തിൽ വെച്ചു അവളുടെ രതിഭാവത്തെ ഭക്തിയുടെ സ്ഥായീഭാവമായി പകർത്തിയെന്നു വരുത്താൻ", കവി ചില "പൊടിക്കൈകൾ" പ്രയോഗിച്ചിട്ടുണ്ടെന്നു പറഞ്ഞുവെച്ചു് "പങ്കമകന്നകണ്ണീരാൽ കഴുകിയ" എന്നു തുടങ്ങിയ കുറെ ഈരടികൾ നിരൂപകൻ പകർത്തുകയും അവയിൽ ചിലതിനു് കീഴ്‌വര ഇടുകയും ചെയ്തിരിക്കുന്നു. "ചെമ്പവിഴങ്ങൾ പതിക്കയായ് തന്വംഗിതൻ പരിപേലവ വായ്മലരാൽ- ഇന്നു നതാംഗിതൻ വക്ത്രം പവിത്രമായ്! ഇന്നു നിൻചുംബനം സ്ഥാനത്തായ്!" എന്നീ വരികൾക്കാണു കീഴ്‌വര ഇട്ടിട്ടുള്ളതു്. എന്നിട്ടു പറകയാണ്:- "ഈ വരികൾ എത്ര മനോഹരങ്ങളായാലും, എത്രയും ഭക്തിഭാവപരിണാമസൂചകങ്ങളായി ഉദ്ദേശിക്കപ്പെട്ടാലും തൽപൂർവ്വവർണ്ണിതമായ ശൃംഗാരത്തിൽ നിന്നു വായനക്കാരെ വ്യാവർത്തിക്കുവാൻ മതിയായിട്ടില്ല. മറിയത്തിന്റെ സൌന്ദര്യവും അതിനോടു കവിക്കുള്ള ആദരാതിശയവും വീണ്ടും തലപൊന്തിക്കുംപോലെ തോന്നും. പിന്നീടു കവി അവളെക്കൊണ്ടു പാടിക്കുന്ന സഗൽഗദമായ വീണാഗാനവും ഇടയ്ക്കു് ആ തേൻമൊഴിയാളുടെ തേങ്ങിക്കരച്ചിലും ഒടുവിൽ ........ ഓമലാളുടെ ആ തൃക്കഴൽ ചുംബിക്കലുമൊക്കെ ആ സൌന്ദര്യാദരത്തെ ഊതിപ്പിടിപ്പിക്കുന്നില്ലേ?", പാവപ്പെട്ട മറിയത്തിനു സ്വർഗ്ഗകർത്താവു് സമ്മാനിച്ചരുളിയ സ്വർഗ്ഗീയസൌന്ദര്യത്തെ സാരജ്ഞനായ കവി മാച്ചുകളയാൻ ശ്രമിച്ചിട്ടില്ലെന്നതു ശരിതന്നെ. എന്നാൽ ശ്രീയേശുവിന്റെ തൃപ്പാദങ്ങളിൽ മറിയം ചുംബിച്ചതിൽ എങ്ങനെയാണു മാറെറാലിക്കാരൻ ശൃംഗാരത്തിന്റെ ച്ഛായ കണ്ടതെന്നു മനസ്സിലാകുന്നില്ല. നാഥന്റെ തൃപ്പാദങ്ങളിൽ ചുംബിക്കുന്നതു ശൃംഗാരത്തിന്റെ അനുഭാവമാണോ? ആണെങ്കിൽ അപ്രകാരം ചെയ്യുന്നതു് സൌന്ദര്യം തൊട്ടുതെറിപ്പിച്ചിട്ടില്ലാത്ത ഒരു സാധാരണസ്ത്രീയാകുന്ന പക്ഷം എന്തുകൊണ്ടു ശൃംഗാരം കടന്നുകൂടുകയില്ല? ഭക്തയായ ഒരു സ്ത്രീ ക്രിസ്തുവിന്റെ തൃപ്പാദം ചുംബിക്കുന്നതും, കാമുകിയായ ഒരുവൾ കാമുകനെ ചുംബിക്കുന്നതും ഒരുപോലെയാണെന്നു വിചാരിക്കുവാൻ ശ്രീ. മുണ്ടശ്ശേരിയെപ്പോലെ നിപുണന്മാരായ സാഹിത്യകുശലന്മാർ സാഹസപ്പെടുന്നതാണു മഹാകഷ്ടമായിട്ടുള്ളതു്. മറിയം തന്റെ പൂർവ്വചരിത്രമോർത്തു നടുങ്ങുകയും, കേളീസൌധത്തെ ഭീഷണമായി കരുതുകയും, ഹംസതൂലശയനത്തെ ശൂലബാണികളായി വിചാരിക്കുകയും മററും ചെയ്തതായി സവിസ്തരം മുമ്പു വർണ്ണിക്കപ്പെട്ടിട്ടുണ്ടല്ലോ. എന്നിട്ടു പിന്നെയും അവൾ ക്രിസ്തുവിന്റെ തൃപ്പാദം ചുംബിച്ചതിലും തൈലാഭിഷേകത്തിലും മററും ശൃംഗാരഛായ കാണുവാൻ കഴിയുന്നതു് ഉൾക്കണ്ണിന്റെ വിഷമദർശനശക്തിയാൽ തന്നെയാണ്.

നിരൂപകൻ ഈ ഘട്ടം ഇങ്ങനെ ഉപസംഹരിക്കുന്നു:- "ശൃംഗാരത്തിൽ നിന്നുളയിട്ട് ഭക്തിഭാവത്തിലേക്കു കടക്കാൻ ശ്രമിച്ചില്ലെങ്കിൽതന്നെയും പാശ്ചാത്യപാദികളുടെ വർണ്ണനയിൽ വള്ളത്തോൾ പിന്നിലാവാനേ വഴിയുള്ളൂ. ഭവഭൂതിയിൽ നിന്നകന്നു കാളിദാസനോടു സമീപിക്കാനാണല്ലോ അദ്ദേഹം ആശിക്കാറ്", ഇപ്പറഞ്ഞതിനു് നിരൂപകൻ എന്തു താല്പര്യമാണു് വിവക്ഷിച്ചിട്ടുള്ളതെന്നു സ്പഷ്ടമാകുന്നില്ല. എന്തുതന്നെയായാലും 'പാശ്ചാത്യപാദികളുടെ വർണ്ണനയിൽ വള്ളത്തോൾ ഒട്ടും പിന്നിലല്ലെന്നു മഗ്ദലനമറിയം സ്പഷ്ടമാക്കുന്നുണ്ട്. ഭവഭൂതിയിൽ നിന്നു് അകലുവാനോ കാളിദാസനോട്ട് അടുക്കുവാനോ മഹാകവി വള്ളത്തോൾ ആശിക്കാറുണ്ടെന്നു് നിരൂപകൻ പ്രതിജ്ഞ ചെയ്തല്ലാതെ ഉദാഹരണം പറഞ്ഞുകാണുന്നില്ല. അതിനാൽ അതിനെക്കുറിച്ചു വിസ്തരിക്കുന്നില്ല.

വള്ളത്തോൾ കാവ്യകലയിൽ കറകളഞ്ഞ പരിജ്ഞാനവും കരൾനിറഞ്ഞ വാസനയുമുള്ള ഒരു കവിയാകുന്നു. മറിയത്തിന്റെ സൌന്ദര്യത്തിനു യാതൊരു ഹാനിയും വരുത്താതെ അവളെ ശ്രീയേശുദേവന്റെ കരുണക്കു പാത്രമാക്കി പാപത്തിൽനിന്നു മുക്തയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. സുന്ദരങ്ങളായ പദങ്ങളും അലങ്കാരഭംഗിയുള്ള പ്രതിപാദന രീതിയും വള്ളത്തോളിനു സ്വതസ്സിദ്ധമാണ്. അതു കണ്ടിട്ടു് അദ്ദേഹം എഴുതുന്നതെല്ലാം ശൃംഗാരമാണെന്നു വെറുതെയങ്ങു പറഞ്ഞാൽ അതു വിലപ്പോവുകയില്ല. ക്രിസ്തുവിനെപ്പോലെയുള്ള ആചാര്യന്മാരുടെ കഴൽ ചുംബിക്കുക എന്ന ആചാരക്രിയയും, മറിയത്തെക്കൊണ്ടു വള്ളത്തോൾ ചെയ്യിച്ചപ്പോൾ, ശൃംഗാരമായി കാണുന്ന നിരൂപകൻ ക്രിസ്തുവിനെ കാമിച്ചിട്ടാണ് മറിയം അദ്ദേഹത്തിന്റെ സന്നിധിയിലേക്കു ചെന്നതെന്നുകൂടി പറഞ്ഞില്ലല്ലോ എന്നു സമാധാനിക്കയേ നിവൃത്തിയുള്ളൂ. മറിയം ഒരഭിസാരികയാണെന്നു് പറഞ്ഞതോർക്കുമ്പോൾ അങ്ങനെയും പറഞ്ഞുകൂടായ്കയില്ല. ശേഷം ചിന്ത്യം.

★


# അർശോഘ്നം

എല്ലാവിധ മൂലവ്യാധികൾക്കും സുപ്രസിദ്ധമായ ശമനൌഷധം. ആദ്യഡോസിൽതന്നെ അതിശയനീയമായ ഫലം കാണിക്കും. രക്തംപോക്ക്, മുളയിറക്കം, മൂലംതടിപ്പ് മുതലായ ഉപദ്രവങ്ങളെ ഉടനടി ശമിപ്പിക്കും. കുടലിൽ പററിയിട്ടുള്ള കഫം, മലം കൃമി മുതലായ എല്ലാവിധ മാലിന്യങ്ങളേയും നീക്കി കുടലിനെ ശുദ്ധമാക്കും. സുഖവിരേചനത്തിനു് ആബാലവൃദ്ധം ഉപയോഗിക്കാം. സ്വർണ്ണമെഡലും അനവധി പ്രശംസാപത്രങ്ങളും ലഭിച്ചിട്ടുള്ളതു്.

തയ്യാർ ചെയ്യുന്നവർ

**ജീ. വി. ഫാർമസി,**

ഏററുമാനൂർ — തിരുവിതാംകൂർ.

# ഇൻഡ്യയിലെ ഗ്രാമങ്ങൾ

(മിസ്സിസ് കെ. ഏ. മാത്യു ബി. ഏ.)

ഏതൊരു രാജ്യത്തിലേയും ജനസമുദായത്തിന്റെ ജീവനാഡിയായിരിക്കുന്നതു് ആ രാജ്യത്തെ കർഷകജനതയാണു്. ഇൻഡ്യയിലെ ജനങ്ങളിൽ ഭൂരിപക്ഷവും കർഷകരാണു്. ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന ഏഴുലക്ഷം ഗ്രാമങ്ങളിലാണവർ ജീവിക്കുന്നതു്. രാജ്യത്തിന്റെ സുസ്ഥിതിയും പുരോഗമനവും ഈ കർഷകജനതയെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളതു നിസ്തർക്കമാണു്.

ഇൻഡ്യയിലെ ഗ്രാമങ്ങൾ അതിപ്രാചീനമായ ഘടകങ്ങളാണു്. അവയുടെ പൌരാണികത്വവും സുസ്ഥിരതയും ചരിത്രത്തിൽ അവയ്ക്കുള്ള പ്രാധാന്യത്തെ കുറിക്കുന്നു. ഇൻഡ്യാ പല വിദേശീയാക്രമണങ്ങൾക്കും ഇരയായിത്തീർന്നിട്ടുണ്ടെങ്കിലും, പല കലാപങ്ങളും യുദ്ധകോലാഹലങ്ങളും പ്രാചീനഭാരതത്തിലുണ്ടായിട്ടുണ്ടെങ്കിലും ഇൻഡ്യൻ ദേശീയജീവിതത്തിന്റെ പ്രധാനഘടകമായി ഇൻഡ്യൻ ഗ്രാമങ്ങൾ നിലനിന്നിട്ടുണ്ടെന്നുള്ളതു് എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണു്. ഭാരതസംസ്കാരത്തിന്റെയും പൊതുജീവിതത്തിന്റെയും ആണിക്കല്ലായിരുന്നിട്ടുള്ളതു് ഏഴുലക്ഷത്തോളം വരുന്ന ഗ്രാമങ്ങളാണു്. ഇൻഡ്യയുടെ രാഷ്ട്രീയ നഭോമണ്ഡലത്തിൽ കൂടെക്കൂടെ അടിച്ചുകൊണ്ടിരുന്ന കൊടുങ്കാററുകൾ ദേശീയജീവിതത്തിന്റെ ഉപരിതലങ്ങളിൽ മാത്രമേ വ്യത്യാസങ്ങൾ വരുത്തിയിരുന്നുള്ളു. ഈ യുദ്ധകോലാഹലങ്ങളൊന്നും ഗ്രാമീണജീവിതത്തെ സാരമായി സ്പർശിച്ചില്ല.

പ്രാചീന ഭാരതത്തിലെ ഓരോ ഗ്രാമങ്ങളും അവയ്ക്കാവശ്യമുള്ള സാധനസാമഗ്രികൾ അവിടെത്തന്നെ ഉല്പാദിപ്പിച്ചു് സ്വയം പര്യാപ്തത നേടിയിരുന്നു. ജീവിതസംപൂർണ്ണത അന്നു ഗ്രാമങ്ങളിൽ കുടികൊണ്ടിരുന്നതായിട്ടാണു് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നതു്. അന്നത്തെ ഗ്രാമീണരുടെ ആവശ്യങ്ങൾ വളരെ ലളിതമായിരുന്നതിനാൽ ക്രയവിക്രയം തുലോം വിരളമായി മാത്രമേ നടന്നിരുന്നുള്ളു.

നൂറുമുതൽ ആയിരം ഏക്കർ വരെ വിസ്തീർണ്ണമുണ്ടായിരുന്ന ഈ ഗ്രാമങ്ങളിൽ ഉല്പാദിപ്പിച്ചിരുന്ന സാധനങ്ങളിൽ ഒരു ഭാഗം അന്നന്നു നിലവിലിരുന്ന ഗവൺമെന്റുകൾക്കു കരമായി നൽകി. കരം പിരിക്കുന്നതിന്റെയും ഗവൺമെന്റിലേക്കു നികുതി അടയ്ക്കുന്നതിന്റെയും ചുമതല ഗ്രാമപഞ്ചായത്തുകൾക്കായിരുന്നു ഉണ്ടായിരുന്നതു്. പഞ്ചായത്തിലെ അംഗങ്ങളെ പൊതുതിരഞ്ഞെടുപ്പുകൊണ്ടായിരുന്നു നിയമിച്ചുവന്നതെന്നോർക്കുമ്പോൾ അതൊരു ജനകീയ സംഘടനയായിരുന്നെന്നു മനസ്സിലാക്കാം.

രാജ്യം ആരാണു ഭരിച്ചതെന്നോ ഏതു വിധത്തിലാണു ഭരിച്ചതെന്നോ ഈ ഗ്രാമവാസികൾ ആലോചിച്ചില്ല. അവർക്കതേപ്പററി കേവലം അലക്ഷ്യമനോഭാവമാണുണ്ടായിരുന്നതു്. നിലം പൊതുവിൽ കൃഷിചെയ്തു് അവർക്കാവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ അവിടെത്തന്നെ ഉല്പാദിപ്പിച്ചും, നൂൽനൂല്പും നെയ്ത്തും ഒരുപതൊഴിലായി സ്വീകരിച്ചു്, ഉടുക്കാനുള്ള വസ്ത്രങ്ങൾ അവിടെത്തന്നെ നെയ്തുണ്ടാക്കിയും ഈ ഗ്രാമീണർ സുഖമായും സമാധാനമായും ജീവിച്ചുവന്നു. "ഗ്രാമീണജീവിതത്തിനുണ്ടായിരുന്ന ലാളിത്യമാണു് ഇൻഡ്യൻ രാഷ്ട്രീയജീവിതം എത്ര കലങ്ങിമറിഞ്ഞിരുന്നിട്ടും സാമൂഹ്യജീവിതത്തിന്റെ സാമ്പത്തികവശങ്ങളെ അതു സാരമായി സ്പർശിക്കാഞ്ഞതു്", എന്നത്രെ സുപ്രസിദ്ധ ചരിത്രകാരനായ കാറൾ മാർക്സ് (Karl Marx) പറഞ്ഞിരിക്കുന്നതു്.

ഇൻഡ്യ മുസ്ലീം ആധിപത്യത്തിൻ കീഴിലായിരുന്നപ്പോഴും ഗ്രാമങ്ങൾ തന്നെ പൊതുഭാരതത്തിന്റെ നട്ടെല്ലായി സ്ഥിതിചെയ്തിരുന്നു. പതിനാറാം ശതാബ്ദം മുതൽ ഇൻഡ്യയും അന്യരാജ്യങ്ങളുമായുള്ള വാണിജ്യം വർദ്ധിച്ചു. ഇൻഡ്യയിൽനിന്നും പലവിധസാമാനങ്ങൾ യൂറോപ്പിലോട്ടും ഈജിപ്ററു മുതലായ രാജ്യങ്ങളിലോട്ടും കയററുമതി ചെയ്തിരുന്നതായി നാം ചരിത്രത്തിൽ വായിക്കുന്നുണ്ടു്. നാലായിരം വർഷം പഴക്കമുള്ള ഈജിപ്ററിലെ ശവശരീരങ്ങൾ പൊതിയുന്നതിനു് ഇൻഡ്യൻ മസ്ലിൻ ആയിരുന്നുപയോഗിച്ചുവന്നതു്. കാശ്മീർ സാൽവയും ഇൻഡ്യൻ പട്ടും യൂറോപ്പിലെ പരിഷ്കാരികളായ സ്ത്രീജനങ്ങൾ ധാരാളമായി വാങ്ങി ധരിച്ചുവന്നു. ഇവയെല്ലാം ഉല്പാദിപ്പിച്ചിരുന്നതു ഇൻഡ്യയിലെ ഗ്രാമീണരായിരുന്നു. നൂൽനൂല്പ് അനേകലക്ഷം സ്ത്രീകൾക്കു തൊഴിലുണ്ടാക്കി കൊടുത്തു എന്നാണു് റൊമേഷ്ദത്ത് (Romesh Dutt) എന്ന ചരിത്രകാരൻ പറയുന്നതു്.

നെയ്ത്തു കൂടാതെ ഇരുമ്പുവ്യവസായം, കപ്പൽവ്യവസായം, ലോഹവ്യവസായം, കണ്ണാടി കടലാസു, സുഗന്ധദ്രവ്യം മുതലായവയുടെ നിർമ്മാണം, ഇവക്കെല്ലാം ഇൻഡ്യ കീർത്തി കേട്ടിരുന്നു. ഇവയിൽ മിക്കതും കുടിൽവ്യവസായങ്ങളായിട്ടാണു് നടത്തിവന്നതു്.

ഈസ്റ്റിൻഡ്യാകമ്പനിയുടെ ആവിർഭാവത്തോടെയാണു് ഇൻഡ്യയിലെ ഗ്രാമങ്ങൾക്കു് അധഃപതനം നേരിട്ടതു്. അസംസ്കൃതസാധനങ്ങൾ വാങ്ങുന്നതിനും ബ്രിട്ടീഷ്‌സാമാനങ്ങൾ വിററഴിക്കുന്നതിനും പററിയ ഒരു കമ്പോളമായി ഇൻഡ്യയെ രൂപാന്തരപ്പെടുത്തുന്നതിനായിരുന്നു ഇംഗ്ലണ്ടിലെ മുതലാളിമാർ ശ്രമിച്ചതു്. കമ്പനിയുടെ സാമ്പത്തികനയം നിമിത്തം ഇൻഡ്യയിലെ ദേശീയ വ്യവസായങ്ങൾ ഓരോന്നായി നശിച്ചു.

പതിനേഴും പതിനെട്ടും ശതാബ്ദംവരെ തുണിത്തരങ്ങളും പട്ടും യൂറോപ്പിലേക്കു കയററുമതിചെയ്തുകൊണ്ടിരുന്ന ഇൻഡ്യാ, പത്തൊൻപതാംശതാബ്ദത്തിന്റെ അവസാനഘട്ടമായപ്പോഴേക്കു ഇംഗ്ലണ്ടിൽനിന്നും തുണിയും മററു സാമാനങ്ങളും ഇറക്കുമതിചെയ്തുതുടങ്ങി. ഇൻഡ്യാ, ഇംഗ്ലണ്ടിലെ ലങ്കാഷയറിനു പഞ്ഞി സപ്ലൈ ചെയ്യുന്ന ഒരു രാജ്യമായിത്തീർന്നു.

പത്തൊൻപതാം നൂററാണ്ടിന്റെ അവസാനമായപ്പോഴേക്കും ഇൻഡ്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്വം പൂർത്തിയായി. 1857-ലെ സ്വാതന്ത്ര്യസമരം ഇൻഡ്യാക്കാരുടെ തോൽവിയിൽ കലാശിച്ചു. പരിപൂർണ്ണമായ രാഷ്ട്രീയാധികാരം ബ്രിട്ടീഷ്‌ഹസ്തങ്ങളിലായി. ഇൻഡ്യയുടെമേൽ രാഷ്ട്രീയമേൽക്കോയ്മ സുസ്ഥാപിതമായതോടെ ബ്രിട്ടീഷ് മുതലാളിത്വത്തിന്റെ പിടിമുറുകുകയും ഇൻഡ്യാ സാമ്പത്തികമായി ദൈനംദിനം അധഃപതിക്കുകയും ചെയ്തു.

പല കുടിൽവ്യവസായങ്ങളിലും ഏർപ്പെട്ടിരുന്ന അനേകലക്ഷം തൊഴിലാളികൾ കൃഷിയിലേക്കു തിരിഞ്ഞു. കൃഷി ആദായകരമായി കണ്ടിട്ടല്ല, മറെറാരു മാർഗ്ഗവും കാണാഞ്ഞതിനാൽ അവർ ഭൂമിദേവിയെ ശരണം പ്രാപിച്ചു എന്നേയുള്ളു. ഇന്നു് ഇൻഡ്യയിലെ ജനങ്ങളിൽ 72 ശതമാനം കൃഷിക്കാരും 90 ശതമാനം ഗ്രാമങ്ങളിൽ താമസിക്കുന്നവരുമാണു്.

ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഭരണം സുസ്ഥാപിതമായതോടെ കമ്പനിയുടെ കച്ചവട ആവശ്യങ്ങൾക്കായി ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കയും തുറമുഖങ്ങളും നാട്ടിൻപുറങ്ങളും തമ്മിൽ യോജിപ്പിക്കാൻ റോഡുകളും തീവണ്ടികളും മററും നിർമ്മിക്കയും ചെയ്തു. ബോംബെ, മദ്രാസ്, കൽക്കത്താ മുതലായ പട്ടണങ്ങൾക്കു പ്രാധാന്യം വർദ്ധിച്ചതോടെ ഗ്രാമങ്ങളിൽ നിന്നും ജനങ്ങൾ പട്ടണങ്ങളിലേക്കു പ്രയാണം ചെയ്തുതുടങ്ങി. ലോകത്തിലെ ഇതരഭാഗങ്ങളും ഇൻഡ്യൻഗ്രാമങ്ങളും തമ്മിൽ കൂടുതൽ അടുത്തു. അതു ഗ്രാമീണജീവിതത്തെ സാരമായി സ്പർശിക്കയും അവയുടെ സ്വയം പര്യാപ്തത നിലയ്ക്കയും ചെയ്തു.

പട്ടണങ്ങളുടെ വളർച്ചയും ഗ്രാമീണജീവിതത്തിലുണ്ടായ വ്യതിയാനവും ഒരു വലിയ ആപത്തായി പരിഗണിക്കേണ്ട ആവശ്യമില്ല. പ്രാചീനഗ്രാമീണ സമ്പ്രദായത്തിലേക്കും പുരാതനഗ്രാമീണജീവിതത്തിന്റെ ലാളിത്വത്തിലേക്കും ഇൻഡ്യ പോകേണ്ടതാണെന്നു മഹാത്മാഗാന്ധി അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ഇന്നത്തെ ലോകത്തിൽ അതു സാധിതപ്രായമാണോ എന്നും പുറത്തുള്ള ലോകം ആധുനികപരിഷ്കാരത്തിൽ വളരെ മുമ്പോട്ടു പോയ്ക്കൊണ്ടിരിക്കുമ്പോൾ ഇൻഡ്യ ഒററ തിരിഞ്ഞു നില്ക്കുന്നതു് അഭിലഷണീയമാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

യന്ത്രങ്ങളുടെ ആവിർഭാവത്തോടെ പുരാതനഗ്രാമീണസമ്പ്രദായങ്ങൾ നശിക്കുന്നതു് സ്വാഭാവികമാണു്. എന്നാൽ ഇന്നു ഇൻഡ്യൻ ഗ്രാമങ്ങളിൽ കാണുന്ന പട്ടിണിയും തൊഴിലില്ലായ്മയും ബ്രിട്ടീഷ് സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെ ഫലമാണെന്നു

ള്ളതു നിർവ്വിവാദമാണ്. സാധാരണഗതിയിൽ ഇൻഡ്യയും മററു രാജ്യങ്ങളെപ്പോലെ വ്യവസായീകരിക്കപ്പെടുകയും കൃഷിയും വ്യവസായവും തമ്മിൽ കൂട്ടിയിണക്കിയ പുരോഗമനപരമായ ഒരു സാമ്പത്തികനയം ഗവമ്മെൻറു അംഗീകരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇന്നത്തെ ദുഃസ്ഥിതി ഉണ്ടാകയില്ലായിരുന്നു.

ഇൻഡ്യയിലെ ഗ്രാമീണർ ദാരിദ്ര്യത്തിൻെറ അടിത്തട്ടിലാണു വസിക്കുന്നതെന്നു ഒരു ഗ്രാമം പോയി നോക്കിയാൽ അറിയാം. വൃത്തിഹീനമായ സാഹചര്യങ്ങളിൽ വാസയോഗ്യങ്ങളല്ലാത്ത ചെററക്കുടിലുകളിൽ താമസിച്ചുകൊണ്ടു് ഉദരപൂരണത്തിനായി ഭൂമിദേവിയുമായി ദിവസേന മല്ലയുദ്ധം നടത്തുകയല്ലേ ഇൻഡ്യയിലെ ഒരു ഗ്രാമീണൻെറ ജീവിതവൃത്തി! ഇവരിൽ അധികഭാഗവും ജന്മിമാരുടെയും വമ്പിച്ച ഭൂസ്വത്തുടമസ്ഥന്മാരുടെയും സ്ഥലത്തു കൃഷിചെയ്തു ഉപജീവിക്കുന്നവരാണ്. സ്വന്തമായി ഒരിഞ്ചുസ്ഥലംപോലും ഇല്ലാത്ത കൃഷിത്തൊഴിലാളികൾ മൂന്നുകോടിയിലധികം ഉണ്ടെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇവരുടെ കൂലിനിരക്കു് യുദ്ധത്തിനുമുമ്പു് മൂന്നണ, നാലണയായിരുന്നതു് ഇന്നു കുറച്ചുകൂടി വർദ്ധിച്ചിട്ടുണ്ടെങ്കിലും സാമാനങ്ങളുടെ വിലവർദ്ധനവോർത്താൽ അവരുടെ സ്ഥിതി ഏററവും പരിതാപകരമാണ്. ആണ്ടിൽ ആറുമാസം മാത്രമേ ഈ കൂലി അവർക്കു ലഭിക്കയുള്ളു. ശിഷ്ടമുള്ള ആറുമാസങ്ങളിൽ തൊഴിലില്ലായ്മയും പട്ടിണിയുമാണനുഭവം.

ഇവരുടെ ആരോഗ്യത്തെപ്പററിയും വിദ്യാഭ്യാസത്തെപ്പററിയും ഒന്നും പറയാതിരിക്കുകയായിരിക്കും നല്ലതു്. ലക്ഷക്കണക്കിനാണു മലേറിയാ ടൈഫോയിഡ് ക്ഷയം മുതലായ രോഗങ്ങൾകൊണ്ടു മൃതിയടയുന്നതു്. ഇംഗ്ലീഷുകാരൻെറയും അമേരിക്കാക്കാരൻെറയും ആയുസ്സിൻെറ ദൈർഘ്യം അൻപതെട്ടും അറുപതുംവയസ്സായിരിക്കുമ്പോൾ ഇൻഡ്യക്കാരൻേറതു 23 വയസ്സ് മാത്രമാണ്. ഏകദേശം ഇരുനൂറു വർഷങ്ങളോളം ബ്രിട്ടൻെറ കീഴിൽ ഇൻഡ്യ ഇരുന്നിട്ടും പത്തു ശതമാനം ആളുകൾക്കു മാത്രമേ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളു എന്നു പറയുമ്പോൾ; ഇൻഡ്യാഗവമ്മെൻറിൻെറ വിദ്യാഭ്യാസ നയം എത്ര വിജയകരമായിരുന്നു എന്നു മനസ്സിലാക്കാം! റഷ്യയിൽ 99 ശതമാനവും ഇംഗ്ലണ്ടിൽ 100 ശതമാനവും ആളുകൾ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരാണ്. എന്നാൽ സ്വന്തം പേരെഴുതാൻപോലും അറിയാൻ പാടില്ലാത്ത അനേക ലക്ഷങ്ങൾ ഇന്നിൻഡ്യയിലുള്ളതു് ഒരു ഗവമ്മെൻറിനും അഭിമാനകരമല്ല.

ഇൻഡ്യയിലെ ഗ്രാമീണരുടെ ദുഃസ്ഥിതി നീങ്ങണമെങ്കിൽ ഒരു ജനകീയ ഗവമ്മെൻറു വന്നെങ്കിലേ സാധിക്കയുള്ളു. ഇന്നത്തെ കോൺഗ്രസ്സ് ഗവമ്മെൻറുകൾ ഗ്രാമീണപുനരുദ്ധാരണ പദ്ധതി അവയുടെ പ്രോഗ്രാമിൽ സ്വീകരിച്ചിരിക്കുന്നതു് ചാരിതാർത്ഥ്യജനകംതന്നെയാണ്. എന്നാൽ ഇൻഡ്യയിലെ ഗ്രാമവാസികളുടെ ഇടയിൽനിന്നും പട്ടിണിയും അജ്ഞതയും നീക്കുന്നതിനും, എല്ലാവർക്കും ജീവിക്കുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഒരു വിപ്ലവകരമായ പ്രോഗ്രാം ആണ് ആവശ്യം. ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാരിൽത്തന്നെ നിക്ഷിപ്തമാകണം. അല്ലെങ്കിൽ അവർ സ്ഥാപിക്കുന്ന രാഷ്ട്രത്തിൽ ആധിഷ്ഠിതമാകണം. രാഷ്ട്രീയസ്വാതന്ത്ര്യം യഥാർത്ഥമാകണമെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യംകൂടെ കൈവരുത്തണം. അങ്ങനെ പരിപൂർണ്ണ സ്വാതന്ത്ര്യം ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥിതി വരുത്തുന്നതിനാണ് ഇൻഡ്യയിലെ കർഷകരും തൊഴിലാളികളും ആഗ്രഹിക്കുന്നതു്.

ഇൻഡ്യ ബ്രിട്ടൻെറ പിടിയിൽ നിന്നും വിമുക്തയായശേഷം ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്കു പുരോഗമിക്കുമെന്നുള്ളതിനു സംശയമില്ല. ബ്രിട്ടീഷ്മുതലാളിത്വത്തിൻെറ സ്ഥാനം ഇൻഡ്യൻ മുതലാളിത്വം എടുക്കുന്നതിനു് ഇൻഡ്യയിലെ പ്രബുദ്ധരായിത്തീർന്നിരിക്കുന്ന കർഷകവൃന്ദം സമ്മതിക്കുമെന്നു തോന്നുന്നില്ല.

സോഷ്യലിസം വരുത്തുന്നതിന് ഇൻഡ്യ, റഷ്യപോയ പാതയിൽകൂടെ തന്നെ പോകണമെന്നില്ല. റഷ്യയ്ക്കു പററിയ അബദ്ധങ്ങൾ ഇൻഡ്യയിൽ ആവർത്തിക്കപ്പെടേണ്ട ആവശ്യവുമില്ല. ഇൻഡ്യയുടെ മഹത്തായ പാരമ്പര്യവും പ്രത്യേക സാഹചര്യങ്ങളും നിമിത്തം റഷ്യയുടേതിനേക്കാൾ വ്യത്യസ്തമായ ഒരു മാർഗ്ഗത്തിൽക്കൂടെ ലക്ഷ്യപ്രാപ്തിയിലെത്തുന്നതിനു ഇൻഡ്യയ്ക്കു സാധിച്ചേക്കും, ആർക്കറിയാം.

ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി ഉണ്ടായാലും ഇൻഡ്യൻ ഗ്രാമങ്ങൾ നിലനില്ക്കുമെന്നുള്ളതിനു സംശയമില്ല. സോഷ്യലിസം നടപ്പിൽ വരുത്തിയിരിക്കുന്ന റഷ്യയിലെ ജനങ്ങളിൽ ഒരു വലിയ പങ്ക് ഇന്നും ഗ്രാമങ്ങളിലാണധിവസിക്കുന്നതു്. ഭൂമി പൊതു ഉടമയിൽ കൊണ്ടുവന്നു്, കൂട്ടുകൃഷി സമ്പ്രദായവും ശാസ്ത്രീയരീതിയിലുള്ള ഉല്പാദനവും നടപ്പിൽ വരുത്തുന്നതിനും, നല്ല തൻേറടവും ആത്മാഭിമാനവുമുള്ള ഒരു കർഷകജനതയെ ഉളവാക്കുന്നതിനും ഈ പുതിയ വ്യവസ്ഥിതി അവർക്കു സഹായകരമായിത്തീർന്നിട്ടുണ്ടു്.

ഇൻഡ്യയിലെ ഗ്രാമീണരിൽനിന്നും അജ്ഞതയും അന്ധവിശ്വാസങ്ങളും നീക്കി, അവരിൽ സ്വാതന്ത്ര്യേച്ഛയും, തൻേറടവും, ആത്മാഭിമാനവും സംജാതമാക്കുകയെന്നതു്, വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ന്യൂനപക്ഷത്തിൻെറ കർത്തവ്യമാണ്. സ്വാർത്ഥപരമായ ലാഭം ജീവിതോദ്ദേശ്യമാക്കി പാവപ്പെട്ട ഭൂരിപക്ഷത്തെ ചൂഷണംചെയ്തു ജീവിക്കുന്നതിനല്ല നാം ഇന്നു ഒരുമ്പെടേണ്ടതു്.

ശ്രീമതി അരുണ ആസഫ് ആലി പറഞ്ഞതുപോലെ, നമ്മുടെ രാജ്യത്തെ കർഷകർക്കും തൊഴിലാളികൾക്കും വേണ്ടി സമരം നടത്തി, സ്വാതന്ത്ര്യവും ഐശ്വര്യവും അവർക്കു കരഗതമാക്കുന്നതിനാണ് രാജ്യത്തെ വിദ്യാസമ്പന്നരായ യുവജനങ്ങൾ ശ്രമിക്കേണ്ടതു്.

★

കൈനോട്ടം

# ആത്മരേഖ

(പഴകുളം നാണുക്കുറുപ്പ്)

(തുടർച്ച)

യവരേഖ, പലേ ശാഖ,
വിടവെന്നിവ ചേർന്നീടും
അഴകില്ലാത്തൊരാത്മാവിൻ
വരയാൽ ഭാഗ്യദോഷിയാം
2
മടി മന്ദതയാരോഗ്യ-
ക്കുറവെന്നിവ ചേർന്നിടും
അതികോപമഹങ്കാരം
മുതലായവ മുന്തിടും
3
മറയത്തുരമശ്രദ്ധ-
മുതലായവ കാരണം
പഠനം ശരിയായിട്ടു
തുടരാൻ കഴിയാതെയാം
4
പണമെത്ര ലഭിച്ചാലും
ചിലവാകുമതക്ഷണം
ഒടുവിൽ കടവുംകൂടി
വലയാനിടവന്നിടും
5
വ്യഭിചാരത്തിലുണ്ടാകു-
മഭിലാഷമനല്പമായ്
അതുകൊണ്ടവമാനങ്ങ-
ളളവില്ലാതെ വന്നിടും
6
ശരിയാം തൊഴിലില്ലാതെ
അലയാനിടയായിടും
സമയത്തിനു ശാപ്പാടും
കിടയാതെ കുഴങ്ങിടും
7
പണിയൊക്കെയുമെപ്പോഴും
ഫലമില്ലാത്തതായിടും
അതുകൊണ്ടതി നൈരാശ്യ-
മകതാരിലുയർന്നിടും
8
ഒരുകാര്യവുമയ്യാൾക്കു
ശരിയായ് പൂർത്തിയാക്കുവാൻ
കഴിവില്ലധികാലസ്യം
കരളിൽ കുടികൊൾകയാൽ
9
വിജയപ്രദമല്ലീയാ-
ളുടെ ജീവിതമാകയാൽ
വിഷമുണ്ടു മരിച്ചീടാൻ
ഇനിയും ചിലവേളയിൽ.
10
അനുകൂലഫലം ചേരും
ചിലനാൾ കഴിയും വിധൌ
ഉടനീ വരതൻ ഭാവം
പൊതുവേയങ്ങു മാറിടും

'മതിമുള്ളി'ൻെറ രൂപത്തി-
ലാത്മരേഖ കിടക്കുകിൽ
വൃത്തിയല്ല, മഹാകാമം
ചിത്തതാരിലിരുന്നിടും
2
പലവട്ടമിവന്നോരോ
ദിനവും തനതിച്ഛപോൽ
വിഷയിക്കുവതിനുള്ള
പരിതസ്ഥിതി കണ്ടിടും

# ശീർഷാരാധകന്മാർ

(കെ. എ. സുകുമാരൻ, ടാററാപുരം)

നമ്മുടെ ചുററുപാടും വിവിധതരത്തിലുള്ള ആരാധകന്മാരാണുള്ളത്. കരിങ്കല്ല്, പാമ്പ് മുതൽ വൃക്ഷങ്ങൾ വരെ ആരാധിക്കുന്നതിൽ ചിലർ ബദ്ധകങ്കണരായി കാണാറുണ്ട്. എന്നാൽ ഭൂമിയിലുള്ള സകല വിഗ്രഹാരാധകന്മാരേയും തോല്പിക്കുമാറ് തലയോടുകൾ ശേഖരിച്ചുവച്ച് ആരാധിക്കുന്ന ഒരുകൂട്ടം ആളുകൾ മനുഷ്യരുടെ ഇടയിലുണ്ടെന്നു പറയുമ്പോൾ നിങ്ങൾ അത്ഭുതപ്പെടുമായിരിക്കാം.

"വാ,, ജനത എന്ന പേരിൽ അറിയപ്പെടുന്ന ഒരു കാട്ടുജാതിക്കാരുണ്ട്. അവരുടെ ജനസംഖ്യയെടുക്കുവാൻ ഇതേവരെ ആർക്കും കഴിഞ്ഞിട്ടില്ല. ബർമ്മാ-യൂനാൻ അതിർത്തിയിലുള്ള ഉത്തര ഷാൺസ്റ്റേററിന്റെ ഉള്ളിലായി ഏതാണ്ട് 5000 ചതുരശ്രമൈൽ വിസ്താരത്തിലുള്ള വനപ്രദേശമാണ് "വാ,,മാരുടെ താമസസ്ഥലം. പരക്ഷേമേച്ഛുക്കളായ ഒരു വെള്ളക്കാർപോലും കാലെടുത്തുകുത്തുവാൻ ഭയപ്പെടുന്ന ആ വനഗഹ്വരത്തിൽ പ്രസ്തുത കാടന്മാർ യഥേഷ്ടം കഴിഞ്ഞുകൂടുന്നു. ആ കാട്ടുജാതിക്കാരെ മാനസികമായി സമുദ്ധരിക്കുവാൻ പല മിഷ്യനറിമാരും ഇതിനകം ചെയ്ത നിരവധി പര്യടനങ്ങൾ നിഷ്ഫലമായിപ്പോയിട്ടുണ്ട്. "വാ,, രാജ്യത്തു നിയമവും ഉത്തരവുകളും നടപ്പിലാക്കുവാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്ക് ഇതേവരെ കഴിഞ്ഞിട്ടില്ല. ഒരു അമേരിക്കൻ ശാസ്ത്രീയപര്യടനവും അവിടത്തെ ജനതയെപ്പററി അന്വേഷണം നടത്തുവാൻ മുന്നോട്ടു വന്നതായി അറിവില്ല.

ഇപ്രകാരം എല്ലാ രാജ്യക്കാരാലും ഒരുപോലെ പരിത്യജിക്കപ്പെട്ടിട്ടുള്ള 'വാ, മാർ സുഖലോലുപരും സ്വതന്ത്രരുമായ പ്രകൃതിയുടെ മക്കളായി യഥേഷ്ടം ജീവിച്ചുവരുന്നു. അവരുടെ ജീവിതക്രമത്തിന് നൂററാണ്ടുകൾക്കു മുമ്പിലുണ്ടായതിൽ നിന്നു യാതൊരു മാററവും വന്നിട്ടില്ല. യന്ത്രങ്ങളേയും താദൃശമായ മററു മനുഷ്യസാദ്ധ്യതകളേയും പററി കേട്ടുകേൾവിപോലുമില്ലാത്ത അവർ തലയോടുകളെയാണ് ആരാധിച്ചുവരുന്നത്. പരിഷ്കാരത്തേയും പരിഷ്കൃതജീവിതത്തേയും സ്വപ്നം കണ്ടിട്ടുപോലുമില്ലാത്ത ഈ കിരാതന്മാർ അന്ധതാമിസ്രത്തിൽ കിടന്നു പഴയ മൃഗീയജീവിതം തുടരുന്നു.

തങ്ങളുടെ പൂർവ്വികന്മാർ ഗിരിശൃംഗങ്ങളിലെ തണുപ്പേറിയ അന്തരീക്ഷത്തിൽ നിവസിച്ചിരുന്ന– 'താഡ്പോൾസ്', (Tadpoles) ആയിരുന്നുവെന്നു 'വാ'മാർ വിശ്വസിക്കുന്നു. അങ്ങിനെ അവർ ഡാർവ്വിന്റെ പരിണാമസിദ്ധാന്തത്തെത്തന്നെ എതിർക്കുന്നുണ്ടെന്നു തോന്നുന്നു. കാലക്രമേണ താഡ്പോൾസ് മണ്ഡൂകങ്ങളായിത്തീരുകയും അതിനുശേഷം ചുവന്ന കണ്ണുകളുള്ള നിഴലില്ലാത്ത രാക്ഷസന്മാരായി അവ രൂപമെടുത്തതായും അവർ പറയുന്നു. ഇവയിൽ രണ്ടു രാക്ഷസന്മാർ മനുഷ്യരെ തിന്നുവാൻ തുടങ്ങിയത്രേ! അങ്ങിനെ തങ്ങൾക്കാദ്യം കിട്ടിയ മനുഷ്യജീവിയുടെ തലയോട് ഒരു കുററിയിൽനാട്ടി ആരാധിക്കുവാനാരംഭിച്ചു. ഇങ്ങിനെയാണത്രേ 'വാ, മാരുടെ തലയോടുവേട്ട സമാരംഭിച്ചത്.

ആധുനിക 'വാ മാർ മനുഷ്യമാംസം ഭക്ഷിക്കുകയില്ല. എന്നാൽ മതപരമായ ചടങ്ങുകൾക്കായി അവർക്ക് അവന്റെ തലയോടാവശ്യമാണ്. വനഗഹ്വരത്തിനടുത്തുള്ള നാട്ടുമ്പുറങ്ങളിൽനിന്നും ചിലപ്പോൾ ചിലരുടെയെല്ലാം മാമനമകളോ ഭാര്യമാരോ കാണാതാവും! മറെറാരുകൂട്ടർ വഴിയറിയാതെ ഈ വനത്തിൽവന്ന് അകപ്പെടും. അവരെല്ലാം 'വാ, മാരുടെ 'ആരാധനാ,,പാത്രീഭൂതരാവുന്നു. അതിനാൽ ആ കാട്ടിൽ അകപ്പെടുന്നവരുടെ വഴിയും തലയും ഒരുപോലെ നഷ്ടപ്പെടുന്നു.

"വാ,,മാർ വിദേശീയരുടെ ശീർഷങ്ങളെയാണു കൂടുതൽ പാവനമായി കരുതുന്നതത്രെ. അങ്ങിനെ ഒരു അപരിചിതന്റെ തല കിട്ടിയാൽ വലിയ ആഹ്ലാദപ്രകടനങ്ങളോടുകൂടി അതു ഗ്രാമത്തിലേക്കു കൊണ്ടുവരുന്നു. സ്ത്രീകൾ ഉച്ചത്തിലാർത്തുവിളിച്ച് തങ്ങളുടെ സന്തോഷം പ്രകടമാക്കും. അത് ആദ്യം ഒരു കൊട്ടയിലാക്കി ഉയരമുള്ള ഒരു വൃക്ഷത്തിൽ കെട്ടിത്തൂക്കുകയും അതിന്റെ ബഹുമാനാർത്ഥം എല്ലാവരും മദ്യപിക്കുകയും ചെയ്യുന്നു. വനത്തിന്റെ ഒരു പ്രധാനഭാഗത്ത് തലയോടുകൾ ശേഖരിച്ചുവെയ്ക്കുന്ന ഒരു വീഥിയുണ്ട്. മധുപാനത്തിനു ശേഷം, തലയോടു വൃക്ഷത്തിൽനിന്നെടുത്തു കഴുകി വൃത്തിയാക്കി ത്രികോണാകൃതിയിലുള്ള ഒരു പാത്രത്തിൽ വെച്ച് പ്രസ്തുത വീഥിയിൽ ഒരു കുററിയിന്മേൽ നാട്ടിവെയ്ക്കുന്നു. അതോടെ അടുത്ത ഒരു വർഷകാലത്തേക്ക് അവർക്ക് അഭിവൃദ്ധിയും രക്ഷയുമുണ്ടാകുമെന്നും, കൃഷിവിളവുകൾ വർദ്ധിക്കുമെന്നും 'വാ,മാർ വിശ്വസിക്കുന്നു.

എന്നാൽ മററു പരിഷ്കൃത കാട്ടുജാതിക്കാരുമായി ഇടപഴകിക്കഴിയുന്ന 'വാ, മാർ ബലംപ്രയോഗിച്ചു തലയോടുകൾ ശേഖരിക്കുന്നില്ല. എങ്കിലും തങ്ങളുടെ ശ്രേയസ്സിന് അവയെ ആരാധിക്കാതെ നിവൃത്തിയില്ലെന്നു വിശ്വസിക്കുന്ന അവർ തലയോടുകൾ വില കൊടുത്തു വാങ്ങുകയാണു ചെയ്യുന്നത്. കിട്ടുവാനുള്ള ബുദ്ധിമുട്ടനുസരിച്ച് തലയോടിന്റെ വില കൂടിയും കുറഞ്ഞുമിരിക്കും! സമീപവാസികളുടെ ശീർഷങ്ങൾ മൂന്നുറുപ്പികക്കു വാങ്ങാറുണ്ട്! എന്നാൽ ചീനന്മാരുടേയും മററു വിദേശീയരുടേയും തലകൾക്ക് നൂറു ഉറുപ്പികവരെ വില വരും! ബ്രിട്ടീഷ്കാരുടെ ശീർഷങ്ങൾ വളരെ അപൂർവ്വമായെ അവർക്കു കിട്ടിയിട്ടുള്ളു. ഒരിക്കൽ അബദ്ധത്തിൽ ഒരു കൂട്ടം 'വാ,മാരുടെയിടയിൽ രണ്ടു ബ്രിട്ടീഷ്കാർ പെട്ടുപോയി. അവരുടെ തലകൾ അരിഞ്ഞെടുത്ത് 'വാമാർ, സൂക്ഷിക്കുകതന്നെ ചെയ്തു. ഒരു അതിർത്തി കമ്മീഷനിലെ ആഫീസർമാരായിരുന്നു പ്രസ്തുത ബ്രിട്ടീഷുകാർ രണ്ടുപേരും. അവർ ഒരു വലിയ സേനാവ്യൂഹവുമായി പെട്ടെന്നാക്രമിച്ചതുമൂലം പല 'വാ,മാരും കൊല്ലപ്പെട്ടു. എന്നാൽ ആ വിലയേറിയ രണ്ടു ശീർഷങ്ങളേയും രക്ഷപ്പെട്ട ചില 'വാ, മാരേയുംപററി ആർക്കും ഒന്നും അറിയാൻ കഴിഞ്ഞില്ല.

'വാ,മാരെപ്പററി പറയുവാനുള്ള ഒരു ഗുണം അവർ നല്ല കൃഷിക്കാരാണെന്നുള്ളതാണ്. പയറുവർഗ്ഗങ്ങളും ധാന്യങ്ങളും ചില പ്രത്യേകതരം ഗോതമ്പും അവർ കൃഷിചെയ്തുണ്ടാക്കുന്നു. അവിടെ വിളയുന്ന അരി സ്കോട്ട്ലണ്ടിലേതുപോലെ 'വിസ്കി,യുണ്ടാക്കുവാൻ പററിയതാണ്.

അവർ ലാഭമുണ്ടാക്കുന്ന വിളവു കറുപ്പാണ്. വസന്തകാലത്ത് 'വാ, മലഞ്ചരിവുകൾ 'പോപ്പി,ച്ചെടികളാൽ സ്നിഗ്ദ്ധകോമളമായിക്കാണാം. അവർ കറുപ്പ് ഉപയോഗിക്കാറില്ല. അതു ചൈനീസ് കച്ചവടക്കാർക്കു വില്ക്കുന്നു. 'വാ,മാർക്ക് ഉപ്പിനോടു വലിയ കാര്യമാണ്. ഉപ്പു പകരമായികൊടുത്ത് സമർത്ഥരായ ചൈനീസ് കച്ചവടക്കാർ വാമാരിൽ നിന്നും 'ചുളു,വിനു കറുപ്പുവാങ്ങിക്കൊണ്ടുപോകും.

വനത്തിൽ വളരെ ഉള്ളിലാണ് 'വാ, മാർ താമസിക്കുന്നത്. കിടങ്ങുകളിലും ഭൂമിക്കടിയിലുള്ള കൊത്തളങ്ങളിലും അവർ പാർക്കുന്നു. ശത്രുക്കൾ പെട്ടെന്നു വരാതിരിക്കുവാൻ അവയ്ക്കു ചുററും മുള്ളുകൾ വിതറിയിട്ടും. പാമ്പുകളുടെ മാളങ്ങളിൽപ്പോലും അവർ നിർഭയം താമസിക്കുന്നു.

ഷാൻജാതിക്കാരെക്കാൾ പൊക്കം കുറഞ്ഞ വാമാർക്ക് ആദിമ നിവാസികളുടെ സാമ്യതയുണ്ട്. അവർക്കു സോപ്പിന്റേയും വസ്ത്രങ്ങളുടേയും ആവശ്യകതയില്ല. അവർ വലിയ മദ്യപാനികളാണ്. അവരുടെ ലൈംഗിക സംസ്കാരത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു.

(പകർപ്പവകാശം)

---

3

അതിനൊത്ത പ്രകാരത്തിൽ
പെരുമാറുമവൻ ധനം
മതവും, ജാതിയും, മൂപ്പും,
മുറയും നോക്കുകില്ലതിൽ

4

ധനവും മാനവും ദേഹ
ബലവും നാസ്തിയായവൻ
ഒടുവിൽ 'കുഷ്ഠ'രോഗത്തിൻ
പിടിയിൽപ്പെട്ടുഴന്നിടും

5

സുന്ദരാകൃതിചേർന്നീടു-
ന്നാത്മരേഖക്കു താഴെയായ്
കൊച്ചു ശാഖകൾ കാണുന്ന
തൊക്കെയും പുത്രരേഖയാം.

6

ആത്മരേഖയിലിമ്മട്ടിൽ
പുത്രരേഖകിടക്കവേ
എത്രയും സ്നേഹമുള്ളോരും
ശുദ്ധചിത്തരുമായിടും

7

ദിവസം പ്രതിയെമ്പാടും
ചിലവുണ്ടതു കാരണം
വരവെത്രയിരുന്നാലും
വരികില്ലൊരു മിച്ചവും

(ശേഷം 18-ാം പേജിൽ)

# മൂന്നടിമണ്ണ്!

(കെ. തായാട്ട്)

"വല്ലതും തന്നു രക്ഷിച്ചുകൊള്ളണേ
ഫുല്ലസൌഭാഗ്യസത്യകേദാരമേ!"
അനൊരാകിനമന്തിയിലംബരം
പൊന്നണിച്ചാറു പൂശിനിന്നീടവേ,
വന്നണഞ്ഞൊരു യാചകൻ, മാബലി
മന്നവൻെറയശ്വമേധവേദിയിൽ-
(മാബലിപ്പെരുമാളിൻെറ നാട്ടിലൊ
കേവലമീ വരുതിതൻ രോദനം)...
വിണ്ണണിത്തോപ്പിലത്താരജാലവും
മണ്ണിലിപ്പൂവാടിയിലെ ക്ഷേമവും
തിങ്ങമാശ്ചര്യപൂർവ്വകം നോക്കിനി-
"ന്നെങ്ങുനിന്നെത്തിയിപ്പാവ യാചകൻ?
നവ്യചൈതന്യമോളം തുള്ളുമീ
ദ്വീപനിന്തണയാചകനാരുവാൻ?"

*  *  *

"വല്ലതും തന്നു രക്ഷിച്ചു കൊള്ളണേ
ഫുല്ലസൌഭാഗ്യസത്യകേദാരമേ!"
മാബലി തന്നന്തരംഗങ്ങളിലും
യാചനാ തൻെറ ദീനവിലാപമോ!

*  *

തിങ്ങമൌദാര്യപൂർവ്വകം മാബലി
മന്നവനന്നു കമ്പിട്ടു ചൊല്ലിനാൻ:
"ധന്യനാണതൊനന്തണരേ, തവ
വന്ദ്യപാദമെൻ നാട്ടിൽ പതിക്കയാൽ
അന്നുമിന്നും മറന്നില്ല കേരളം
വന്ദ്യപൂരുഷക്കാതിഥ്യമേകുവാൻ

(കേവലമൊരു പുല്ലോടിപോലുമെൻ
കേരളത്തിലവശമായ്ത്തീർന്നിടാ!)

വാമനനൊന്നു പുഞ്ചിരി തൂകിയാ
മാബലിയെയനുഗ്രഹിച്ചോതിനാൻ:
'മാബലിപ്പെരുമാളേ, മഹാമതേ
കേരളത്തിൻെറ ഭാഗ്യതിലകമേ,
മണ്ണിനാശയാൽ വന്നു ഞാൻ കേരള
പുണ്യവേദിയിൽ മാബലിമന്നവാ!
തന്നനുഗ്രഹിച്ചീടണം മൂന്നടി
മണ്ണുമാത്രമിന്നെന്നാൽ കൃതാർത്ഥനാം"
തിങ്ങമാശ്ചര്യപൂർവ്വകം മാബലി
മന്നവനിതുകേട്ടമലച്ചുപോയ്!
"വേണമെങ്കിലെൻ ജീവനും, വാമനാ
കാണിക്കവെക്കാനൊരുക്കമാണിന്നുഞാൻ.
മൂന്നടിയല്ല മുപ്പാരിടങ്ങളും
ദാനമേകുവാൻ സന്നദ്ധനാണു ഞാൻ"
വാമനനൊന്നുമാറി—വളർന്നതാ
വാനിടത്തോളമെത്തിക്കഴിഞ്ഞുപോയ്!
മിന്നിമിന്നിപ്പൊലികയായ് വാനിലെ
പൊന്നുതാരകജാലങ്ങളായിരം!
വന്നടുക്കും വിപത്തുകണ്ടെന്നപോൽ
മിന്നുമംബരം മങ്ങിവിളക്കയായ്!

വിണ്ടലവും നരകവും ലോകവും
രണ്ടടിയാലളന്നിതാ വാമനൻ!

*  ✣  *

ഉള്ളതെല്ലാമളന്നെടുത്തിന്നിമേ
ലില്ല മററിടം മാബലിക്കേകുവാൻ!..
മന്ദഹാസം ചൊരിഞ്ഞു ശിരസ്സതാ
മന്ദമന്ദം കുനിക്കുന്നു മാബലി!
(മൂന്നുലോകവും മാബലിരാജനും
'മൂന്നടി'യാലടിമയായ്ത്തീർന്നുപോയ്!)

*  *  *

ധർമ്മകേദാരമത്തിരുമേനിതൻ
കർമ്മധീരസ്സിനികേതനം കേരളം,
ഒന്നുമാറിമറഞ്ഞു!—പവിത്രയെ-
ന്നമ്മ കേരളം ദാരിദ്ര്യപൂരിതം!!
ശോണരക്തകലിതപുഷ്പങ്ങളാൽ
വേണമിപ്പൂക്കളെ'ങ്ങളും നിർമ്മിക്കുവാൻ;
സ്വന്തസോദരരക്തമാംസങ്ങളാ-
ണെൻെറ നാട്ടിനു 'നൈവേദ്യ'മുണ്ണുവാൻ

*  *

അക്രമത്തിൻെറ കാലടിപ്പാടിനാ-
ലിരുളിത്തീയുള്ളൊന്നൊരെൻ വാമനാ,
മൂന്നടിമണ്ണു യാചിച്ചു, ദാനമായ്
മൂന്നുലോകവും തട്ടിപ്പറിച്ചു നീ
ധർമ്മകേദാരമത്തിരുമേനിയെ
കർമ്മവൈമുഖ്യനാക്കിയതെന്തിനാം?

# പനിനീർപ്പൂ

(ജോസഫ് ചേന്ദമംഗലം)

പനിനീർപ്പൂവേ നിൻ രുധിരവർണ്ണമാ-
ണിവനു കാണുകിൽ സഹിയാശ്ശ.
രുധിര പാനത്താൽ മതി വരാതൊരോ-
രുദര രൂപം നീ മധുമുഖി?
കണ്ഠം കഴുകനൊരുകരളെതിരൊപ്പി
[illegible] തവ കാൺകേ;
[illegible] നീ വിണ്ണസൂതാരം പോൽ
പൂളുക പൂവുതിയുപവനം
അഴലിൽ നിർഭര നിഴലു നീങ്ങുമൊ
രടവി പോലതി ഭയകരം
മഭേരാൽകടെം മണവിരാജിതം
പരിസരം തവ മണയവേ
മലിന പാപമവിഷമയാത്മകം
പവന നിശ്വാസമനുഭൃതം.
സുരഭി ക്രൂടി നീ, സുഭഗരൂപിണി
തുലയാനെന്തിനിയെവനുള്ളു?
അഴകിനുള്ളിലുമഴലു കണ്ടുകൊ-
ണ്ടഴുകും ഭീരുവെന്നവനിയിൽ
പഴി ഞാനേൽക്കിലും പരിഭവിക്കില്ല
പറവൂ സത്യമെന്നതു മൂലം.
മധുപചഷകംപോൽ വികസ്വരം തവ
ഹൃദയ ദർശനമെവനയേ
അലയിളക്കില്ല? അകമെ മാദക
മലിനചിന്തകളനവധി
യുവമധുപങ്ങളിവളിൽ മുങ്ങിയി-
ട്ടുപദമേതേതിലണവിലാ?
സുഭഗേ നിന്നുടെ അമരസൌഭാഗ്യ-
ത്തികവിൽ ഞാനശ്രു പൊഴിയട്ടേ;
മരണം മാതിരി വിളറി, ശോകംപോൽ
വിനയമായി നീ തിരിയുകിൽ—!
അഥവാ ചെമ്പനീർ മുകുളജാലമേ

# അതിഥി

(ബി. മാധവമേനോൻ എം. എ.)

(ഗീതകം)

ഭൂതകാലജന്യം ഹാ ശോകഭങ്ങളാംസ്മൃതി--
ഭൂതങ്ങളെ ദ്വിത്യമെരിക്കുന്നു സായം സന്ധ്യ.
സദാ ചുംബനമേകി, മുന്നോട്ടു നോക്കണെന്നു
മദീയം നേത്രം പൊത്തിച്ചൊല്ലുന്നു വർത്തമാനം.
ഭാവിതൻ ചഷകത്തിലാനന്ദമധുവേന്തി
ജീവിതം പ്രതീക്ഷിപ്പൂ മാമക സമാഗമം,
ഈ ലോകത്തിലേക്കൊന്നിനു വന്നൊരതിഥി ഞാ-
നാലോചിച്ചു ജീവിതമുസഹായഹ്ലാദമെന്നായ്.
നവാതിഥിയത്രെ ഞാൻ — അധികം നിവസിച്ചാ-
ലവസാനിച്ചേക്കാം ഹാസോത്സവ പരിചര്യ.
അജ്ഞാതസ്ഥലത്തിൽ നിന്നജ്ഞാതപ്രദേശത്തേ-
യ്ക്കജ്ഞരായ് ഗമിക്കും നാമിപ്പാരിലതിഥികൾ.,
പാർക്കുമ്പോഴും ചിരിച്ചീടാം, പോകുമ്പോഴും നമിച്ചീടാം
ആർക്കുമേ മുഷിയാതാൻ ഹ്രസ്വമാകാവൂ വാസം!

★

വിടതരൊലാ നിങ്ങളൊരു നാളും
വിടരുമെങ്കിലോ മനമലിയിക്കും
കപടഹാസങ്ങൾ പൊഴിയൊലാ!

*  *  *

അവനിയോടിത്രയും മാത്രമാണെ-
ൻറവസാന യാചന ഞാനടിയും
ചിതയിലീ പ്രേമത്തിൻ ബാഹ്യ രശ്മി
കിളരുകിൽ കിളുർക്കളെത്തിടേണേ!

★

# വിദ്യാഭ്യാസം മാതൃഭാഷയിൽക്കൂടി

(പ്രൊഫസർ ബി. എസ്. അഡ്വോളിയാ, വൈസ്പ്രിൻസിപ്പാൾ
ജി. എസ്. കോളേജ് ഓഫ് കാമേഴ്സ്, വാർദ്ധാ)

വിദ്യാഭ്യാസം ഒരു വിദേശ ഭാഷയിൽക്കൂടി നൽകപ്പെടുന്നത് ഇൻഡ്യയിൽ മാത്രമാണെന്ന് മിക്കവാറും തീർത്തുതന്നെ പറയാം. ആ അന്യഭാഷ ഇൻഡ്യയിലെല്ലായിടവും ഇംഗ്ലീഷുമാകുന്നു. ഇരുപതാം നൂററാണ്ടിലെ ആദ്യത്തെ രണ്ടു ദശവർഷക്കാലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയായാലുടൻ അടുത്തപടി ഇംഗ്ലീഷുഭാഷാഭ്യസനം ആരംഭിക്കുകയായി. ഒരു കാലത്ത് പ്രാഥമികവിദ്യാഭ്യാസം പോലും ഇംഗ്ലീഷു പഠനത്തിൽ നിന്നൊഴിയ്ക്കപ്പെട്ടിരുന്നില്ല. ആ പരിതഃസ്ഥിതികളിൽ നിന്നുണ്ടായിക്കൊണ്ടിരുന്ന വൈഷമ്യങ്ങൾക്കു കണക്കില്ല. വിദ്യാർത്ഥികൾ മാത്രമല്ല ആ വിദേശ ഭാഷയുടെ പൈശാചികത്വത്തിൽപ്പെട്ടു നട്ടംതിരിയുന്നത്; വാസ്തവത്തിൽ രാജ്യമാകെ തീവ്രവേദന അനുഭവിച്ചു. ഇപ്പോഴും അതിനു കുറവുണ്ടായിട്ടില്ല.

### മെക്കാളേയുടെ വിജയം

മെക്കാളേ, ഇൻഡ്യൻ വിദ്യാഭ്യാസ ചരിത്രത്തിൽ ഇന്നും അമരനായിത്തന്നെ ശേഷിക്കുന്നുണ്ട്. 1835-ൽ അദ്ദേഹം പുറപ്പെടുവിച്ച പ്രസിദ്ധമായ 'മിനിററി'ൽക്കൂടി ഒരു പുതിയ അദ്ധ്യായം അതിൽ തുറക്കപ്പെട്ടു. അതിൻെറ ഫലമായിട്ടാണ് ഇംഗ്ലീഷുഭാഷയ്ക്ക് നാടെങ്ങും പ്രചുരപ്രചാരം ലഭിച്ചത്. അന്നത്തെ ഭരണകൂടത്തിലെ അധികൃതന്മാരും, ക്രിസ്തുമതപ്രചാരകന്മാരും അവരുടെ ഭാഷ രാജ്യമാകെ പ്പരത്തുന്നതിന് വേണ്ടത്ര പരിശ്രമം നടത്തിയിരുന്നു. അവർ നമ്മുടെ നാട്ടിൽ വിജയികളായി. അങ്ങിനെ മെക്കാളേ ജയക്കൊടി നാട്ടി. "ഭരണ നേതാക്കളുടേയും, ഭരണീയ ലക്ഷങ്ങളുടേയും ആശയങ്ങളെ പരസ്പരം കൈമാറുന്നതിനുള്ള ഒരുകൂട്ടം ദ്വിഭാഷികളെ,,യാണ് അദ്ദേഹത്തിനാവശ്യമുണ്ടായിരുന്നത് "രക്തത്തിലും, വർണ്ണത്തിലും തനി ഇൻഡ്യാക്കാരും, വാസന, അഭിപ്രായം, ആദർശം, ചിന്താഗതി തുടങ്ങിയവയിൽ തനി ഇംഗ്ലീഷുകാരും ആയ ഒരു സംഘത്തെ,,യാണ് ഇംഗ്ലീഷുഭാഷാപ്രചരണംകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. ആ ശ്രമം പൂർണ്ണ വിജയത്തിൽ കലാശിച്ചുവെന്നതും പറയാതെതന്നെ നമുക്കിപ്പോൾ അറിയാവുന്ന സംഗതിയാണ്.

"വിശ്വവിദ്യാലയങ്ങളെ പൊതുജനങ്ങളുടെ ഉയർച്ചക്കുതകുന്ന വിധത്തിൽ തുടർന്നുകൊണ്ടു പോകാൻ എന്തെങ്കിലും ശ്രമം ചെയ്തിട്ടുള്ള കലാശാലകൾ വളരെച്ചുരുക്കം മാത്രമാണെന്ന് പറയാതെ തരമില്ല. വിവേചനാ രഹിതമായി അവകൾ പുറത്തിറക്കിയിട്ടുള്ള, സ്വഭാവത്തിലും, വിഭാവനയിലും, വീക്ഷണത്തിലും വ്യത്യസ്തരീതികളോടുകൂടിയ ഒരു സമുദായം മററുള്ള ഒരു വമ്പിച്ച ജനതയിൽ നിന്നും വിസ്തൃതമായ വിടവുകൾമൂലം വേർതിരിക്കപ്പെട്ടു പോയിട്ടുണ്ട്,, എന്നുള്ള പണ്ഡിററ് അമർനാഥ്ജായുടെ അഭിപ്രായം അക്ഷരംപ്രതി ശരിയാണ്.

### ഇൻഡ്യൻ സംസ്കാരങ്ങളുടെ അധഃപതനം

കലാപരമായി നമ്മുടെ ഭാഷകൾ അല്പവും പിന്നോക്കമല്ലാതിരുന്നിട്ടും, സർവ്വകലാശാലകളിൽ നിന്നും അവയെ അവജ്ഞയോടുകൂടി പുറംതള്ളപ്പെട്ടിരിക്കയാണ്. ആദ്യകാലങ്ങളിൽ അവ 'തീണ്ടപ്പെടാൻകൂടി പാടില്ലാത്ത എന്തോ ആണെന്നു പോലും കരുതപ്പെട്ടു പോന്നു. കുറേക്കഴിഞ്ഞപ്പോഴേയ്ക്കും 'ഐച്ഛിക വിഷയങ്ങ,ളുടെ കൂട്ടത്തിൽ അവയ്ക്കൊരു സ്ഥാനം കൊടുത്തു. എങ്കിലും യാതൊരു പ്രാധാന്യവും കല്പിച്ചിരുന്നില്ല. ഭരണനേതാക്കളുടെ ഭാഷയ്ക്ക് എന്തോ ഒരു മാസ്മരശക്തിയുള്ളതുപോലെയാണ്, നമ്മുടെ അദ്ധ്യാപകന്മാരും വിദ്യാഭ്യാസ വകുപ്പിലെ അധികൃതന്മാരും അതിനടിമയായിത്തീർന്നുപോയത്. നിരന്തരമായി നാട്ടുഭാഷകൾക്കുണ്ടായിക്കൊണ്ടിരുന്ന അധഃപതനത്തെപ്പററി ചിന്തിക്കാൻകൂടി അവർക്ക് അവസരം ലഭിച്ചില്ല.

ഈസ്റ്റിൻഡ്യക്കമ്പനിക്കാരാണ് വ്യാവസായികമായി നമ്മുടെ നാടിനെ അധോമുഖമാക്കാൻ ഉററു ശ്രമിച്ച് കുപ്രസിദ്ധരായിത്തീർന്നിട്ടുള്ളതെന്ന് പറയപ്പെടുന്നു. എന്നാൽ ബ്രിട്ടൻെറ ഇൻഡ്യയിലുള്ള വിദ്യാഭ്യാസ നയത്തിലും അങ്ങിനെയുള്ള തെളിവുകളില്ലേ? അതിനെപ്പററി പ്പറയാൻ തുടങ്ങുമ്പോൾ എനിക്ക് ക്ഷമ അഭ്യർത്ഥിക്കേണ്ടിവരുന്നു. ഞാനതു ചെയ്തോട്ടെ. നമ്മുടെ സ്വന്തം ഭാഷകളെ ശക്തിഹീനങ്ങളാക്കുന്നതിന് അവർ വേണ്ടവിധത്തിൽ പ്രവർത്തിക്കുകയും, വിജയികളാവുകയും ചെയ്തു. വിദ്യാഭ്യാസത്തിനായുള്ള നമ്മുടെ സ്ഥാപനങ്ങൾ ജനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു പകരം, ദുഷിപ്പിക്കുന്നതിനായിട്ടാണ് ഉപയോഗിച്ചത്. വിദ്യാഭ്യാസത്തിൻെറ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം ദേശഭക്തിയേയും, ദേശാഭിമാനത്തേയും, ഉജ്ജീവിപ്പിക്കുകയും ഊർജ്ജസ്വലങ്ങളാക്കി ച്ചെയ്യുകയുമാണെന്നുള്ള പരമാർത്ഥ തത്വം സ്ഥാപനങ്ങളുടെ അധികാരികൾ അല്പവും ഗണ്യമാക്കിയില്ല. അതിൻെറ ഫലം നമ്മുടെ വിദ്യാർത്ഥികൾ, സംസ്കാരത്തിലും, ആദർശ ശുദ്ധിയിലും നമ്മുടെ പൂർവ്വപരമ്പരകളിൽ നിന്നും അകന്നകന്നു പോയി.

### ഗാന്ധിജിയുടെ താക്കീത്

ഒരന്യഭാഷ വരുത്തിക്കൂട്ടാവുന്ന വൈഷമ്യങ്ങളേയും, അനീതികളേയും, മഹാത്മജി അദ്ദേഹത്തിൻെറ ജ്ഞാനപ്രകാശത്താലും, ബുദ്ധിവൈഭവത്താലും നേരത്തെതന്നെകണ്ടറിഞ്ഞിരുന്നു. പലപ്പോഴും അദ്ദേഹം വിദ്യാഭ്യാസാധികൃതന്മാർക്കു താക്കീതുകളും നൽകിയിരുന്നു. വാമൊഴിയായും, വരമൊഴിയായും അദ്ദേഹം അതിനെപ്പററി എല്ലാവരേയും അറിയിച്ചുകൊണ്ടുമിരുന്നു. ഒരിക്കൽ അദ്ദേഹം ഹിന്ദുയൂണിവേഴ്സിററിയുടെ രജതജൂബിലിയിൽ പ്രസംഗിക്കുമ്പോൾ ഒരന്യഭാഷയെ അതിരററുസ്നേഹിക്കുന്നതിനേയും അതിൽ പററിപ്പിടിക്കാൻ ശ്രമിക്കുന്നതിനേയും അത്യധികം അധിക്ഷേപിച്ചു. അദ്ദേഹം ചോദിച്ചു:- ''ഇംഗ്ലീഷ് ഭാഷ തെററുകൂടാതെ സംസാരിച്ചതിന് ഒരിംഗ്ലീഷുകാരൻെറ അഭിനന്ദനത്തിനു പാത്രമാകാനുള്ള ഭാഗ്യം ലഭിച്ചുവെന്നു വിശ്വസിച്ചു കൃതാർത്ഥമാവുന്ന നമ്മുടെ സമുദായം എത്രത്തോളം അധഃപതിച്ചുപോയി എന്നുള്ളതിന് ഇതിൽ കൂടുതൽ എന്താണു തെളിവു വേണ്ടത്?'' അദ്ദേഹം തുടർന്നു. ''ഇങ്ങനെ ഭഗീരഥപ്രയത്നം ചെയ്തും ഒരിംഗ്ലീഷുഭാഷാപണ്ഡിതനാവാൻ ശ്രമിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല; അതു നമ്മുടെ ദേശീയയുവതശക്തിയെ – മററു പ്രായോഗികാവശ്യങ്ങൾക്കു തിരിച്ചു വിട്ടിരുന്നുവെങ്കിൽ അത്യധികം ഫലപ്രദമായിരുന്ന ആ ശക്തിയെ — വൃഥാ വിനിമയം ചെയ്യുക മാത്രമാണ്.'' ഇതുകൊണ്ടും അദ്ദേഹം തൃപ്തനായില്ല. ''നമ്മുടെ നാട്ടിലെ മഹാന്മാർ ഇംഗ്ലീഷ് ഭാഷയിൽത്തന്നെ അവരുടെ പ്രസംഗങ്ങളും മററും തുടർന്നുകൊണ്ടു പോവുമ്പോഴും അവരെ അതിൽനിന്നും വിരമിപ്പിക്കാൻ ശ്രമിക്കുകയല്ല. അതിൽ ശ്രദ്ധയോടുകൂടി ക്ഷമിച്ചിരിക്കാൻ മാത്രമാണു നമ്മുടെ പാരമ്പര്യമര്യാദകളും, വഴങ്ങിക്കൊടുക്കാൻ മാത്രമറിയാവുന്ന നമ്മേ ഉപദേശിക്കുന്നത്.', ഗാന്ധിജിയുടെ ഇപ്രകാരമുള്ള ചില വാചകങ്ങൾ മാത്രം പോരേ നമ്മേ ശരിയായ മാർഗ്ഗത്തിലേക്കു നയിയ്ക്കാൻ?

ഇംഗ്ലീഷ് വളരെ പ്രയാസമേറിയ ഭാഷയാണെന്ന് എല്ലാവർക്കുമറിയാവുന്ന ഒരു പരമാർത്ഥമാണ്. അതു പഠിക്കാൻ തുടങ്ങുന്ന രീതിതന്നെ 'കാണാപ്പാഠ,മാണ്. ആ മാർഗ്ഗം ആരംഭത്തിൽത്തന്നെ അവസാനിക്കാതെ യൂണിവേഴ്സിററികളിലേക്കും കയറിച്ചെല്ലുന്നു. ഞാൻ ഒരദ്ധ്യാപകനും, ചില വിഷയങ്ങളുടെയെല്ലാം പരീക്ഷകനുമാണ്. എൻെറ സ്വന്തം അനുഭവങ്ങളിൽ നിന്നു തെളിയുന്നത് ബിരുദസമ്പാദനാർത്ഥം എഴുതുന്ന വിദ്യാർത്ഥികളിൽ അരപ്പതുശതമാനവും ശരിയായ വിധത്തിൽ ആശയം വെളിവാക്കാൻ കഴിയാതെ കഷ്ടപ്പെടുന്നുവെന്നാണ്. ഒരന്യഭാഷ വരുത്തി വയ്ക്കുന്ന വൈഷമ്യങ്ങൾ അവരുടെ ഉത്തരക്കടലാസ്സുകളിൽ മുദ്രിതമായിക്കാണാം. ഇതിൻെറ ഫലമായി ഒരു വലിയ സംഖ്യ പരീക്ഷകളിൽ പരാജയമടയുന്നു. എന്നാൽ അത് അതാതു വിഷയങ്ങളിലുള്ള ജ്ഞാനക്കുറവുകൊണ്ടല്ല; ഒരു വിദേശഭാഷയിൽക്കൂടി അതു പ്രകാശിപ്പിക്കുന്നതിനുള്ള കെല്പില്ലായ്മമൂലമാണ്. മാതൃഭാഷയായിരുന്നെങ്കിൽ അവർക്ക് ഇങ്ങനെയുള്ള വിഷമതകളോ നിരാശകളോ സംഭവിക്കുമായിരുന്നില്ല. ഇതിൽനിന്നെല്ലാം ധനപരമായും, ശാരീരികമായും ഉണ്ടാകുന്ന നഷ്ടങ്ങൾ അതിരില്ലാത്തതാണ്.

### സാമാന്യജനതയുടെ നിരക്ഷരത്വം

ഇതിനെല്ലാററിനും പുറമേ വിപുലമായതരത്തിലുള്ള ഇംഗ്ലീഷു വിദ്യാഭ്യാസം മൂലം അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും

(ശേഷം 20-ാംപേജിൽ)

# അഞ്ചൽശിപായി

(7-ാംപേജിൽനിന്നു തുടർച്ച)

പിറേറന്ന് എഴുത്തുകെട്ടുമായി കരപ്പുചേട്ടൻ അഞ്ചലാപ്പീസിൽനിന്നും വെളിയിൽ ഇറങ്ങിയപ്പോഴാണ് അയൽ വീട്ടിലെ നാണു ഓടിവന്നത്.

"നടുവിലത്തെ കുഞ്ഞിനു സുഖമില്ല. കെടക്കയാ. ഉടനെ അങ്ങോട്ടുചെല്ലണമെന്ന് പറയാൻ പറഞ്ഞു.' നാണു അറിയിച്ചു.

'തങ്കപ്പനാണോ? ഞാനിങ്ങോട്ടു പോരുമ്പോൾ അവനൊന്നും ഇല്ലായിരുന്നല്ലോ.,, കരപ്പുചേട്ടൻ തെല്ല് പരിഭ്രമിച്ചു.

"അല്പം മുമ്പാ തൊടങ്ങിയത്. നാലഞ്ചുവട്ടം ഛർദ്ദിച്ചു. ഒന്നും വയ്യാന്നുപറഞ്ഞ് കെടക്കുവാ.,,

കരപ്പുചേട്ടൻ ഒരുനിമിഷം ആലോചിച്ചു നിന്നു. വീട്ടിൽ പോയാൽ താമസിച്ചുപോകും. അന്നു പിന്നെ കത്തുകളെല്ലാം വിതരണം ചെയ്യുക എളുപ്പമല്ല. അത് കൃത്യവിലോപമാണ്.

കരപ്പുചേട്ടൻ പറഞ്ഞു:-

"എടാ, ഞാൻ എഴുത്തുകൊടുത്തിട്ട് വേഗം അങ്ങോട്ടു വരാമെന്നു പറ. അത്ര പേടിക്കാനൊന്നുമില്ലെന്ന് അവൻെറ തള്ളയോടു പറഞ്ഞേക്ക്.,,

കരപ്പുചേട്ടൻ സ്വയം ആശ്വസിച്ചു. കുട്ടികൾ വല്ലപ്പോഴും ഛർദ്ദിച്ചെന്നു വരും. അതിൽ വിഷമിക്കാനൊന്നുമില്ല.

നാണുവിനെ അയച്ചിട്ട് കരപ്പുചേട്ടൻ നടന്നു. അന്ന് പതിവിലധികം എഴുത്തുകളുള്ള ദിവസമാണ്. എങ്കിലും അവയെല്ലാം കഴിയുന്നതും നേരത്തെ വിതരണം ചെയ്തു കഴിഞ്ഞിട്ട് വീട്ടിലേക്കു പോകണമെന്ന നിശ്ചയത്തോടെ അയാൾ നടത്തത്തിൻെറ വേഗം കൂട്ടി.

റോഡരുകിൽ നിന്ന് കരപ്പുചേട്ടനെ ആരോ വിളിച്ചു

"എടോ കരപ്പേ, ഇങ്ങോട്ടു വാ.,,

കരപ്പുചേട്ടൻ വിളികേട്ട സ്ഥലത്തേക്കു നോക്കി. ആളിനെ മനസ്സിലായി. കരപ്പുചേട്ടൻ അയാൾക്കു കുറേ പണം കൊടുക്കാനുണ്ട്. റേഷൻ മേടിച്ച വകയിലുള്ളതാണ്.

കരപ്പുചേട്ടൻ അടുത്തുചെന്നു.

"കേട്ടോ ശങ്കരപ്പിള്ളച്ചേട്ടാ, താമസിയാതെ ശമ്പളം കൂട്ടിക്കിട്ടും. അപ്പോൾ എല്ലാം തീർത്തുതരാം. അതുവരെ ചേട്ടൻ ക്ഷമിക്കണം.,,

"എടോ ഒരു വർഷം ക്ഷമിച്ചതു പോരായോ? എടോ, താനും തൻെറ വീട്ടുകാരും നാണമില്ലാതെ വാങ്ങിച്ചു തിന്നതല്ലേടോ? അതിനെ പണം ചോദിക്കുമ്പോഴൊക്കെ ശമ്പളം കൂട്ടിക്കിട്ടട്ടെ എന്നു സമാധാനവും. ഛീ, നാണമില്ലാത്ത പരിഷകൾ!,,

കരപ്പുചേട്ടൻെറ അഭിമാനം വ്രണപ്പെട്ടു. അയാൾ നാലുവശത്തും നോക്കി. ആരെങ്കിലും കേട്ടോ എന്നറിയുന്നതിന്. ആരുമില്ല!

കരപ്പുചേട്ടൻ വീണ്ടും താണുപറഞ്ഞു:

"ശങ്കരപ്പിള്ളച്ചേട്ടൻ ഇത്തവണകൂടി ക്ഷമിക്കണം. രണ്ടുമാസത്തിനകം തന്നുതീർക്കാം.,,

"അതെ, രണ്ടുമാസം. എടോ, തൻെറ അച്ഛൻ സമ്പാദിച്ച പണമല്ലാത്തതുകൊണ്ടാ തനിക്കു ഒരു ബന്ധമില്ലാത്തത്. ഇനിയത്തെ അവധിയും തെററില്ല. പിന്നെ ഞാൻ കാണിച്ചുതരാം.,,

കരപ്പുചേട്ടൻ മിണ്ടാതെ തലയും കുനിച്ചു നിന്നു......

മൂന്നുമണിക്കൂറിനകം അന്ന് അഞ്ഞൂറ് എഴുത്തുകളോളം അയാൾ കൊടുത്തുതീർത്തു. അഞ്ഞൂറിടത്ത് കേറുകയും ഇറങ്ങുകയും ചെയ്യുക - അത് ചെറിയ കാര്യമല്ല. അയാൾ നടക്കുകയല്ല, ഓടുകയാണ്. മണി ഒന്നു കഴിഞ്ഞുകാണും. തലേദിവസത്തെ പട്ടിണി - കടുംവെയിലത്തുള്ള ഓട്ടം - വല്ലാത്ത ക്ഷീണം. അയാൾ കിതയ്ക്കുകയാണ്. ദേഹം വിയർത്തൊലിക്കുകയാണ്. ഇനിയും ആയിരത്തിഅഞ്ഞൂറോളം എഴുത്തുകൾ വിതരണം ചെയ്യുവാനുണ്ട്. ഇതിനിടെ വീടിനെപ്പററി അയാൾ ഓർമ്മിച്ചു. നിരാശയും വേദനയും നിറഞ്ഞ ഹൃദയത്തോടെ.

രണ്ടുമണിയായപ്പോൾ കരപ്പുചേട്ടൻ നാണുവിനെ വീണ്ടും കണ്ടുമുട്ടി. നാണു അയാളെ അന്വേഷിച്ചുവന്നതാണ്.

"എന്താ, നാണൂ?,, സംഭ്രമത്തോടെ കരപ്പുചേട്ടൻ ചോദിച്ചു.

"വേഗം അങ്ങോട്ടു ചെല്ലുമെന്ന് പറഞ്ഞു. കുഞ്ഞിന് വല്ലാതെ കൂടുതലാ. അതിൻെറ തള്ളയിരുന്നു കരയുന്നു.,,

കരപ്പുചേട്ടൻ സ്തംഭിച്ചുനിന്നു. എന്താണ് വേണ്ടത്? വീട്ടിൽ പോകുകയോ? അപ്പോൾ എഴുത്തുകൾ - അവയുടെ വിതരണം നാളത്തേയ്ക്ക് മാററി വയ്ക്കുകയോ? പാടില്ല, അത് തൻെറ കൃത്യമാണ്. കൃത്യം നിർവ്വഹിക്കുകതന്നെവേണം.

"നാണുപൊയ്ക്കോ. ഞാൻ ഇതാ വന്നു കഴിഞ്ഞു.,, കരപ്പുചേട്ടൻ പറഞ്ഞു. എന്നിട്ട് അയാൾ മുന്നോട്ടു പാഞ്ഞു.

പിതൃവാൽസല്യം ഒരു വശത്ത് - കർത്തവ്യപാലനനിഷ്ഠ മറുവശത്ത് - അയാൾ ഓരോ വീട്ടിലും കടയിലും കേറി, ഇറങ്ങി. പിന്നെയും ഓടി.

മണിക്കൂർ ഒന്നുകൂടി. മണി മൂന്ന്. ഇനിയും ബാക്കിയുണ്ട് അഞ്ഞൂറ് എഴുത്തുകൾ. അയാൾ തെല്ല് നിന്നു. അവയെല്ലാം നാളെക്കൊടുത്താൽ പോരേ? അയാൾ സ്വയം ചോദിച്ചു. പക്ഷേ ഇവ - അവരുടെ ആവശ്യങ്ങൾ മുടങ്ങും. പാടില്ല. കൊടുക്കുക തന്നെ വേണം. അയാളുടെ കാലുകൾ വീണ്ടും മുന്നോട്ടു പാഞ്ഞു.

മണി ആറായപ്പോൾ കരപ്പുചേട്ടൻെറ എഴുത്തുവിതരണജോലി അവസാനിച്ചു. അയാൾ അഞ്ചലാപ്പീസിലേക്കു പാഞ്ഞു.

കരപ്പുചേട്ടൻ അവിടെ എത്തിയപ്പോൾ ഗുമസ്തൻ പറഞ്ഞു.

"കരപ്പിനെ തിരക്കി വീട്ടിൽനിന്നും ഇവിടെ രണ്ടു പ്രാവശ്യം ആൾ വന്നു.,,

കരപ്പുചേട്ടൻ മിണ്ടിയില്ല. അയാളുടെ ഉള്ള് കരയുകയാണ്. സ്വീകരിക്കപ്പെടാത്ത കൂലിഎഴുത്തുകളും, സ്ഥലത്തില്ലാത്ത മേൽവിലാസക്കാരുടെ മണിയാർഡറുകളും അയാൾ അവിടെ ഏല്പിച്ചു. എന്നിട്ട് അയാൾ ഗുമസ്തനോടു പറഞ്ഞു:-

"ഞാൻ വീടുവരെ പോയിട്ടുവരാം.,,

"പോയാൽ പൈകെട്ടുന്ന താരാ?,,

"ഞാൻ വേഗം വന്നേക്കാം.,, കരപ്പുചേട്ടൻ നടന്നു, അല്ല, ഓടി.

വഴിയിൽവച്ച് വീട്ടിനു സമീപം താമസിക്കുന്ന ഗോവിന്ദനെ കണ്ടിട്ട് കരപ്പുചേട്ടൻ പെട്ടെന്നു നിന്നു.

"ഗോവിന്ദൻ എൻെറ വീട്ടിൻെറ മുമ്പിൽക്കൂടാണോ വരുന്നത്?,,

ഗോവിന്ദൻ കരപ്പുചേട്ടനെ സൂക്ഷിച്ചുനോക്കി. ആ നോട്ടത്തിൽ എന്തോ ഉണ്ട്.

"അപ്പം കരപ്പുചേട്ടൻ?,,

"ഞാൻ അഞ്ചലാപ്പീസീന്നു വരികയാ. എന്താ.,,

"അല്ല, വെറുതെ,, ഗോവിന്ദൻ എന്തോ മറച്ചുവെന്നത് സ്പഷ്ടമായി

"ഗോവിന്ദാ, ഒന്നും ഒളിക്കല്ലെ. എന്താ വിശേഷം?,,

ഒരു നിമിഷത്തെ മൗനത്തിനുശേഷം, ഗോവിന്ദൻ പറഞ്ഞു:

"ഓ, സങ്കടപ്പെടാനില്ല, കരപ്പുചേട്ടാ-എല്ലാം ദൈവവിധിയാ.,,

"എന്തു? എന്ത്?

വീണ്ടും ഒരു നിമിഷത്തെ മൗനം. ഗോവിന്ദൻ മറെറാരു വശത്തേക്കു നോക്കി മെല്ലെപ്പറഞ്ഞു.

'ചേട്ടൻെറ തങ്കപ്പൻ-അതു സംഭവിച്ച് ഒരു മണിക്കൂറായി.'

"ചതിച്ചോ, ദൈവമേ" കരപ്പുചേട്ടൻെറ കണ്ണുകളിൽ ഇരുൾ നിറഞ്ഞു.

"എല്ലാം ദൈവവിധിയാ, കരപ്പുചേട്ടാ-സങ്കടപ്പെടാനില്ല.'

"അയ്യോ! എൻെറ മോൻ-"നെഞ്ഞത്തു കൈയും വച്ച് കരപ്പുചേട്ടൻ മുന്നോട്ട് ഓടി.

വീട്ടിലെ നിലവിളി അപ്പൊഴും നിലച്ചില്ല. ഒരു ശവം കണക്കെ കരപ്പുചേട്ടൻ വീട്ടിനുള്ളിൽ കയറിച്ചെന്നു. നിശ്ശബ്ദമായി നിന്ന് അയാൾ ആ കാഴ്ച കണ്ടു. തങ്കപ്പൻെറ ജഡം ഒരു പായയിൽ കിടക്കുകയാണ്. അനന്തമായ നിശ്ശബ്ദതയിൽ അവൻ ആണ്ടു കഴിഞ്ഞു. ഇനി അച്ഛനെ കാണുമ്പോൾ അവൻ ഓടിവരികയില്ല. അച്ഛനെ കാണുവാൻ അവൻ ഇനി ഉറക്കമിളച്ച് ഇരിക്കുകയില്ല. മേലാൽ അച്ഛനോട് വയറുവേദനിക്കുന്നുവെന്ന് അവൻ പറയുകയില്ല. മേലാൽ അരിക്കഞ്ഞിവേണമെന്ന് അവൻ ശഠിക്കുകയില്ല. പട്ടിണിയിൽ കിടന്ന് ആ ജീവിതം വെന്തൊടുങ്ങി.

കരപ്പുചേട്ടൻ ഇവനെ അങ്ങനെ നോക്കിനിന്നു. അയാൾക്ക് കരയണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ ധൈര്യമില്ല. വെറും മൂകത. വെറും മൂകത!

നിലവിളികൾ മെല്ലെമെല്ലെ താണു. അവസാനം ആ വീട് നിശ്ശബ്ദമായി.

കരപ്പുചേട്ടൻ വാതിൽക്കലേക്കു തിരിഞ്ഞു. ഒരു ശബ്ദംപോലും പുറപ്പെടുവിക്കാതെ പുറത്തിറങ്ങി. അയാൾ അഞ്ചലാപ്പീസിലേക്ക് നടന്നു.

അഞ്ചൽപെട്ടിക്കകത്തു കിടന്ന അന്നത്തെ എഴുത്തുകളെല്ലാം അയാൾ വെളിയിലെടുത്തു മുദ്രയടിച്ചു. തിരഞ്ഞു പൈക്കിലിട്ടു കെട്ടി. സീലും വച്ചു. എന്നിട്ട് അയാൾ ബസ്സുകാത്ത് ഇരിപ്പുമായി.

ആരും അയാളെ ശ്രദ്ധിച്ചില്ല. ആ ഹൃദയത്തിൽ കത്തുന്ന തീയുടെ തീക്ഷ്ണതയും ആക്കം അറിയുവാൻ കഴിഞ്ഞില്ല. അയാൾ ചുണ്ടുംകടിച്ചുപിടിച്ച് ഇരിക്കുകയാണ്.

ജോലി കഴിഞ്ഞ് ഗുമസ്തന്മാർ എല്ലാവരും പൊയ്ക്കഴിഞ്ഞു. റോഡിലെ ആരം

(ശേഷം 22-ാംപേജിൽ)

WE AIM THE BEST

കേരള ബാലമണ്ഡലം

# സ്മരണകൾ

(എടക്കാടൻ)

മഞ്ജുളമാകുമാ സുപ്രഭാതത്തിലെ
മഞ്ജുതരം നോക്ക വിരിക്കുന്ന വേളയിൽ
മന്ദാനിലനിൽ ലയിക്കുമാറങ്ങൊരു
മഞ്ജീരത്തിൻെറ മനോഹരസുസ്മിതം
എൻ മനോഭിത്തിയിൽ മോഹനസ്വപ്നങ്ങ-
ളൊന്നൊന്നായ് തട്ടിയുണർത്താനൊരുങ്ങിടും
'ജീവിതാരാമത്തിലങ്കുരമില്ലാത്ത
ചാപല്യമൊന്നാണു പ്രേമമെന്നാകിലും
ഉണ്ടതിനല്ലും കരമുകിൽക്കാട്ടുകൾ
സംതൃപ്തിയോടെ കടന്നുപോന്നിട്ടുവാൻ,
ഒന്നും കൊതിക്കാത്ത മട്ടിൽ ഞാൻ നിന്നുടെ
നിർമ്മലപ്രേമമിരന്നുവെന്നാകിലും
അർപ്പണം ചെയ്തു നീ നിസ്തുലപ്രേമത്തെ
വിപ്രിയമില്ലാതെ മൽപ്രേമശുദ്ധിയിൽ.
അന്നു നാം മഞ്ജുശൃംഗാരസമാനമാം—
മന്ദഹാസം പൊഴിച്ചെന്നും പരസ്പരം
വിസ്മൃതികൊണ്ടു ഞാൻ, വിശ്വത്തെയാ—
കവേ
ഇസ്സൗഹൃദത്തിൻ പരിമളമേല്ക്കയാൽ
ഉന്നവയൊക്കെയോ! ഏതോ കരാളമായ്
അംബരത്തിങ്കൽ മറഞ്ഞുകഴിഞ്ഞുമേ!
എന്നും ഞാൻ തീരാനിരാശയിലിങ്ങിനെ
മന്നിൽ പുലരിയെ കാംക്ഷിച്ചുകൊ
ണ്ടിടാം.
കാണുകയില്ല നാം എന്നും, ഒരിക്കലും
കാണാത്തമാതിരി വേർപെട്ടുപോയി നീ
ആ വിയോഗത്തിൽ ഹാ! സർവ്വം മറിച്ചു
പോയ്
ജീവിതത്തിങ്കലെ പ്രേമസ്മരണകൾ.
എങ്കിലുമിന്നവയോർക്കുന്നനേരം ഹാ
എൻമനം മെല്ലെ ഇളകുന്നിതെന്തോ;
നിൻെറയോർമ്മ [illegible]
ന്നു
സന്താപമാനസമൊന്നുമാത്രം മതി.

—o—

ചെറുകഥ

# വെഡ്ഡിങ്ങ് കാർഡ്

(പി. രവീന്ദ്രനാഥ്, എറണാകുളം)

ചന്ദ്രശേഖരനെ കോയമ്പത്തൂരെ മുൻസീഫായി നിയമിച്ചു. അയാൾ അന്നു സ്വന്തം നാടായ എറണാകുളവും വിട്ടു വണ്ടി കയറി....

കേശവൻ നായരുടെ ഏകപുത്രനാണു ചന്ദ്രൻ. തൻെറ സ്വത്തുമുഴുവൻ ചിലവഴിച്ചു് അതുമാത്രമല്ല കുറേ രൂപ കടം മേടിച്ചുകൂടി, ആണു ചന്ദ്രനെ പഠിപ്പിച്ചതു്. അയാൾ പാസ്സായി. ഹയർ സ്റ്റഡിക്കായി അയാളെ അന്യനാട്ടുകളിലേക്കു പറഞ്ഞയച്ചു അയാൾ ബി. എൽ. പാസ്സായി. ഭാഗ്യംകൊണ്ടു് യുവാവായ ചന്ദ്രശേഖരൻ കോയമ്പത്തൂരെ മുൻസീഫായിത്തീർന്നു!

അനവധി വിവാഹാലോചനകൾ ആ സുമുഖനായ യുവാവിനു വന്നുചേർന്നുകൊണ്ടിരുന്നു.

അയാൾ കൊല്ലത്തിൽ ചിലപ്പോൾ ഒരു പ്രാവശ്യം നാട്ടിൽ വരാറുണ്ടു്. ദിനങ്ങളും മാസങ്ങളും അങ്ങനെ കടന്നുപോയി.

അന്നു ചന്ദ്രശേഖരൻ നാട്ടിലേക്കു വന്നപ്പോൾ അച്ഛനും അമ്മയും കൂടി പറഞ്ഞു:- "നീ ഒരു കല്യാണം കഴിച്ചു കാണാൻ എന്നു പറ്റും. നിന്നെ പഠിപ്പിച്ചതിൽതന്നെ അനവധി രൂപാ കടമായിട്ടുണ്ടു്. പിന്നെ ഞങ്ങൾക്കു വയസ്സായി. ഈ വയസ്സുകാലത്തു് ഞങ്ങൾക്കൊപ്പം ഒരുത്തിയെങ്കിലുമായി. ആ മേനോൻെറ മകളെ ഒന്നു കല്യാണം കഴിച്ചു നീ സുഖമായൊന്നു താമസിച്ചുകണ്ടെങ്കിൽ!,,

"ഓ! അതൊന്നും വേണ്ടെൻെറ അച്ഛാ. ആകട്ടെ വരട്ടെ,, അയാൾ അതങ്ങനെ നീട്ടിക്കൊണ്ടുപോയി.

കുറച്ചു ദിവസത്തിനകം അയാൾ കോയമ്പത്തൂർക്കു തിരിച്ചു......

ii

ഒരു ദിവസം ആ നാട്ടിലെ ഒരു വലിയ പ്രഭുവായ രാമൻമേനോൻ അവരുടെ വീട്ടിൽ കയറിച്ചെന്നു. അവർ ഓരോ വർത്തമാനങ്ങൾ പറഞ്ഞു. ചന്ദ്രൻെറ കാര്യങ്ങളായിരുന്നു അതിൽ അധികവും പെട്ടിരുന്നതു്.

"പിന്നെ എൻെറ ഒരു മോളുണ്ടു്.,, മേനോൻ പറഞ്ഞുതുടങ്ങി. "ഇന്റർ മീഡിയററ് പാസ്സായതാ. എനിക്കൊരാഗ്രഹം അവളെ ചന്ദ്രശേഖരൻ കല്യാണം കഴിക്കണമെന്നു്,,.

"അവൻ പറയുന്നു, വരട്ടെ, വരട്ടെ എന്നു്. പിന്നെന്തുചെയ്യും മേനോനേ. എനിക്കും അവൻെറ തള്ളയ്ക്കും ആഗ്രഹം അവൻ നമ്മുടെ നാട്ടിലെ നല്ല വീട്ടിലെ പെണ്ണുങ്ങളെ വല്ലോരേം കല്യാണം കഴിച്ചു സുഖമായി ജീവിക്കണമെന്നാ. പിന്നെ മേനോൻെറ വീട്ടിലെയാവാമെന്നു പറഞ്ഞപ്പോൾ പ്രത്യേകിച്ചൊരാഹ്ലാദം. എന്തായാലും ഞാനവനെഴുതട്ടെ.,,

"നിങ്ങൾ പറഞ്ഞതാണല്ലേ അയാൾ അനുസരിക്കുള്ളു. അയാൾ ഇപ്പഴത്തെ ആളുകളെപ്പോലെ ഒരുതെമ്മാടിയൊന്നുമല്ല,,

"എന്നാലും അവൻ ചിലപ്പോൾ നാം പറഞ്ഞതു കേൾക്കില്ല. എന്തായാലും മേനോനേ ഞാനെടനവനെഴുതാം.,,

"ഉം.,, മേനോൻ പോയി.

വീണ്ടും ആലോചനകൾ പലതും കേശവൻനായർക്കു വന്നുകൊണ്ടിരുന്നു.

"അവൻ മേനൻെറ മോളെ കല്യാണം കഴിച്ചാൽ വലിയ ഉപകാരമാവും. എത്ര രൂപയാ അവൻെറ പഠിത്തച്ചെലവിൽ രാമൻമേനനു കൊടുക്കാനുള്ളതു്.,, കേശവൻനായർ അയാളുടെ ഭാര്യ, ചന്ദ്രൻെറ അമ്മയോടു പറഞ്ഞു.

"അവൻ ഒരു കല്യാണം കഴിച്ചെങ്കിലും കാണാൻ പററുമോ?,, അമ്മ അച്ഛനോടു ചോദിച്ചു.

"എങ്ങനെങ്കിലും സാധിക്കുമോ, അതുതന്നെയായിരുന്നു അദ്ദേഹത്തിനും ചോദിക്കുവാനുണ്ടായിരുന്നതു്.

"അവൻ ഇപ്പഴത്തെ പിള്ളേരെപ്പോലെ തെമ്മാടിയാവാതെ ഒരു നല്ല വീട്ടിൽ സംബന്ധം ചെയ്തു സുഖമായി താമസിക്കട്ടെ, ഈശ്വരാ.

അതുതന്നെയാണു് എൻെറ പ്രാർത്ഥന.,,

* X X

വേറൊരു ദിവസം കേശവൻനായർ ഭാര്യയോടു പറഞ്ഞു:- "ആ രാമമ്മേനോൻെറ മകളുടെ കാര്യത്തെപ്പററി അവനു് എഴുതയച്ചെന്നു പറഞ്ഞല്ലോ. അവൻ പിന്നേം വരട്ടെ വരട്ടെ എന്നുതന്നെ പറഞ്ഞുകഴിച്ചുകൂട്ടുന്നു. അല്ലേൽ ഞാനങ്ങു പറഞ്ഞാൽ അവനു് അതങ്ങു സമ്മതിക്കരുതോ? തന്നിഷ്ടങ്ങൾ!,.

"അവനെന്നാലും ഒരു തോന്ന്യാസിയൊന്നുമല്ലാ. ആണേൽ അവൻ കോയമ്പത്തൂരൊക്കെ മുൻസീഫ്പ്പാവോ.,, ആ അമ്മ മകനെ പുകഴ്ത്തി. തോന്നിവാസിയായാലും തെമ്മാടിയായാലും മാതൃഹൃദയത്തിൽ മകൻ മര്യാദക്കാരനാണു്.

"അവനടുത്തു വരുമെന്നു്. അപ്പോൾ നമുക്കു് ആ വിവാഹം എങ്ങനേങ്കിലും കഴിപ്പിക്കണം. മേനോൻ ചിലപ്പോൾ ഇന്നു വരും. അപ്പോൾ അതൊക്കെ നമുക്കു തീർച്ചയാക്കാം ,,

# ആസ്സാം*

(പി. എഫ്. തോമസ്)

ഇന്ത്യയുടെ വടക്കുകിഴക്കു് ഭാഗത്തു് ആസ്സാം പ്രവിശ്യ സ്ഥിതിചെയ്യുന്നു. അവിടെ ഇന്ത്യ, ബർമ്മാ, ചൈന, ടിബററ് എന്നീ രാജ്യങ്ങളുടെ അതിർത്തികൾ കൂട്ടിമുട്ടുന്നു. ആസ്സാമിലെ സുഖകരമായ തണുത്ത കാലാവസ്ഥ തേയില കൃഷിക്കു് പററിയതാണു്. ആസ്സാം നദികളുടെയും ഉയർന്ന മലകളുടെയും, മനോഹരമായ വെള്ളച്ചാട്ടങ്ങളുടെയും ഒരു രാജ്യമാണു്. തന്നുമല്ലും അവിടെ തേയിലയുടെയും വെള്ളച്ചാട്ടങ്ങളുടെയും രാജ്യം എന്നു ചിലപ്പോൾ പറഞ്ഞുവരുന്നു. ഭാരതത്തിലെ നീളം കൂടിയ നദികളിലൊന്നായ ബ്രഹ്മപുത്ര ആസ്സാമിൽകൂടി പ്രവഹിക്കുന്നു.

ആസ്സാമിൻെറ വിസ്തീർണ്ണം 60000 ചതുരശ്രമൈലാണു്. ദുഷ്പ്രാപ്യങ്ങളായ അവിടത്തെ കാടുകളിൽ ആന, കാട്ടുപോത്തു്, മാൻ, പുലി, പാമ്പു് മുതലായവ ധാരാളം അധിവസിക്കുന്നു. കിഴക്കെ ആസ്സാം മലകളാൽ നിറയപ്പെട്ടിരിക്കുന്നു. ഗാറോസ്, നാഗന്മാർ, കുക്കിസ് മുതലായ കാട്ടുജാതിക്കാർ അവിടെ ജീവിക്കുന്നു.

ആസ്സാമിൻെറ തലസ്ഥാനം "ഷില്ലോങ്ങ്,, ആകുന്നു. ഒരു കുന്നിൻെറ ചരിവിൽ സ്ഥിതിചെയ്യുന്ന ഈ പട്ടണം സമുദ്രനിരപ്പിൽനിന്നു് 6000 അടിമുകളിലാണു്

* ഇംഗ്ലീഷിൽനിന്നു.

ആലോചനകൾ വീണ്ടും പലതും കേശവൻനായക്ക വന്നുചേർന്നുകൊണ്ടിരുന്നു.........

അന്നു വൈകുന്നേരം രാമൻമേനോൻ ആ വീട്ടിൽ വീണ്ടും ചെന്നു. അവർ മാ രോന്നു സംസാരിച്ചു.

"പിന്നെ അതേയ് ആ വിവാഹത്തിന്റെ കാര്യം വേഗം തീർച്ചയാക്കണം. എഴുത്തിനെന്താ മറുപടി.,,

"എന്തെങ്കിലുമാവട്ടെ. നമുക്കിതു തീർച്ച്യാക്കാം. അടുത്തവൻ വരും. അപ്പോൾ ആ വിവാഹമങ്ങു നടത്താം. ഞാനുറപ്പു തന്നേക്കനും. പിന്നെ പണത്തിന്റെ കാര്യമൊക്കെ വേഗം ശരിയാക്കണം. അവൻ മൂന്നാംതീവരും. അവൻ പിന്നേം വരട്ടെ എന്നു തന്ന്യാ പറേണെ. പക്ഷേ ഇതാവണ്ണ വരുമ്പോൾ നമുക്കിതു നടത്താം.,,

"ചന്ദ്രന്റെ അമ്മക്ക ഇതു സമ്മതല്ലേ,,

"അവക്കാ ഇതിൽ വല്യ ആഗ്രഹം,,

"പിന്നെ നമുക്ക് അപ്പം കേശവൻ

## കൈനോട്ടം

(13-ാംപേജിൽനിന്നു തുടർച്ച)

8

സൂര്യനിൽ ശരിയായാത്മ–
രേഖതൻ ശാഖകേറിയാൽ
സൂരിയാം സുതനുണ്ടാവും
തീരെയും തെറ്റകില്ലതു്

9

ഇത്തരം വരവെട്ടൊന്നും
തട്ടാതെ ചെറുചോപ്പൊടും
വൃത്തിയായ് ശകലം ചാഞ്ഞു
ശക്തിയായ്തന്നെ നിൽക്കണം

10

ചേലൊടിച്ചെറുതാം ശാഖ
യാത്മരേഖപെറുന്നതു്
ബുധമണ്ഡലമദ്ധ്യത്തി–
ന്നടിയിൽതന്നെയാകണം

11

ശനിതൻ താഴെയാത്മാവു–
പെരുമീവിധമുള്ളതാം
വരഭാസ്കരനിൽച്ചെന്നാ–
ലതുപെൺകുട്ടിയായിടും.

12

അവൾ തന്നുടെ സൌഭാഗ്യ–
ത്തികവാലവ നീതലെ
അതിസൽപ്പുകൾ സമ്പാദി–
ച്ചമരും മരണം വരെ.

വിട്ടുപോയ ഭാഗം

ബുദ്ധിരേഖയുമായസ്സും
വെട്ടിയാത്മാവു തൻവര
ഒന്നാം ചൊവ്വയിലെത്തുന്ന
തത്യാപൽകരമായിടും
അസ്ഥാനപ്രേമമുണ്ടായി–
ട്ടത്യന്തം വിഷമിച്ചിടും
ഗർഭമൊന്നലസിക്കാനും
പക്ഷെ സംഗതി വന്നിടും
ഇണതന്റെ കുടുംബക്കാ–
രെതിരാളികളായിടും
അവർ നല്ലകണക്കിന്നു
പ്രഹരങ്ങൾ കൊടുത്തിടും
ഭൂമിയെപ്പറ്റി വല്ലാതു–
ള്ളവകാശ വഴക്കുകൾ
വീറൊടൊത്തു നടത്തീട്ടു–
മേറെ നഷ്ടമുദിച്ചിടും

(ഇതു് 'പൊന്നാണി,യുടെ താഴത്തുവരുന്ന ആത്മരേഖയെക്കുറിച്ച് എഴുതിയിട്ടുള്ളതിന്റെ ബാക്കിയാണ്.)

നായർ, നല്ല ദിവസോക്കെ തീർച്ചാക്കണ്ടെ,,

"അഞ്ചാംതീക്ക ശേഷം നല്ല ഒരു ദിവസം തിരഞ്ഞെടുക്കാം. അപ്പട്ടസ്സാമ്യേക്കൊണ്ടു നോക്കിപ്പിക്കാം,,

"പിന്നെ എന്നാൽ ഇതു വേഗം തീർച്ച്യാക്കാം. അപ്പം അഞ്ചാംതീക്കശേഷാം. ഞാനിനി അപ്പട്ടസ്സാമിയെ കണ്ടെട്ടെ,, മേനോൻ പോയി.

"അപ്പ ആ വിവാഹം തീർച്ച്യാക്കീല്ലെ,, അമ്മ അച്ഛനോടു പറഞ്ഞു.

"ആ വിവാഹം നമുക്ക വല്ല്യൊരു ഭാഗ്യായി. ചന്ദ്രൻ ഇവിടെ വരുമ്പോത്തന്നെ ആ വിവാഹം കഴിക്കാമെന്നു പറഞ്ഞു. അഞ്ചാംതീക്ക ശേഷം.,,

iii

ചന്ദ്രശേഖരൻ ഇന്നു വരുമെന്നാകത്തിൽ. അമ്മയും അച്ഛനും കുളിയും കഴിഞ്ഞു് ശുഭ്രവസ്ത്രങ്ങളും ധരിച്ച് ഭക്ഷണസാധനങ്ങളെല്ലാം പാകം ചെയ്ത് മകന്റെ വരവിനെ പ്രതീക്ഷിച്ചിരിപ്പായി. അവരുടെ ചിന്ത അപ്പോഴും മകന്റെ വിവാഹത്തെപ്പറ്റിയാണ്.

'എന്റെ എറണാകുളത്തപ്പാ, അവൻ ഈ വിവാഹം സമ്മതിക്കണേ,? അവർ പ്രാർത്ഥിച്ചു.........

"തീവണ്ടി വരാറായില്ലേ,, അമ്മ അച്ഛനെ വിളിച്ചു ചോദിച്ചു

അച്ഛൻ ക്ലോക്കിൽ സമയം നോക്കി. "അഞ്ചു മിനിട്ടുകൂടി കഴിയണം!

കുറച്ചുനേരം വീണ്ടുമങ്ങനെ കഴിഞ്ഞു അനാവധി നിമിഷങ്ങൾ വേഗത്തിൽ പാഞ്ഞുകൊണ്ടു പോയി. വിലപിടിച്ച അനവധി നിമിഷങ്ങൾ! ഒരിക്കലും മടങ്ങിവരാത്ത അനവധി നിമിഷങ്ങൾ!

'എഴുത്തു്', പുറത്തൊരു വിളി.

കേശവൻ നായർ പുറത്തേക്ക വന്നു. പോസ്റ്റുമാസ്റ്റർ എഴുത്തുകൊടുത്തു പോയി.

'ആരുടെ എഴുത്താ, അമ്മ ചോദിച്ചു.

'ചന്ദ്രന്റെ ആന്നു തോന്നുന്നു, അച്ഛൻ പറഞ്ഞു.

'ചന്ദ്രൻ ഇന്നു വരുമെന്നല്ലേ പറഞ്ഞേക്കുന്നേ. പിന്നെങ്ങിന്യാ അവന്റെ എഴുത്തു വരിക,

'കയ്യക്ഷരം കണ്ടിട്ടു തോന്നുന്നതാ.,,

'എന്തെങ്കിലുമാവട്ടെ, ആരുടെങ്കിലുമാവട്ടെ. തുറന്നു നോക്കു,

കേശവൻനായർ കവർ പൊളിച്ചു ചന്ദ്രന്റെ അമ്മ ശ്രദ്ധയോടെ ഇരുന്നു.

"ചന്ദ്രന്റെ എഴുത്താ,, ആ പിതാവ് എന്തെന്നറിയാതെ ഒന്നു ഭയപ്പെട്ട് തുറന്നുനോക്കി. അമ്മ കണ്ണടകൊണ്ടുകൊടുത്തു.

"എഴുത്തൊറക്കനെ വായിക്കു. ഞാനും ഒന്നു കേക്കട്ടെ,,

കേശവൻനായർ വായന തുടങ്ങി.

പ്രിയപ്പെട്ട അച്ഛാ,

ഞാനൊരു ലഘു സംഗതിയെഴുതട്ടെ. അച്ഛൻ ദേഷ്യപ്പെടരുത്. ഞാൻ ഒരു വിവാഹിതനായ് കാണാൻ ആശയുണ്ട് എന്നു പലവുരു നിങ്ങൾ പറയാറുണ്ടല്ലോ- അങ്ങനെതന്നെ, ഒരു വിവാഹിതനായ് എന്നെ അടുത്തു കാണാൻ പററും.

'എന്ത്?' അമ്മ ചാടിയെണീററു.

കേശവൻനായർ വീണ്ടും വായന തുടങ്ങി.

പ്രിയപ്പെട്ട അച്ഛനമ്മമാരെ,

ഞാനൊരു സ്ത്രീയിൽ അനുരക്തനായിത്തീർന്നിരിക്കുന്നു. അവളാരാണെന്നോ, ഞാൻ പറയാം. മുൻസിഫ്കോർട്ടിലെ ഒരു ക്ലാക്കിന്റെ മകൾ. അവരുടെ സ്വന്തംനാട്ട് ആലുവായാണ്. ഇവിടെവന്നു് അച്ഛന്റെ ഒപ്പം താമസിക്കുകയാണ്. അവർ വല്യ പണക്കാരൊന്നുമല്ല. എന്തായാലും ഈ വിവാഹം അങ്ങു സമ്മതിക്കണം. തീർച്ച്യായും സമ്മതിക്കണം. സമ്മതിക്കും എന്നു വിചാരിക്കുന്നു. അമ്മയോടു ഇവ പറയണം.

അങ്ങോട്ടു വരാതിരിപ്പാനുള്ള കാരണം ഈ വിവാഹം വേഗം കഴിപ്പിക്കണമെന്നുള്ളതാണ്. അവളെ ഞാൻ വിവാഹം കഴിക്കട്ടെ'

അടുത്തുതന്നെ വേറെ കത്തയക്കാം— വിവാഹത്തെപ്പററി. അച്ഛനും അമ്മയും കാറുപിടിച്ചു വരുമെന്നു ഞാനാശിക്കുന്നു. ആ ആശ സഫലീകൃതമായെങ്കിൽ! —

നാട്ടിലേക്ക വരുവാൻ പുറിക്ക മടിയാവുന്നു. അതുകൊണ്ടാണു ഞാനങ്ങു വരാത്തതു്. അമ്മയുടേയും അച്ഛന്റേയും സർവ്വസമ്മതങ്ങളും ആനുകൂല്യങ്ങളും ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നു.

എന്നു

സ്വന്തം മകൻ ചന്ദ്രൻ.

കേശവൻനായർ കത്തുമടക്കി.

"എന്തേ, ക്ലാക്കിന്റെ മോളെ അവൻ സംബന്ധംചെയ്യാൻ പോണൂന്നോ" കേശവൻനായരോടു ആ സ്ത്രീ ചോദിച്ചു?

'അതേ' കേശവൻനായരുടെ മുഖം ചുമന്നു. 'അതേ!, അയാൾ പല്ലുകടിച്ചു പിടിച്ചുകൊണ്ട് ആ രണ്ടു വാക്കുകൾ വീണ്ടും ഉച്ചരിച്ചു. 'അതേ!, വീണ്ടും

ഉടനെ അയാൾ ശാന്തനായി "രാമൻമേനോന്റെ മോളുടെ കല്യാണം ഈ ഏഴാംതീ തീർച്ചയാക്കികഴിഞ്ഞു. അതു നാടു മുഴുവൻ പരന്നും കഴിഞ്ഞു. അവനിനി അവിടെ വിവാഹം ചെയ്താലോ. ആളുകളെന്തുപറയും?"

"നാട്ടുകാരെന്തു പറയും. ആ വിവാഹം ഒരു നാട്ടോടിപ്പാട്ടായിത്തന്നെ കഴിഞ്ഞിട്ടുണ്ട്" അമ്മ പറഞ്ഞു.

'നാളെപ്പോയി അവനെ ഇങ്ങു കൂട്ടിക്കൊണ്ടുവന്നാല്ലോ" കേശവൻനായർ പതുക്കെ പറഞ്ഞു.

'അതാ നല്ലതു്'

'ആ പഞ്ചാംഗമിങ്ങു കൊണ്ടുവരു, അയാളുടെ ഭാര്യ ഒരു മൂലയിൽ കിടന്നിരുന്ന 1121–ാമാണ്ടിലെ പഞ്ചാംഗം കൊണ്ടുവന്നു.

കേശവൻനായർ അതു തുറന്നു. കണ്ണട ശരിക്കുവച്ചു. ചിന്താകുലനായി അതിലെ ഓരോ ഇതളുകൾ മറിച്ചുനോക്കി. അയാൾ പിറുപിറുത്തു തുടങ്ങി. നാളെ ശനിയാഴ്ച. യാത്രക്ക പററ്യ ദിവസമല്ല. ശനിയാഴ്ച യാത്രചെയ്താൽ വിചാരിച്ച സംഗതി നടക്കില്ല. 'ശനിയാഴ്ച യാത്ര ചെയ്യരുതു് എന്നല്ലേ നമ്മടെ കാരണവന്മാർ, ജ്യൌതിഷകന്മാരൊക്കെ പറയാറുള്ളതു്. അപ്പോൾ നാളെ പോവാൻ കൊള്ളില്ല. ഇന്നു ഇനി സമയമില്ല മററന്നാൾ പ്രഭാതത്തിലെ വണ്ടിക്ക് അങ്ങോട്ടു പോകാം" അയാൾ ആലോചനാമഗ്നനായി ഇരുന്നു.

"മേനോൻ, നാട്ടുകാർ ഇവരെല്ലാം എന്തുപറയും. നമ്മളെ അവർ കൊല്ലാതെ കൊല്ലും.,, അമ്മ പറഞ്ഞു.

നായരുടെ മുഖം വാടി. "അവൻ വരാമിരുന്നല്ലോ. ആ വിവാഹം തീർച്ച്യാ

നോവൽപംക്തി

# കാലചക്രം

(എ. പി. വാസുനമ്പീശൻ)

## അദ്ധ്യായം ൫

കണ്ണീരുകൊണ്ട് ആ മുററം നനച്ചാണ് ലക്ഷ്മിക്കുട്ടി പടി കടന്നുപോയത്. അവൾക്ക് അടക്കാനും ഒതുക്കാനും വയ്യാത്ത ഒരു തേങ്ങിക്കരയൽ. എന്തെല്ലാം വികാരങ്ങളാണിതിന്നു ഹേതുഭൂതങ്ങളെന്നു പറയാൻ വയ്യ. മനശ്ശാസ്ത്രജ്ഞൻെറ തൂലിക വേണം അവയുടെ അപഗ്രഥനത്തിന്. എങ്കിലും ആരാണവളെ ഈ ദുരവസ്ഥയിൽ ചാടിച്ചതെന്നു കണ്ടുപിടിക്കാൻ പ്രയാസമില്ല. കാരണവരല്ല. അദ്ദേഹം ഇക്കാര്യത്തിൽ നിരപരാധനാണ്. പലതും അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നു. അവ പ്ലൂനാങ്ങാൻ കഴിഞ്ഞില്ല. എന്തോ ഒന്ന് അവയുടെ മുകളിൽ ചെന്നുവീണ് അവയെ ആകെ ചതച്ചരച്ചു. അതിനാൽ അദ്ദേഹം ഒന്നും ചെയ്തില്ല; പറഞ്ഞില്ല.

ആ പോക്കിരിയില്ലേ? ത്രിവിക്രമൻ നമ്പൂതിരി അദ്ദേഹമാണ് സർവ്വകുരുത്തക്കേടുമുണ്ടാക്കിയത്; ചെറുപ്പമാണ്. പ്രായം മുപ്പതിനടുത്തെങ്ങോ. പുരുഷന് അദ്ദേഹത്തിൻേറതിനേക്കാളേറെ സൗഭാഗ്യം ആവശ്യമില്ല. നല്ല ചൊടിയും പുന്നയുമുള്ള വീരൻ. എവിടെപ്പെട്ടാലും തിരിച്ചറിയാൻ പ്രയാസമില്ലാത്ത പ്രസരിപ്പുണ്ട്. ഫലിതമുള്ള സംസാരം. എന്തുപറഞ്ഞാലും ആർക്കും മടുപ്പുതോന്നില്ല.

മണത്തറിയാനുള്ള കഴിവ് അദ്ദേഹത്തിന്ന് നായയേക്കാൾ ഏറെയുണ്ട്. ലക്ഷ്മിക്കുട്ടി ഇല്ലത്തു കയറിവരുന്നതുവരെ, അവളെ അന്നാദ്യമായി അടുത്തുകാണുന്നതുവരെ, ഏട്ടൻെറ മാനപ്പുടവയിൽ കലർപ്പററ വാത്സല്യമല്ലാതെ മറെറന്തെങ്കിലുമുണ്ടാകുമെന്ന് അദ്ദേഹം സംശയിച്ചില്ല. അവളെ കാണേണ്ടതാമസമേ ഉണ്ടായുള്ളു സംശയം മുഴുവൻ തീരാൻ. അദ്ദേഹം വിചാരിച്ചു:– "ഇതിൻെറ ഉള്ളിൽ എന്തോ ഒന്നുണ്ട്. ഒരു കള്ളവ്, ഗൂഢാലോചന. രണ്ടുവേളി കഴിച്ച ഏട്ടൻ ഈ പണിക്കു നില്ക്കേണ്ടിയിരുന്നില്ല. എന്തുവന്നാലും ഇക്കാര്യത്തിൽ ഏട്ടനെ ഗോപി തൊടീക്കാതെ വയ്യ. അത്ര സാമർത്ഥ്യം പാടില്ലല്ലോ. ഏട്ടനെന്താ ആവശ്യം ഇതിനൊക്കെ നിന്നിട്ട്? ഇത്ര പ്രായമായില്ലേ? ഇനിയും തൻേറടമില്ലെങ്കിൽ എന്നാണിനി അതുണ്ടാവാൻ പോണത്? ഞങ്ങൾ രണ്ടനുജന്മാരില്ലേ? അവരെ നല്ല വഴിക്കു നടത്താൻ ചുമതലപ്പെട്ടവനല്ലേ? ആ ആളുതന്നെ ഇങ്ങിനെ പുറപ്പെട്ടാൽ എന്താ നില? പെരിയങ്ങോട്ട് ഇങ്ങിനെ ഒരു കാലം വന്നില്ലേ?,,

ഈ ധാർമ്മികരോഷത്തോടുകൂടി അദ്ദേഹം അകത്തേക്കു പ്രവേശിച്ചു. എന്നിട്ടു തീർമാനം ചെയ്തു: "നന്ന കൂടിയേ കഴിയൂ എങ്കിൽ മാനപ്പുട ഏട്ടൻ കൊടുത്തോട്ടെ. അതിൽ കവിഞ്ഞ് അവളെ ഒരു നോക്കുകാണാനോ, അവളോടു വല്ലതും മിണ്ടാനോ, അവളുടെ മുമ്പിൽവച്ച് എന്തെങ്കിലും വങ്കത്തങ്ങൾ കാട്ടാനോ ഞാൻ സമ്മതിക്കില്ല. എന്നല്ല, അവൾ ഇല്ലത്തു പോകുന്നതുവരെ അവളെക്കുറിച്ചുള്ള എല്ലാ ചുമതലയും എനിക്കാണുതാനും. ഇതിൽ രാജിയാകലില്ല. ഏട്ടൻ പരിപൂർണ്ണമായും കീഴടങ്ങണം.,,

ഈ ലക്ഷ്യം മുൻനിർത്തി അന്നത്തെ അകത്തെ ഭരണം മുഴുവൻ അദ്ദേഹം ഏറെറടുത്തു. അത്രക്ക് അരാജകത്വം ആ കുടുംബത്തു കടന്നുകൂടരുതല്ലോ. പോർവിളിയെങ്കിൽ അത്, യുദ്ധമെങ്കിൽ അതും – ഇതായിരുന്നു ആ ധീരൻെറ നില.

അന്നദ്ദേഹത്തിനു തികച്ചും വിജയം കൈവന്നു. ലക്ഷ്മിക്കുട്ടി അദ്ദേഹത്തിൻെറ ചൊല്പടിയായിരുന്നു അവിടംവിട്ടുപോകുന്നതുവരെ. ചെറിയേട്ടൻ തിരുമേനിയുടെ നിയമവും സമാധാനവുംപാലിക്കൽ അവൾക്കൊട്ടു രസിച്ചു. എത്ര ഉദാരനും ദയാലുവുമായ ഭരണാധികാരി!

സൈനികപാരമ്പര്യങ്ങളുള്ള ഒരു നായർ തറവാട്ടിലെ പെൺകിടാവ് വേണ്ടതിലധികം പരിചയക്കേടും ലജ്ജാശീലവും കാണിച്ചില്ലെങ്കിൽ അതിൽ അനൌചിത്യമുണ്ടെന്നു പറഞ്ഞുകൂടാ. ആദ്യമായി എന്തോ പറയാൻ ത്രിവിക്രമൻനമ്പൂതിരി വിളിച്ചപ്പോൾ കാക്കയെ കണ്ട അണ്ണാനെപ്പോലെ അവളെങ്ങും ഓടി ഒളിച്ചില്ല. അങ്ങനെ നീണ്ട സമരംകൂടാതെ അവർ പരിചയപ്പെട്ടു. അപ്പുറമുള്ള വഴിയിൽ പൂക്കളല്ലാതെ ഒരൊററ കല്ലോ മുള്ളോ തടഞ്ഞില്ല.

ലക്ഷ്മിക്കുട്ടി കണ്ണീർവാർത്തുകൊണ്ടു പടിയിറങ്ങിപ്പോകാനുള്ള കാരണം സ്പഷ്ടമായില്ലേ? പൂക്കൾ നിറഞ്ഞ ആ സുഗമമാർഗ്ഗത്തിൽ നിന്നുള്ള വേർപാട് അവൾക്കു ദുസ്സഹമായിത്തോന്നി. ആർക്കും അങ്ങിനെ തോന്നിപ്പോകും. അവളെപ്പററി ദുശ്ശങ്ക തോന്നാതിരിപ്പാൻ വേണ്ടിയാണ് ഇതിവിടെ പറഞ്ഞുവെച്ചത്.

## അദ്ധ്യായം ൬

ബ്രഹ്മദത്തൻ നമ്പൂതിരിക്കും ഘ്രാണശക്തിയുണ്ട്. അകത്തൊരു കള്ളനുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി. പക്ഷേ എന്താ നിവൃത്തി? അകത്തുനിറച്ചും തൻെറ ശത്രുക്കളാണ്. ഒരൊററ പിൻതുണയില്ല. അദ്ദേഹം ഇങ്ങിനെ വിചാരിച്ചു:– "ഉപദ്രവത്തിനു രണ്ടെണ്ണത്തിനെ കെട്ടിക്കൊണ്ടുവന്നു. അനങ്ങാതിരുന്നെങ്കിൽ ഭാരമുണ്ടായിരുന്നില്ല. ഗ്രഹപ്പിഴ! എന്തായാലും അകത്തുപോയി ലഹളകൂട്ടുന്നതു ഭംഗിയല്ല. തീർച്ച. ആ കഴുത എന്തെങ്കിലും ചെയ്യട്ടെ. കാര്യത്തോടടുക്കുമ്പോഴല്ലേ? ചാത്തു ഞാൻ പറഞ്ഞതിൽ ഒരടി തെററി നടക്കില്ല. നന്ദിയുണ്ടവന്. ഇല്ലെങ്കിൽ അതുതെളിയട്ടെ.

---

ക്കി കഴിഞ്ഞെങ്കിലോ. ഇനി പിന്നാലെ എഴുത്തുണ്ടെന്നല്ലേ പറഞ്ഞത്. മററന്നാൾ പ്രഭാതത്തിൽത്തന്നെ അങ്ങുപോകാം.,,

iv

ശനിയാഴ്ച വൈകുന്നേരം വീണ്ടും ആ പോസ്ററുമാൻ അവിടെച്ചെന്നു, 'എഴുത്ത്', അയാളുടെ ആ പതിവുള്ള വിളി.

കേശവൻനായർ പുറത്തേക്കുചെന്ന് എഴുത്തുമേടിച്ചു. അയാൾ പോയി,

Wedding എന്നെഴുതിയിട്ടുള്ള ഒരു കാർഡായിരുന്നു അത്. ചന്ദ്രശേഖരൻെറ അമ്മ കണ്ണടകൊണ്ടുവന്നു. കേശവൻനായർ കണ്ണട മേടിച്ചുവച്ചു.

"മുൻസിഫ് ചന്ദ്രശേഖരൻനായരും രാജമ്മയും തമ്മിലുള്ള വിവാഹം ഈ മാസം 7-ാംനു 7 മണിക്കു ശേഷമുള്ള ശുഭമുഹൂർത്തത്തിൽ കോയമ്പത്തൂരുള്ള വധൂവസതിയിൽ വെച്ച് നടത്തുവാൻ തീർച്ചയാക്കിയിരിക്കുന്നു. തദവസരത്തിൽ താങ്കളുടെ സാന്നിദ്ധ്യത്തെ ക്ഷണിച്ചുകൊള്ളുന്നു.,,

'ചന്ദ്രൻെറയാണോ?,, ആ വൃദ്ധ ചോദിച്ചു.

കേശവൻനായർ വീണ്ടും വായനതുടങ്ങി.

"മുൻസിഫ് ചന്ദ്രശേഖരൻ...........,,

'അയ്യോ! ചന്ദ്രൻെറ കല്യാണത്തിൻെറ ക്ഷണക്കത്ത്. മേനോനെന്തുപറയും. അതൊക്കെ തീർച്ചയാക്കിക്കഴിഞ്ഞു. എൻെറ ദൈവമേ!,,

കേശവൻനായർ ഒന്നുകൂടി വായിച്ചു.

"ആളുകളെന്തുപറയും!,,

'അന്നേ ഞാൻ പറഞ്ഞില്ലേ,' ചന്ദ്രൻെറ അമ്മ അച്ഛൻെറനേരെ കയർത്തു. അവനെ അയർത്തടി – ഇതിനൊന്നും പറഞ്ഞയക്കണ്ടാന്ന്. ഇവിടെ പത്തിലെങ്ങാനും പാസായി വല്ല ജോലീം മേടിച്ച് മേനോൻെറ മോളേ കല്യാണോം കഴിച്ച് സുഖമായി താമസിക്കുവാൻ മേലാരുന്നോ. അയർത്തടി'.

അവർ വീണ്ടും കയർത്തു. "അന്യനാട്ടിലേക്കൊന്നും പറഞ്ഞയക്കാതെ എന്നെത്ര പ്രാവശ്യം ഞാൻ പറഞ്ഞു. അപ്പ അച്ഛനും മോനും ഒന്നായി എന്നോടു കയർത്തു. ഇപ്പോഴെങ്കിലും മനസ്സിലായോ ആരേം ഈ അയർത്തടിക്ക് അന്യനാടുകളിലേക്കു പറഞ്ഞയക്കരുതെന്ന്. എന്തു നല്ല കുഞ്ഞായിരുന്നു ചന്ദ്രൻ. അയർത്തടിക്കുംമററും പോയി പൊട്ടപ്പിള്ളേരോടു കൂടിച്ചേർന്നു ചീത്തയായതാ.'

ഇനി എങ്ങനെ അവനെ കൊണ്ടുവരാൻ പററും.

കേശവൻനായർ ചാരുകസാലയിലേക്കു ചാഞ്ഞു. അമ്മ അടുത്തുതന്നെ കണ്ണീർ വാർത്തുകൊണ്ടിരുന്നു.

കേശവൻനായർ വീണ്ടും ചാരുകസേരയിൽനിന്നെഴുന്നേററു. വീണ്ടും അതിന്മേൽ ചാരിക്കിടന്നു. ആ വെഡ്ഡിങ്ങുകാർഡു തുറന്നുനോക്കി. അയാൾ വീണ്ടും അതു വായിച്ചു.

അയാൾ ആ വെഡ്ഡിങ്ങ്കാർഡുമടക്കിവച്ചുകിടന്നു. അയാൾക്കു കൈ മരവിക്കുന്നതുപോലെ തോന്നി. ദേഹമാസകലമൊരു വിറ ബാധിച്ചതുപോലെ.

കേശവൻനായർ അനങ്ങാതെ കിടന്നു. ഒരു കാററു വീശി. ആ മടിയിൽനിന്ന് ആ വെഡ്ഡിങ്ങ്കാർഡുപറന്നു താഴെച്ചെന്നു വീണു!

★

എന്നാൽ എന്തെല്ലാം/ വഴിയുണ്ട്. അവനെ ഒരു പാഠം പഠിപ്പിക്കാനുള്ള വിദ്യയൊക്കെ എനിക്കറിയാം. അവൻ വിറയ്ക്കില്ലേ? കാൽക്കൽ വന്നുവീണ് എന്തു വേണമെങ്കിൽ ചെയ്യാമെന്നു പറയും. അതിലൊന്നും സംശയിക്കാനില്ല. ഇല്ലത്തെയല്ലാതെ ഒരു തരിമണ്ണ് അവനില്ല. എന്റെ നെററിയൊന്നു ചുളിഞ്ഞാൽ അവന്റെ എല്ലുരുകില്ലേ? എനിക്കു ഭയമൊന്നുമില്ല. വല്ല വങ്കന്മാരും എന്നോടു കളിക്കാൻ നിൽക്കുന്നുണ്ടെങ്കിൽ, എന്റെ നിലയറിയാഞ്ഞിട്ടാണത്. വേണ്ടപ്പോൾ ചെലവാക്കാൻ ഉശിരും ധൈര്യവുമൊക്കെ എന്റെപക്കലുണ്ട്. വേണന്നുവരട്ടെ. എന്തും ചെയ്യും ഞാൻ. എന്തും. ,

വിചാരധാര ഈ ഘട്ടത്തിലെത്തിയ സമയത്ത് നിങ്ങൾക്കദ്ദേഹത്തിന്റെ മുഖത്തു നോക്കാൻ ധൈര്യം വരില്ല, അത്ര ഭയങ്കരമായിരുന്നു അതിന്റെ ഭാവം. കണ്ണിൽനിന്നു തീപ്പൊരി ചിതറിയിരുന്നുവോ എന്നു തോന്നും. അതങ്ങിനെ ഗുരുതിപോലെ ചുകന്നിരുന്നു. നമുക്കദ്ദേഹത്തെ പരിചയമാണ്; അല്ലെങ്കിൽ, രാക്ഷസനെന്നു വിളിക്കാൻ തോന്നും, അപ്പോഴത്തെ ആ നില കണ്ടാൽ.

ക്രമേണ പ്രേമവിഷയമെന്ന നിലക്കല്ല, ഒരു യുദ്ധകാര്യമെന്ന നിലയ്ക്കാണ് അദ്ദേഹം ലക്ഷ്മിക്കുട്ടിയെപ്പററി വിചാരിച്ചുപോന്നത്. ആ വിചാരം ഇടക്ക് ഇത്തരം വികൃതവേഷം കെട്ടാറുണ്ട് 'ആ കഴുത ഇഷ്ടമുള്ളതുചെയ്യട്ടെ. കരുത്തം കെട്ടോൻ. അഴക രാവണനെപ്പോലുള്ള കൊശവൻ. കാണിച്ചുകൊടുക്കാം. അവൻ പഠിച്ചതൊക്കെ ചൊല്ലിയാടട്ടെ. വേണമെങ്കിൽ, പുതിയ ആശാന്റെ കീഴിൽ അഭ്യസിച്ചു വന്നോട്ടെ. എന്നാലും പല്ലാണെനിക്ക്. ഇതിലവൻ ഉളിഭൃനാവണം. ഒരു പെണ്ണുങ്കഠ ബുദ്ധിയില്ലാത്തപോത്ത്."

ലക്ഷ്മിക്കുട്ടി ഏട്ടനും അനിയനും ഒരുപോലെ ഒഴിച്ചുകൂടാത്തവളായിത്തീർന്നപ്പോൾ അവക്കു രണ്ടു പേക്കും വാളെടുക്കേണ്ടിവന്നെങ്കിൽ അതു സ്വാഭാവികമാണ്. ഏട്ടന്റെ രണ്ടുകയ്യിലും വാളുണ്ടായിരുന്നു. ഒന്നു പണിക്കരുടെ നേക്കുള്ളത്; മറേറത് അനിയന്റേയും. ആവശ്യം വന്നാൽ രണ്ടും അദ്ദേഹം പെരുമാറും. കൊണ്ടേടത്തുകൊണ്ടു.

അന്തർജനം എന്തിനു മടിക്കുന്നു? നീതിയും സദാചാരവുമൊക്കെ അദ്ദേഹത്തിന്റെ ഭാഗത്താണ്. ധമ്മത്തിനു വേണ്ടിയാണ് അദ്ദേഹം നിലകൊള്ളുന്നത്. ചേററിൽ വീഴാൻ പോകുന്നതു ഒരു പെണ്ണല്ല, സാക്ഷാൽ ധമ്മമാണ്. പുരുഷൻ അതുകണ്ട് അനങ്ങാതിരുന്നുകൂടാ. "നിമിത്തമാത്രം ഭവസവ്യസാചിൻ.' ആ വെളിച്ചത്തിന്റെ വഴിമതി അദ്ദേഹത്തിനു്.

★

# സാഹിത്യപഞ്ചാനനന്റെ ഗുരുക്കന്മാർ

(സ്മരണമണ്ഡലത്തിൽനിന്നും)

"തിരുവിതാംകൂറിന് കൃഷിവകുപ്പിന്റെ അദ്ധ്യക്ഷനായിരുന്ന മി: പ. രമേശപരൻപിള്ളയുടെ കുടുംബവക ഭഗവതിക്കൽ ക്ഷേത്രപരിസരത്തിൽ ചാമിപ്പിള്ള ആശാൻ പാഠശാലനടത്തിയിരുന്നു. ആ പാഠശാല ഏകാചാര്യാധിഷ്ഠിതമായിരുന്നു. വൈദുഷ്യത്തിന്റെ കഥ എങ്ങനെയിരുന്നാലും വാർദ്ധക്യത്തിന്റെ മൂർദ്ധന്യത ചാമിപ്പിള്ള ആശാനിൽ പരിലസിച്ചിരുന്നു കുഴിപ്പെരുക്കം, താനപ്പെരുക്കം, തടിപ്പെരുക്കം മുതലായ അസാധാരണ ഗണന വിദ്യകളിൽ ആശാൻ വിദഗ്ദ്ധനായിരുന്നു. വാർദ്ധക്യത്തിന്റെ തള്ളൽ നിമിത്തം കൺപോളകൾ കീഴ്പോട്ടുമടിഞ്ഞു കിടന്നിരുന്നതിനാൽ, ജാംബവാനെപ്പോലെ പിടിച്ചു വിടർത്തേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നിട്ടല്ലേ എന്നു സംശയിക്കേണ്ടിയിരുന്നു. ചൂരൽവടി ഇടയ്ക്കിടയ്ക്കു പ്രയോഗിക്കാറുണ്ടായിരുന്നെങ്കിലും മാംസപേശികളുടെ ബലഹീനത കൊണ്ട് ആശാന്റെ പ്രയോഗങ്ങൾ അസഹനീയമായിരുന്നില്ല. ചൂരലിനേക്കാൾ കക്കശമായി ഫലിച്ചിരുന്നത് കൈവിരലുകളുടെ നഖങ്ങൾക്കിടയിൽ, വിദ്യാർത്ഥി എന്ന ഭാഗ്യഹീനന്റെ ചെവി സമർപ്പിച്ചിരുന്നതും; നഖമുദ്ര ശ്രവണങ്ങളിൽ പതിഞ്ഞിരുന്നതും ആയിരുന്നു. പാക്കുവെട്ടിയുടെ മദ്ധ്യേ അടയ്ക്കാവെച്ചു ഞെരിക്കുന്നതുപോലെ ഏതാണ്ടൊരനുഭവം ശിഷ്യന്റെ ശ്രോത്രം അനുഭവിച്ചിരുന്നു. ആശാൻ എഴുനേററുചെന്നു വിദ്യാർത്ഥിയെ ആക്രമിക്കാറുണ്ടായിരുന്നില്ല എന്നുള്ളതായിരുന്നു രക്ഷ. നേരെമറിച്ച് സ്ഥാവരാവസ്ഥയിൽ പ്രതിഷ്ഠിതനായിരുന്ന ആ ഗുരുഭൂതൻ ഇരുന്നിടത്തേക്കു ചെവി ഹാജരാക്കി മുദ്രഅടിപ്പിച്ചുകൊണ്ടു പോന്നുകൊള്ളണമെന്നുള്ളതായിരുന്നു വ്യവസ്ഥ. അതുകൂടാതെ കപ്പിയും കയറും ഉപയോഗിക്കുന്നതും ഒരു ശിക്ഷാവിധിയായിരുന്നു.

പാഠശാലയുടെ ഒരു ഭാഗത്ത് ഹോമകുണ്ഡം ജ്വലിപ്പിച്ച്; നാരായം പഴുപ്പിച്ചു മുന മുകളിലേക്കു നിരത്തി വന്നിരുന്നതും സാധാരണ കാഴ്ചയായിരുന്നു. ഹോമകുണ്ഡത്തിന്റെ മുകളിലായി വിദ്യാർത്ഥിയെ പാകപ്പെടുത്തുന്നതിനു കെട്ടിത്തൂക്കിവന്നിരുന്നു. പള്ളിക്കൂടത്തിൽ ശരിയായി ഹാജരാകാത്തയുള്ള കുട്ടികൾ കാടുകളിലും വൃക്ഷങ്ങളുടെ മുകളിലും ഒളിച്ചിരിക്കയും അവരെ വേട്ടയാടുന്നതുപോലെ മററുകുട്ടികളും ആശാന്റെ പ്രതിനിധികളും കൂടിച്ചെന്നു പിടിച്ച് ഹാജരാക്കുകയും കപ്പിയിലിടുകയും ചെയ്തുവന്നിരുന്നു. ചാമിപ്പിള്ള ആശാന്റെ പീനൽ കോഡിന്റെ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു.

'ഏക ഏവാ ദ്വിതീയശ്ചാമിപ്പിള്ള ആശാൻ' എന്നു പറയത്തക്കവിധത്തിൽ അത്ര അനന്യസാധാരണനായിരുന്നില്ല മഹാനുഭാവനായ എന്റെ ഗുരുനാഥൻ. ഒരു കാലത്തു അദ്ധ്യേതാവിന്റെ അന്തശരീരത്തിൽ പ്രവേശിക്കുവാൻ വാദ്യമേളമായി, തലയ്ക്കിട്ടു കൊട്ടുകളും, വിദ്യാർത്ഥികളുടെ ശബ്ദഘോഷണങ്ങളും ചൂരൽവടികൊണ്ടു ചില തട്ടുകളും വേണ്ടിയിരുന്നതിനു പുറമേ; കണ്ണരന്ധ്രങ്ങളിൽ കടന്നുകൂടുന്നതിനുമുമ്പ്; മത്തദ്ദമരം പുഷ്പത്തിന്റെ മദ്ധ്യഭാഗത്തു തേൻതപ്പിച്ചെന്നു പുറമേ പുഷ്പദലങ്ങളിൽ പരുഷമായി പതിക്കുന്നതുപോലെ കാതിന്റെ വള്ളികളിലും മററും ചില ഉഴവുചാലുകൾ ഉണ്ടാക്കാതെ കഴിഞ്ഞിരുന്നില്ല. എങ്കിലും ചാമിപ്പിള്ള ആശാന്റെ ജീർണ്ണവും സുഷാരമയവുമായ ശരീരം പരിത്യജിച്ച് വയോധികനായ ജീവാത്മാവു് പുനർജന്മവിമുഖനായി. അദൃശ്യമായി ഇപ്പോഴും വായുമണ്ഡലത്തിൽ സഞ്ചരിക്കുന്നുണ്ടെങ്കിൽ ആ മഹാത്മാവിനെപ്പററി അനാധികൃതമായി ചെയ്യുന്ന ഈ വിചാരണകൾകണ്ടു കയർത്ത് എന്റെ ശ്രോത്രമണ്ഡലത്തെ ആക്രമിക്കുമോ എന്നു ഭയന്നു ഈ വിചാരം നമസ്കാരപൂർവ്വം ഇവിടെ വിരമിപ്പിക്കുന്നു."

(തുടരും.)

★

(15-ാംപേജിൽനിന്നു തുടർച്ച)

ഒരുപോലെ സ്പർശിക്കുന്ന മനഃശാസ്ത്രപരമായ ചില വൈഷമ്യങ്ങളുമുണ്ട്. സ്വതന്ത്രചിന്തകളെ നശിപ്പിക്കാനും, മനഃപാഠപാനത്തെ തരിപ്പിക്കാനും, അഹംഭാവിയാക്കിത്തീർക്കാനും അതിനു ശക്തിയുണ്ട്. നിർഭാഗ്യവശാൽ ഇരുകൂട്ടരും ഒരുപോലെ സങ്കടമനുഭവിക്കേണ്ടിവരുന്നു.

"ജനതക്കു വിദ്യാഭ്യാസം നൽകുക, അവർ സ്വതന്ത്രരായി ജീവിച്ചുകൊള്ളും,.. എന്ന അഭിപ്രായം ഇൻഡ്യാക്കാരെ സംബന്ധിച്ചിടത്തോളം ഇതേവരെ ശരിയായിട്ടില്ല.

നാം സാമാന്യജനങ്ങൾക്കു വിദ്യാഭ്യാസം നൽകുന്നില്ലെന്നുള്ളത് ഒരു നഗ്നമായ പരമാർത്ഥം മാത്രമാണ്. അതൊരു വലിയ കഷ്ടവുമായിത്തീർന്നിട്ടുണ്ട്. നമ്മുടെ നേതാക്കൾ ഇപ്പോൾ അതു മനസ്സിലാക്കിയിട്ടുണ്ടത്രേ. രാജ്യവാസികളുടെ ശ്രദ്ധയേയും അവർ അതിലേക്കാകർഷിക്കുന്നുണ്ട്. വിദ്യാഭ്യാസാധികൃതന്മാരും അവരുടെ അഭ്യർത്ഥനകളിൽ ശ്രദ്ധിക്കുകയും അവരോടൊത്തുപ്രവർത്തിക്കുകയും ചെയ്യുമോ?

★


## ചക്രവാളം

### ഉത്തമവാരിക

വരിസംഖ്യ —

| | | |
|---|---|---|
| ഒരാണ്ടത്തേക്ക് | .... | 12-0-0 |
| ആറുമാസത്തേക്ക് | .... | 6-0-0 |
| മൂന്നുമാസത്തേക്ക് | .... | 3-0-0 |

മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തേക്കു വരിസംഖ്യ സ്വീകരിക്കുന്നതല്ല.

മാനേജർ,
ചക്രവാളം,
കോട്ടയം.

# മലമ്പനിയും കൊതുകും

(എൻ. ആർ. തമ്പുരാൻ, ഹെൽത്ത് ഇൻസ്പെക്ടർ)

(തുടർച്ച)

ഇതേസമയത്ത് ഡേവിഡ്സ്റ്റ്യൂസ് എന്ന മെഡിക്കലാഫീസ്സർ ഡി. സി. ഫല എന്ന ഒരുതരം ടൈപ്പണസോംപാരസൈററിനെ ഒരു മനുഷ്യനിൽനിന്നും മറെറാരു മനുഷ്യനിലേക്ക് പരത്തുന്നതായും മേല്പറഞ്ഞ പാരസൈററുകൾ ഈച്ചയുടെ ഉദരഭിത്തികളിൽ ഏതാനും ദിവസംകൊണ്ട് വളർച്ച പ്രാപിക്കുന്നതായും മററും പ്രസിദ്ധപ്പെടുത്തി; ഇത് പെട്രിക്മാൻഷനെ പൂർവ്വാധികം സന്തോഷപ്പെടുത്തുകയും മലമ്പനിപാരസൈററുകൾ കൊതുകുകളിലും മേൽപ്രകാരം വളർച്ചപ്രാപിക്കാനിടയുണ്ടെന്നും ഊഹിച്ചുകൊണ്ട് പ്രവൃത്തനം ആരംഭിക്കുകയുംചെ . വിജയം അദ്ദേഹത്തെവരിച്ചു. മി. റൊസിനെ വിവരം കാണിച്ചുകൊടുത്ത് മനസ്സിലാക്കുകയുംചെയ്തു. അദ്ദേഹം (മി. റൊസ്) വീണ്ടും 1891-ൽ ഇൻഡ്യയിലേക്ക് പുറപ്പെട്ടു. ഇദ്ദേഹം മലമ്പനി രോഗിയുടെ രക്തത്താൽ വളർത്തപ്പെട്ട ഒരു കൊതുകിനെ കീറി വേണ്ട പരീക്ഷണം നടത്തിയശേഷം മലമ്പനി പാരസൈററുകൾക്ക് രണ്ടുതരം വളർച്ചയുണ്ടെന്നും അതിൽ സെക്ഷ്വൽ (Sexu) സൈക്കിൾ കൊതുകിലും അസെക്ഷ്വൽ സൈക്കിൾ (Aserual) മനുഷ്യനിലും ആണെന്നും കണ്ടുപിടിച്ചതിനു പുറമെ ഇവയിലുണ്ടാകുന്ന വിവിധവ്യത്യാസങ്ങളെയുംപററി സവിസ്തരം പത്രദ്വാരാ പ്രസിദ്ധപ്പെടുത്തി. ഇതോടുകൂടി ലോകം ഈ തത്വത്തെ അംഗീകരിക്കുവാനും കൊതുകുനശീകരണമാർഗ്ഗങ്ങൾ ആരായുവാനും തുടങ്ങി

1918 ൽ പെട്രിക്മാൻഷൽ സ്സാറൊട്ട് എന്ന പരീക്ഷണങ്ങൾ നടത്തുകയും ഉദ്ദേശം രണ്ടാഴ്ചകൊണ്ട് പാരസൈററുകൾ പൂർണ്ണവളർച്ചയെ പ്രാപിക്കുന്നുണ്ടെന്നും സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യമേന്മയെ അറിഞ്ഞ ലോകം അംഗീകരിക്കുകയും 1902ൽ നോബൽ സമ്മാനത്തിന് മി. റൊനാൾഡ് റോസ് എന്ന ബിരുദത്തിനും അർഹനായിത്തീർന്നു. ഇതിനിടയിൽ മി. റൊസ്സും മലമ്പനി പാരസൈററുകൾ എല്ലാത്തരം കൊതുകുകളിലും വളരുന്നില്ലെന്നും അത് അനോഫിലിൻ എന്ന ഇനത്തിൽ മാത്രമെ വളരാൻ സാധിക്കുകയൊള്ളുവെന്നും ആ ഇനം എല്ലാ പ്രദേശത്തും കാണുകയില്ലെന്നും പ്രഖ്യാപിച്ചു 1920 മി. വാൻഷൻ സ്വന്തം ഡാക്ടർമാരോടുകൂടി മലമ്പനി ധാരാളമുള്ള ഇററലിയിൽ ഒരു സ്ഥലത്തുപോയി താമസിച്ചു. അദ്ദേഹം കൊതുകുവലയുള്ളിൽ മൂന്നു ദിവസം താമസിച്ചിട്ട തിരിച്ചുപോന്നു. അദ്ദേഹത്തെ കൊതുകുകൾ കടിക്കുകയൊ മലമ്പനി ബാധിക്കുകയൊ ചെയ്തില്ല. ആയതിനാൽ കൊതുകുകളല്ലാതെ മലമ്പനി പകരുവാൻ സാദ്ധ്യമല്ലെന്നും ഉദാഹരണ സഹിതം ജനങ്ങൾക്ക് കാട്ടികൊടുത്തു. ഇതിനും പുറമെ ഒരു പരീക്ഷണംകൂടി അദ്ദേഹം കാണിച്ചുകൊടുത്തു. മലമ്പനിപാരസൈററുകളുള്ള ഏതാനും കൊതുകുകളെ അദ്ദേഹം ഇററലിയിൽനിന്നും കൊണ്ടുവന്ന് തന്റെ സ്വന്തം മകനെ കടിക്കുവാനനുവദിച്ചു. ഉദ്ദേശം പതിനാഞ്ചു ദിവസം ആയപ്പോഴേക്കും അദ്ദേഹത്തിന്റെ പുത്രൻ മലേറിയാ രോഗത്താൽ ആക്രമിക്കപ്പെട്ടു. തുടർന്ന് കൊയിനയൻ മുതലായ മരുന്നുകൾ കൊടുത്തു ഭേദപ്പെടുത്തുകയും ചെയ്തു.

ഈ പരിവർത്തനത്തിനു ശേഷം മി. റൊഡ് വീണ്ടും ഇൻഡ്യയിലെത്തുകയും കൊതുകുനശീകരണ ജോലിയാണ് പ്രധാനമായി നടത്തേണ്ടതെന്നും മററും തീരുമാനിച്ചു. ഇതിൽ മി. റൊസിനെ ഇൻഡ്യാ ഗവൺമെൻറ് വളരെ സഹായിച്ചിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. കൊതുക നശീകരണം ആദ്യമായി ആരംഭിച്ചതു മലയാ രാജ്യത്താണ്. അവിടത്തെ പരീക്ഷണഫലമായി അനേകകാര്യങ്ങൾ മനസ്സിലാക്കാനും സാധിച്ചു. അനേകം ഡാക്ടർമാർ ഒന്നുചേർന്ന് മലയാരാജ്യത്തു പ്രവർത്തനം ആരംഭിച്ചു. കൊതുകുകൾ പ്രധാനമായി മൂന്നിനങ്ങളുണ്ടെന്നും അതിൽ അനോഫിലിൻ എന്ന വർഗ്ഗമാണു മലമ്പനിരോഗം പരത്തുന്നതെന്നും അതിൽ ആണെന്നും പെണ്ണെന്നുമുള്ള രണ്ടിനത്തിൽ പെൺകൊതുകുകളാണു മനുഷ്യന്റെ രക്തം കുടിച്ചു വളരുന്നതെന്നും പ്രത്യേകിച്ചും കൊതുകുകൾക്കു ഗർഭമുള്ളപ്പോൾ രക്തം വളരെ അത്യാവശ്യമാണെന്നും ആയതിനാൽ ആ സമയത്തു ഇവകൾ മനുഷ്യനെ കൂടുതൽ ഉപദ്രവിക്കുന്നുവെന്നും പരീക്ഷണങ്ങൾ തെളിവാക്കി. 1900-ത്തിൽ ആരംഭിച്ച പരീക്ഷണത്തിൽനിന്നും അനോഫിലിൻ ഇനത്തിലുള്ള എല്ലാ ഇനങ്ങളും മലമ്പനി പരത്തുന്നില്ലെന്നും, പെൺകൊതുകുകൾ തെളിഞ്ഞുകെട്ടി നിൽക്കുന്ന ജലാശയങ്ങളിൽ മാത്രമേ മുട്ടയിടുന്നുള്ളുവെന്നും ക്യൂലക്സ് സ്റ്റെഗോമിയാ എന്ന മലമ്പനിപരത്താത്ത ഇനങ്ങൾ ദുഷിച്ച ജലാശയങ്ങളിലോ, മരപ്പൊത്തുകളിൽ കെട്ടിനിൽക്കുന്ന വെള്ളത്തിലോ മാത്രമേ മുട്ട ഇടുന്നുള്ളുവെന്നും മനസ്സിലായി. ഒരു പെൺകൊതുക ഒരു പ്രാവശ്യം 100–150 വരെ മുട്ടകൾ വെള്ളത്തിലിടുന്നുവെന്നും അത് ലാർവാ പ്യൂപ്പാ എന്നീ അവസ്ഥകളിൽകൂടി കടന്ന് 10 മുതൽ 15 ദിവസത്തിനകം കൊതുകുകളായി മനുഷ്യോപദ്രവികളായി തീരുന്നുവെന്നും തെളിയുന്നു. ആയതിൽ കൊതുകുനിയന്ത്രണം ഏററവും വളരെ അത്യാവശ്യമാണെന്നും അതിനായി ഇന്നത്തെ പരിഷ്കൃതഗവൺമെൻറുകൾ അനേകലക്ഷം രൂപാ ചിലവഴിച്ചുവരുന്നുണ്ടെന്നും കാണാവുന്നതാണ്. കൊതുകുനിയന്ത്രണംകൊണ്ട് മലമ്പനിരോഗത്തിന് ശമനം ഉണ്ടായിട്ടുണ്ടെന്നുള്ളതിന് ഏതാനും ഉദാഹരണങ്ങൾ കൊടുത്തിട്ട് ഈ ലേഖനം സമാപിപ്പിക്കാമെന്നു വിചാരിക്കുന്നു.

1900 മുതൽ 1914 വരെയുള്ള മി. റൊസിന്റെയും മി. വാട്ടസന്റെയും സ്ടക്ലാൻഡിന്റെയും സ്ഥിര പരിശ്രമത്താൽ മലയായിൽ കൊതുകു നിയന്ത്രണം വളരെ ഭാഗിയായി നടത്തുകയും, അവിടത്തെ മലമ്പനിയാലുള്ള മരണത്തിന്റെ സംഖ്യയിൽ വലിയ കുറവുവരുത്തുകയും ചെയ്തു. ഇവിടെ അവർ സ്പിഷീസ്സാനിട്ടേഷൻ ഡ്രയിനേജ് ക്ലിയറിംഗ് ഓഫ് ഫോറസ്റ്റ് ഇൻറമിററൻറ് സ്ലൂയിസ് രീതി മുതലായ പുതിയ രീതികൾ കണ്ടുപിടിച്ച് കൊതുകുകളെ ആട്ടിപ്പായിക്കുകയും ചെയ്തു. മലയായിലെ പ്രവർത്തനത്തിന്റെ വിജയം ഒന്നു മാത്രമാണ് അവിടേയ്ക്ക് അനേകം ഡാക്ടർമാരെ പഠനവിഷയത്തിലേക്ക് ആകർഷിക്കുവാൻ ഇടയായത്. അതെ സംബന്ധിച്ച് എഴുതിട്ടുള്ള പുസ്തകത്തിൽ സ്പിഷീസ് സാനിട്ടേഷന് കൂടുതൽ പ്രാധാന്യം നൽകീട്ടുണ്ട്. കൊതുകുകളുടെ ഇനങ്ങളും എത്രതരമുണ്ടെന്നും അവയുടെ ജിവിതകാലം എത്രയുണ്ടെന്നും 1 മൈലിൽ കൂടുതൽ സഞ്ചരിക്കുവാൻ കഴിയുമൊ എന്നുള്ളതിനെപററിയും വിസ്തരഭയത്താൽ ചുരുക്കുന്നു. സിംഗപ്പൂർ എന്നു പറയുന്ന നാവിക സങ്കേത സ്ഥലത്ത് ആണ്ടിനാൽ 2000 ത്തിനും 3000 ത്തിനും മദ്ധ്യെ മലമ്പനിരോഗികൾ മരണമടഞ്ഞുകൊണ്ടിരുന്നു. 1914 മുതൽ 1939 വരെയുള്ള മി. റോസിന്റെയും മററും പരിശ്രമത്താൽ മലമ്പനി എന്ന രോഗത്തെ നിശ്ശേഷം ആട്ടിപ്പായിക്കുവാൻ സാധിച്ചു എന്ന് ഒരു റിപ്പോർട്ടിൽ കാണുന്നു. ഏതായാലും ഈവക സൗഭാഗ്യങ്ങൾകൊണ്ട് മലയാ സിംഗപ്പൂർ എന്നീ സ്ഥലങ്ങൾ തൊഴിൽപരമായും സാമ്പത്തികപരമായും ഉയരുവാൻ സാധിച്ചത് ഈ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങളാണ്.

ജെമെയ്ക്കാ ഫിലിപ്പൈയിൻ സുമാത്രാ മുതലായ സ്ഥലത്തും ഇതെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. വൈൽഡ് റൊഡൊഡൺഡ്രം എന്ന ചെടിയെ വേലി മാതിരി പടർത്തി കൊതുകുനിയന്ത്രണം സാധിച്ചതായി ഫിലിപ്പൈനിൽ നിന്നുമുള്ള ഒരു റിപ്പോർട്ടിൽ കാണുന്നു. റോസ്സ് ഇൻസ്റ്റിററ്യൂട്ടിലെ ഡപ്യൂട്ടി ഡയറക്ടറായ മി. ജി. സി. റാംസെയുടെ ലേഖനത്തിൽനിന്നും റൊഡൊഡൺഡ്രം എന്ന ചെടിയെ ആസ്സാമിലും ബർമ്മയിലും വേലിമാതിരി പിടിപ്പിച്ച് ഫലസിദ്ധി വരുത്തുന്നതായി കാണപ്പെടുന്നു. ഇന്ത്യയിൽ 40-ൽ ചില്വാനം അനോഫിലിൻ ഇനങ്ങൾ മലമ്പനി പരത്തുന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇൻഡ്യാ ഗവൺമെൻറും റോസ് ഇൻസ്റ്റിട്യൂട്ടുകാരുടെ സഹകരണത്തോടുകൂടി പല പ്രവർത്തനങ്ങളും ആരംഭിച്ച് വിജയം നടത്തിവരുന്നതായി കാണാം.

(തുടരും)

★

# അഞ്ചൽശിപായി

(16-ാംപേജിൽ നിന്നും തുടർച്ച)

സഞ്ചാരവും കുറഞ്ഞുവന്നു. കടകളുടെ പലക ഇടുന്ന ശബ്ദം ഇടയ്ക്കിടെ കേൾക്കാം. കുറപ്പുചേട്ടൻ അപ്പോഴും അങ്ങനെ ഇരിക്കുകയാണ്, നിശ്ചലനായി. ബസ്സു വന്നുകഴിഞ്ഞതിനു ശേഷമേ അയാൾക്കു അവിടെ നിന്നും പോകുവാൻ സാധിക്കുകയുള്ളു. അന്ന് ബസ്സുവരാൻ പതിവിലധികം താമസിക്കുകയാണ്.

അവസാനം ബസ്സുവന്നു. കുറപ്പുചേട്ടൻ എണീററ് പൈക്കൾ എടുത്ത് ബസ്സിൽ കൊണ്ടുചെന്നു ഇട്ടുതുടങ്ങി.

പരിചയക്കാരനായ കണ്ടക്ടർ അന്നും പതിവുപോലെ കുറപ്പുചേട്ടനോടു ചോദിച്ചു:- "കുട്ടികൾക്കെല്ലാം സുഖംതന്നെയല്ലേ, ചേട്ടാ!,,

കുറപ്പുചേട്ടൻ നടുങ്ങി. അയാൾ വീണ്ടും ബലമായി ചുണ്ടു കടിച്ചുപിടിച്ചു. അയാൾ മിണ്ടിയില്ല. ബസ്സു വിട്ടു.

രാത്രി മണി പന്ത്രണ്ടായപ്പോൾ കുറപ്പുചേട്ടൻ വീട്ടിലെത്തി. വാതൽ തുറന്നു കിടക്കുകയാണ്. അകത്ത് ഒരു തകരവിളക്കു കത്തുന്നുണ്ട്. നിശ്ശബ്ദത. കുട്ടികൾ രണ്ടുപേരും ഉറക്കമായി. ഭാര്യ, കൈ താങ്ങിക്കൊടുത്ത് കുനിഞ്ഞിരിക്കുകയാണ്. കുറപ്പുചേട്ടൻ ശബ്ദമുണ്ടാക്കാതെ ഉള്ളിൽ കയറി, കുഞ്ഞിന്റെ ശവശരീരത്തെ നോക്കി അയാൾ തെല്ലുനിന്നു. ഒടുവിൽ മെല്ലെ അതിന്റെ സമീപത്തേക്കു നടന്നുചെന്നു, അയാൾ മെല്ലെ ഇരുന്നു.

'മോനേ!' വാൽസല്യഭരിതമായ ഒരു വിളി.

നിശ്ശബ്ദത.

'മോനേ!' രണ്ടാമതും ഒരു വിളി.

നിശ്ശബ്ദത!....തുടന്ന് ഒരു പൊട്ടിക്കരച്ചിൽ! ആ അണമുറിഞ്ഞു.

* * *

അന്ന് ശനിയാഴ്ചയാണ്. അടുത്ത ദിവസമാണ് ഒന്നാംതീയതി. തിങ്കളാഴ്ചയേ ശമ്പളം കിട്ടുകയുള്ളു. ശവസംസ്കാരം ചെയ്യിക്കുവാൻ കുറപ്പുചേട്ടന്റെ കൈയ്യിൽ പണമില്ല. തലേന്നുരാത്രിമുതൽ ശവം അങ്ങനെ കിടക്കുകയാണ്. കുട്ടികൾ ഒരു മൂലക്ക് പേടിച്ച് ഇരിക്കുന്നു. ഗൗരിയമ്മ കുട്ടികളുടെ അടുത്തിരുന്ന് വിങ്ങിക്കരയുന്നു. കുറപ്പുചേട്ടൻ രാവിലെ അവിടെനിന്നും പോയതാണ്. മണിപത്തായി, ഒന്നായി, രണ്ടായി, അയാളെ അപ്പോഴും കണ്ടില്ല. അന്നത്തെ ദിവസം അവധിയെടുത്ത്, എവിടെ നിന്നെങ്കിലും കുറച്ചുരൂപായും കടംമേടിച്ച് വേഗം മടങ്ങിവരാമെന്നു പറഞ്ഞിട്ടാണ് അയാൾ പോയത്.

കുറപ്പുചേട്ടൻ കാലത്ത് അഞ്ചലാപ്പീസിൽ ചെന്നപ്പോൾ നീലകണ്ഠൻ വന്നിട്ടില്ലെന്നു കണ്ടു. നീലകണ്ഠൻ അവിടത്തെ മറെറാരു ശിപായിയാണ്. ഫോണോർകാൾ കൊണ്ടു കൊടുക്കുക, അന്യനാട്ടിൽ നിന്നും ആരെയെങ്കിലും ഫോണിൽ വിളിച്ചാൽ അവരുടെ അടുത്തുചെന്നു വിവരം ധരിപ്പിക്കുക, ആപ്പീസിലിരുന്നു കവറും കാർഡും സ്റ്റാമ്പും വിൽക്കുക, ഇതെല്ലാമാണു നീലകണ്ഠന്റെ ജോലികൾ. കുറപ്പുചേട്ടൻ ആണ്ടിലൊരിക്കൽ അവധിയെടുക്കുമ്പോൾ നീലകണ്ഠനാണു പകരം നോക്കുക.

അഞ്ചൽമാസ്റ്റർ കൃത്യസമയത്ത് ആപ്പീസിൽവന്നു. ഉടൻതന്നെ കുറപ്പുചേട്ടൻ അടുത്തുചെന്നുപറഞ്ഞു.

"ഒരു ദിവസത്തെ അവധിവേണം അങ്ങത്തെ.,,

"ഉം. പക്ഷേ നീലകണ്ഠൻ വന്നിട്ടുപോയാൽമതി.,, അഞ്ചൽ മാസ്റ്റർ പറഞ്ഞു.

ഒരു മണിക്കൂർ കഴിഞ്ഞ് നീലകണ്ഠൻ വന്നു. കുറപ്പുചേട്ടന് അവധി കിട്ടി.

"ഇനി കുറപ്പിനു പോകാം.,, അഞ്ചൽമാസ്റ്റർ അറിയിച്ചു കുറപ്പുചേട്ടൻ കുനിഞ്ഞുനിന്ന് കണ്ണുകളിൽനിന്ന് ധാരധാരയായി പൊഴിഞ്ഞുകൊണ്ടിരുന്ന കണ്ണുനീർ തുടയ്ക്കുകയാണ്,

"എന്താ, കുറപ്പു പോകാത്തത്?,, അഞ്ചൽമാസ്റ്റർ അല്പം കഴിഞ്ഞുചോദിച്ചു.

"അങ്ങത്തേ, പത്തുരൂപാ വേണ്ടിയിരുന്നു. മററന്നാൾ ശമ്പളം കിട്ടിയാലുടൻ മടക്കിത്തന്നേക്കാം.,, കുറപ്പുചേട്ടൻ പറഞ്ഞു.

ഒരു ചെറിയ മൌനത്തിനുശേഷം അഞ്ചൽമാസ്റ്റർ അറിയിച്ചു:- "കുറപ്പേ ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.,,

കുറപ്പുചേട്ടൻ അടുത്തതായി അവിടത്തെ ഗുമസ്തന്മാരോടു ചോദിച്ചു. അവരും ഇല്ലെന്നുപറഞ്ഞു. അയാൾ അവസാനം അഞ്ചലാപ്പീസിൽനിന്നും റോഡിലേക്കു ഇറങ്ങി.

പരിചയക്കാരോടെല്ലാം കുറപ്പുചേട്ടൻ ചോദിച്ചുനടന്നു. ചിലർ ഇല്ലെന്നു പറഞ്ഞു. ചിലർ "വ്യസനിക്കുന്നു,,വെന്നു പറഞ്ഞു.

വിശാലമായിക്കിടക്കുന്ന ആ റോഡിൽക്കൂടി കുറപ്പുചേട്ടൻ അങ്ങനെ നടക്കുകയാണ്. അയാൾ പണത്തിന് ഒരു മാർഗ്ഗവും കണ്ടില്ല.

"ചേട്ടൻ എങ്ങോട്ടാ?,, പിറകിൽനിന്നും ആരോ വിളിച്ചു. കുറപ്പുചേട്ടൻ തിരിഞ്ഞുനോക്കി. നീലകണ്ഠൻ കത്തുകളുമായി വരികയാണ്.

"നീലാണ്ടാ, എനിക്കൊരു സഹായം ചെയ്തുതരുമോ?,, കുറപ്പുചേട്ടൻ ദയനീയ സ്വരത്തിൽ ചോദിച്ചു.

"എന്തോന്നാ ചേട്ടാ.,,

"പത്തുരൂപാ വേണം അത്യാവശ്യമാ.,,

നീലകണ്ഠൻ അല്പം ആലോചിച്ചുനിന്നു.

"ചേട്ടാ, എന്റെ കയ്യിലു് കൊററ രൂപായൊണ്ടു്. എന്റേതല്ല. മററന്നാളേക്കു മടക്കിത്തരാമെങ്കിലു് ഇപ്പം തരാം.,,

"ദൈവത്തിനാണ് മററന്നാൾ മടക്കിത്തരാം.,, കുറപ്പുചേട്ടൻ ആണയിട്ടു പറഞ്ഞു.

കുറപ്പുചേട്ടൻ രൂപയുമായി വീട്ടിലെത്തിയപ്പോൾ മണിമൂന്നു കഴിഞ്ഞു. ഒൻപതു മണിയോളമായി ശവസംസ്കാരം കഴിഞ്ഞപ്പോൾ.

ശ്മശാനത്തിൽനിന്നും മടങ്ങിവരുന്ന അവസരത്തിൽ കുറപ്പുചേട്ടൻ ഗദ്ഗദസ്വരത്തിൽ സ്വയം പറഞ്ഞു:-

'എന്റെ മോൻ-ഇനി-പട്ടിണി - കിടക്കില്ല.,,

* * *

തിങ്കളാഴ്ച ശമ്പളം കിട്ടിയയുടൻ കുറപ്പുചേട്ടൻ നീലകണ്ഠനോടു മേടിച്ച രൂപാ മടക്കിക്കൊടുത്തു. ബാക്കിത്തുക ഒരു കടലാസിൽ ഭദ്രമായിക്കെട്ടി കീശയിലിട്ടു.

അന്നുരാത്രി വീട്ടിൽ ചെന്നപ്പോൾ മറെറാരു ഗ്രഹപ്പിഴയാണു കുറപ്പുചേട്ടനെ സ്വാഗതം ചെയ്തത്. ഇളയ മകൾ പാറക്കുട്ടി സുഖമില്ലാതെ കിടക്കുന്നു. അന്ന് ഉച്ചയ്ക്ക് സ്കൂളിൽനിന്നും വന്നുകിടന്നതാണ്. വയററുവേദനയും ഛർദ്ദിയും; അവൾ കരയുകയാണ്, ഗൗരിയമ്മ അടുത്തിരുന്ന് മകളുടെ വയറു തടവുന്നതിനിടയ്ക്ക് വിവരമെല്ലാം കുറപ്പുചേട്ടനെ അറിയിച്ചു.

ഗൗരിയമ്മ കണ്ണുനീർ തൂകിക്കൊണ്ടു ഒടുവിൽ പറഞ്ഞു:- 'ഒന്നുപോയി. ഇതിനെങ്കിലും വല്ല മരുന്നും മേടിച്ചുകൊടുക്കണം,

'എടീ, ഞാനിപ്പംതന്നെ പോയി ആ വൈദ്യനെ വിളിച്ചോണ്ടു വരാം. അയാൾ വന്നുനോക്കിമരുന്നുനിശ്ചയിക്കയാണല്ലത്.,

കുറപ്പുചേട്ടൻ ഒരു നിമിഷംപോലും വിശ്രമിക്കാതെ ആ പാതിരാത്രിക്ക് വൈദ്യന്റെ വീട്ടിലേക്കു തിരിച്ചു.

രണ്ടുമണിക്കൂർ കഴിഞ്ഞ് കുറപ്പുചേട്ടൻ വീട്ടിൽ തിരിച്ചെത്തി. ഭാര്യ അയാളെ കാത്ത് ഇരിക്കുകയാണ്.

'വൈദ്യൻ വന്നില്ലേ?, ഗൗരിയമ്മ ചോദിച്ചു.

'അയാൾക്കു പാതിരാത്രിക്കു നടക്കാൻ കഴിയില്ലെന്നു പറഞ്ഞെടി. മരുന്നുതന്നിട്ടുണ്ട് നാളെ രാത്രിയിൽ ചെന്നു വിവരമറിയിച്ചാൽ വേറെ മരുന്നു തരാമെന്നും പറഞ്ഞിട്ടുണ്ട്.,

കുറപ്പുചേട്ടൻ ഗൗരിയമ്മയുടെ കയ്യിൽ മരുന്നു കൊടുത്തു.

'എടീ, കുഞ്ഞിനു പാലല്ലാതെ ഒന്നും കൊടുത്തുകൂടാ., കുറപ്പുചേട്ടൻ തുടന്നു പറഞ്ഞു.

'പാലോ?, ഗൗരിയമ്മ ഒന്നു നടുങ്ങുകതന്നെ ചെയ്തു. ഇടങ്ങഴിക്ക് നാലുപണം വിലയുണ്ട്.

കുറപ്പുചേട്ടൻ ഒരക്ഷരവും പറയാതെ വൈദ്യൻ കൊടുത്തതു പോകെയുള്ള ശമ്പളംബാക്കി ഗൗരിയമ്മയെ ഏൽപ്പിച്ചു. ഗൗരിയമ്മ ഒരു നിമിഷം അല്പനോക്കി. എന്നിട്ടു കുറപ്പുചേട്ടന്റെ മുഖത്തേക്കും വിഷാദാത്മകത നിറഞ്ഞ ഒരു നോട്ടം.

'ഈ മാസത്തിലും ശമ്പളം കൂട്ടിക്കിട്ടിയില്ലേ?,

'ഇല്ലെടി., മറെറാരു വശത്തേക്കുനോക്കി കുറപ്പുചേട്ടൻ പറഞ്ഞു.

ഒരു ദീർഘനിശ്വാസം........,

അടുത്ത ദിവസം രാത്രിയിലും കുറപ്പുചേട്ടന് വൈദ്യന്റെ വീട്ടിലേക്ക് ഓടേണ്ടിവന്നു. കുഞ്ഞിനു ദീനം കൂടുതലാണ്.

വൈദ്യൻ പറഞ്ഞു:- 'കുറപ്പേ ഞാൻ അങ്ങോട്ടു വരണമെന്നില്ല. നടക്കാനും മററും കഴിയില്ല. ഇന്നു വേറൊരു മരുന്നു തരാം.,

വൈദ്യൻ ഉറക്കപ്പായയിൽനിന്നു എണീററ് അകത്തുചെന്ന് നാലുഗുളികകൾ കൊണ്ടുവന്നു.

'ഇതു ജീരകവെള്ളത്തിൽ അരച്ചുകൊടുക്കണം. ഇപ്പോഴും, നാളെക്കാലത്തും, ഉച്ചക്കും, വൈകിട്ടും നാൽ കാൽ ഒന്ന്- ഒരു രൂപാ വിലയാ., വൈദ്യൻ ഗുളികകൾ കടലാസിൽപൊതിഞ്ഞു കുറപ്പുചേട്ടന്റെ കയ്യിൽ കൊടുത്തു. ഭാര്യയുടെ പക്കൽനിന്നും മേടിച്ചുകൊണ്ടുവന്ന ഒററ രൂപാനോട്ട് കുറപ്പുചേട്ടൻ വൈദ്യന്റെ നേക്കും നീട്ടി.

'ഇന്നു കുട്ടിക്ക് എന്താ കൊടുത്തത്?, വൈദ്യൻ ചോദിച്ചു-

'പാലുതന്നെയാ. ഇനി നാളെത്തൊട്ട് കഞ്ഞികൊടുക്കാമോ വൈദ്യരേ?,

'പാടില്ല. പാലുതന്നെ വെള്ളം ചേക്കാതെ കൊടുക്കണം., വൈദ്യൻ കർശനമായി പറഞ്ഞു.

മറുവടിയില്ല. ഒരു ദീർഘനിശ്വാസം! കുറപ്പുചേട്ടൻ നടന്നു.

മൂന്നാംദിവസവും കുഞ്ഞിന്റെ ദീനത്തിനു ഭേദംകണ്ടില്ല. വീട്ടിൽ വന്നപ്പോഴാണ് കുറപ്പുചേട്ടൻ അറിഞ്ഞ വാർത്തയാണു്.

"എടീ, കുഞ്ഞിനു വെള്ളംചേക്കാത്ത പാലു തന്നാണോ കൊടുക്കുന്നതു്?,,

"പിന്നല്ലേ? ഇന്നും കറക്കുന്നിടത്തു ചെന്നു് മൂന്നാഴിപ്പാലാ കൊണ്ടുവന്നതു്.

"എന്നാ അക്കാര്യം ഞാൻ ചെന്നു് വൈദ്യനോടു പറയാമെടീ. ഒരു രൂപാ കൂടി ഇങ്ങുതാ.,,

ഗൗരിയമ്മ സിഗററുകുടിൽ എടുത്തു് അതിനകത്തുള്ള നാണയമെല്ലാം വെളിയിലിട്ടു് എണ്ണി. ഒരു രൂപാ ഇരുപത്തിരണ്ടു ചക്രം എട്ടുകാശു് ആ തുകയാണ് അയാളുടെ ആ മാസത്തിലെ ശമ്പളത്തിന്റെ നെല്ലിപ്പലക. ഗൗരിയമ്മ ഒരു രൂപയുടെ ചില്ലറ എടുത്തു് ദയനീയമായ ഒരു നോട്ടത്തോടെ അയാളുടെ കയ്യിൽ കൊടുത്തു. ബാക്കി സിഗററുകുടിന്നകത്തുതന്നെ ഇട്ടിട്ട് എടുത്തു പൂർവ്വസ്ഥാനത്തുവച്ചു.

അന്നും പാതിരാത്രിക്ക് കുറപ്പുചേട്ടൻ വൈദ്യനെ തിരക്കിച്ചെന്നു.

"വൈദ്യരേ, കുഞ്ഞിനു കൂടുതലാ. ഒന്നുപോയി. വൈദ്യരേ.,, കുറപ്പുചേട്ടന്റെ കണ്ണുകൾ നിറഞ്ഞു.

"കുറപ്പേ, കുപ്പിയുണ്ടോ? കുറേ അരിഷ്ടം തരാം."

"കുപ്പി ഇല്ല. ഇവിടെയുണ്ടെങ്കിൽ ഒന്നു തന്നാലു് നാളെ തിരികെ കൊണ്ടുതരാം."

'കുറപ്പേ. കുപ്പിവിലയ്ക്കുതരാനേയുള്ളു. കുപ്പിക്കും അരിഷ്ടത്തിനുംകൂടി ഇരുപത്തിരണ്ടും എഴരയും – ഒരു രൂപാ ഒരു ചക്രമാകും. എന്താ എടുക്കട്ടോ? കുട്ടിയുടെ കാര്യത്തിൽ പേടിക്കാനും മററും ഇല്ല. നാളെ കുറവുണ്ടാകും.,,

'എന്നാലെടുത്തോട്ടെ, വൈദ്യരേ.'

വൈദ്യൻ വീട്ടനകത്തുചെന്നു് അരിഷ്ടവുമായിവന്നു. കുറപ്പുചേട്ടൻ വാങ്ങി.

'വൈദ്യരേ, ഒരു ചക്രം കൊറവാ. നാളെത്തന്നേക്കാം., കുറപ്പുചേട്ടൻ പണം നീട്ടി.'

'കുറപ്പേ, ഇവിടെ സാധാരണ കടം കൊടുക്കുക പതിവില്ല. പിന്നെ കുറപ്പായതുകൊണ്ടാകുളം. നാളെ മറക്കാതെ തന്നേക്കണം., എന്നു പറഞ്ഞു് വൈദ്യൻ പണം വാങ്ങി.

കുറപ്പുചേട്ടൻ മരുന്നുംകൊണ്ടു് വേഗം നടന്നു.. ....

അന്നു രാത്രി, വളരെ ഇരുട്ടിയിട്ടും ആ വീട്ടിൽ രണ്ടുപേർ ഉറങ്ങാതെ കിടന്നു. അവിടം നിശ്ശബ്ദമായിരുന്നു.

'അമ്മേ!, ദയനീയമായ ഒരു വിളി.

'എന്താ മോളേ!, ഗൗരിയമ്മ ഞെട്ടി എണീററു.

'അമ്മേ! ഞാൻ പോകുവാ അമ്മെ.,

'മോളെ — മോളേ-എന്താ, നീ വല്ല സൊപ്പനവും കണ്ടോ? ഗൗരിയമ്മ പരിഭ്രമിച്ചു.

'അമ്മേ, തങ്കപ്പൻ കൊച്ചാട്ടൻ എന്നെ വിളിക്കുവായിരുന്നു. എന്റെ അടുത്തു വന്നിരുന്നാ അമ്മേ വിളിച്ചെ. അമ്മേ! കൊച്ചാട്ടൻ നല്ല ഉടുപ്പുമിട്ടോണ്ടാ വന്നതു്-ഞാം വന്നാലു് നല്ല പാവാട തരാമെന്നു പറഞ്ഞു.,

കുറപ്പുചേട്ടന്റെ ഹൃദയം കത്തി.

'എടീ, അവള് ഉറക്കത്തിൽ പിച്ചും പേയും പറകയാണെന്നാ തോന്നുന്നതു്. നീ വിളക്കൊന്നു കത്തിക്കു്., അയാൾ ഭാര്യയോടു പറഞ്ഞു.

'വിളക്കിനകത്തു മണ്ണെണ്ണ ഇല്ല. അതു് തന്നത്താൻ അണഞ്ഞുപോയതാ.,

'കുപ്പിക്കകത്തും ഇല്ലേടീ.'

'ഇല്ല.'

പാറുക്കുട്ടി പിന്നെ ഒന്നും സംസാരിച്ചില്ല. ഗൗരിയമ്മയും കിടന്നു. അധികം നേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം കുറപ്പുചേട്ടൻ പറഞ്ഞു.–

'എടീ, താമസിയാതെ ശമ്പളം കൂട്ടി കിട്ടുമെന്നാ കേട്ടതു്.,

'ഓ, എത്ര നാളായി ഇങ്ങനെ കേൾക്കുന്നു. ദൈവമേ! എന്റെ കുഞ്ഞുങ്ങൾ., വിഷാദഭരിതമായ മറുപടി.

വീണ്ടും എതാനും നിമിഷത്തെ നിശ്ശബ്ദത.

കുറപ്പുചേട്ടൻ ചോദിച്ചു:–

'എടീ, – നാളത്തേക്കു എന്തോ ഉണ്ടെടീ?,

'റാഷൻമേടിക്കാം വച്ചപണമാ അതു്–നാളെ കുഞ്ഞിനു പാലുമേടിക്കാനും കൊടുക്കണം.,

'എടീ, അപ്പഴ് നാളത്തേക്ക് ഒന്നുമില്ല, അല്ലേ?,

'ഇല്ല.'

നിരാശനിറഞ്ഞ ചോദ്യവും മറുപടിയും.

* * *

പിറേറന്നു് ഉച്ചക്ക് കുറപ്പുചേട്ടൻ പട്ടണത്തിൽ എഴുത്തുകൾ വിതരണം ചെയ്യുമ്പോൾ, നാണു ഓടിക്കിതച്ചു് വരുന്നതുകണ്ടു. കുറപ്പുചേട്ടന്റെ അടുക്കലേക്കു തന്നെയാണ് വരവു്.

'എന്താടാ, നാണൂ?,

'ഉടനെ അങ്ങോട്ടുചെല്ലാൻ പറഞ്ഞു. മോളു് ചോര ഛർദ്ദിച്ചു.,

കുറപ്പുചേട്ടന്റെ തലകറങ്ങി.

'എന്തു്?,

'ഒത്തിരി കൂടുതലാ. ഉടനെ ഒരു ഡാക്കിട്ടരേയും കൂട്ടിക്കൊണ്ടുചെല്ലാനാ പറഞ്ഞെ.,

കുറപ്പുചേട്ടന്റെ ശരീരം വിറച്ചുതുടങ്ങി. എഴുത്തുകൾ വിതരണം ചെയ്യേണ്ടകാര്യം അയാൾ മറന്നു. തന്റെ മകൾ–അതുമാത്രമായി അയാളുടെ ചിന്ത.

അടുത്തുള്ള ഒരു കടയിൽ എഴുത്തുകളും മണിയാർഡർ ഫാറങ്ങളും വച്ചിട്ടു് അയാൾ അഞ്ചലാപ്പീസിലേക്കോടി.

– അയാൾ അഞ്ചൽ മാസ്റ്ററുടെ അടുത്തു ചെന്നു.

'അങ്ങത്തേ, എന്റെ കുട്ടി–മരിക്കാൻ പോണു–അഞ്ചുരൂപാ തരണേ . ഡാക്കരെ വിളിക്കാൻ.'

'കുറപ്പേ, ഇപ്പോഴൊന്നും കയ്യിലില്ല.'

'അങ്ങത്തെ — എങ്ങനെങ്കിലും തരണം–എന്റെ കുട്ടിയാണങ്ങത്തെ.' അയാൾ വിങ്ങിവിങ്ങിക്കരയുകയായി.

'കുറപ്പേ, ഇല്ലാത്തതു് എങ്ങനെ ഉണ്ടാക്കാനാ.' അഞ്ചൽ മാസ്റ്റർ വീണ്ടും ജോലിയിൽ മുഴുകി.

കുറപ്പുചേട്ടൻ ഇതരമസ്തന്മാരോടു ചോദിച്ചു. അവരും ഇല്ലെന്നു പറഞ്ഞു.

'നീലകണ്ഠാ, നീയെങ്കിലും എന്നെ സഹായിക്കണം.' ആ രംഗം കണ്ടുനിന്ന നീലകണ്ഠനെ കുറപ്പുചേട്ടൻ സമീപിച്ചു.

'ചേട്ടാ, ഇപ്പഴെന്റെ കയ്യിലും ഇല്ലല്ലോ., നീലകണ്ഠൻ സഹതാപ സ്വരത്തിൽ പറഞ്ഞു.

കുറപ്പുചേട്ടൻ റോഡിൽ ഇറങ്ങിഓടി. ഡാക്കർ വീട്ടിന്റെ തിണ്ണയിൽ കാററും കൊണ്ടു് കിടക്കുമ്പോഴാണ്, കുറപ്പുചേട്ടൻ ഭ്രാന്തനെപ്പോലെ ഓടിച്ചെന്നതു്.

'അങ്ങത്തെ, വേഗം വീടുവരെ ഒന്നു വരുന്നുണ്ടോ. അയ്യോ ! എന്റെ കുഞ്ഞു് മരിക്കാൻ പോണു., കുറപ്പുചേട്ടൻ നെഞ്ചത്തു കൈയും വച്ചു്, കണ്ണുനീർ തൂകി, പറഞ്ഞു.

'വണ്ടികൊണ്ടുവന്നിട്ടുണ്ടോ?,

'വീട് അടുത്തു തന്നാ അങ്ങത്തെ — കയ്യില് പണമില്ലാത്തതിട്ടാ വണ്ടി — അങ്ങത്തെ, എന്റെ കുഞ്ഞിനെ രക്ഷിക്കണെ.,

'എടോ, എന്നാൽ കുഞ്ഞിനെ വച്ചിട്ടു് ആസ്പത്രിയിൽകൊണ്ടുവന്നാൽമതി. താൻ പോകൂ., ഡാക്കർ ഗൗരവത്തോടെപറഞ്ഞു.

'അങ്ങത്തെ — ദൈവത്തെയോർത്തു്–, കുറപ്പുചേട്ടൻ യാചിച്ചു, തൊഴുതു.

'നില്ക്കണ്ടാ. പോകൂ., ഡാക്കർ ആജ്ഞാപിച്ചു.

കുറപ്പുചേട്ടൻ തിരിഞ്ഞുനടന്നു. ഓരോ നിമിഷം കഴിയുംതോറും കുഞ്ഞിന്റെ മരണസമയം കൂടുതൽ കൂടുതൽ അടുക്കുകയാണെന്നു് അയാൾക്കു അറിയാം. അയാളുടെ ഹൃദയം പിടക്കുകയാണ്. രൂപാ വേണം. എവിടെ? അയാൾ ജഡത്തെപ്പോലെ മുന്നോട്ടു നടന്നു. രൂപാവേണം. എവിടെ?

പെട്ടെന്നു് ഒരു ഓർമ്മ! അയാൾ നിന്നു. അയാളുടെ മുഖത്തു് ഒരു പ്രകാശമുണ്ടായി.

* * *

ഡാക്കർ വന്നു് കുട്ടിയെ പരിശോധിച്ചു. അടുപ്പിച്ചടുപ്പിച്ചു് രണ്ടു തവണ കുത്തിവച്ചു. ഗൗരിയമ്മയും കുറപ്പുചേട്ടനും ശ്വാസമടക്കി നിൽക്കുകയാണ്. കുഞ്ഞ് ബോധശൂന്യമായി പായയിൽ കിടക്കുന്നു. അല്പംകൂടി കഴിഞ്ഞു് ഡാക്കർ വീണ്ടും കുത്തിവച്ചു. അയാൾ കാലനായി പടവെട്ടുകയാണെന്നു തോന്നി.

അവസാനം കുട്ടിക്കു ബോധമുണ്ടായി.

ഡാക്കർ പറഞ്ഞു:–'ഇനി ഒട്ടും പേടിക്കാനില്ല. ആരെയെങ്കിലും വൈകിട്ടു് ആസ്പത്രിയിലേക്കു അയക്കണം. കുറേ മരുന്നും തരാം. ഇന്നു് പാലല്ലാതെ മററു ആഹാരമൊന്നും കൊടുക്കണ്ട.,

ഡാക്കർ വണ്ടിയിൽ കയറി പോകുകയും ചെയ്തു.

പാറുക്കുട്ടിയുടെ ദീനം ക്രമേണ ഭേദമായി. രണ്ടുനാലു കഴിഞ്ഞപ്പോൾ അവൾ എണീററു നടക്കുവാൻതുടങ്ങി. അഞ്ചാം പക്കം അവളെ കുളിപ്പിച്ചു.

പക്ഷേ ആ ദിവസം മുതൽ കുറപ്പുചേട്ടന്റെ മുഖത്തു് ഒരു വല്ലായ്മ–ഒരു ഭീതി–കാണപ്പെട്ടു. എപ്പോഴും മൗനം. രാത്രിയിൽ വീട്ടിൽ വന്നാലും ഒന്നോ രണ്ടോ വാക്കുകളിൽക്കൂടുതൽ ഭാര്യയോടു് സംസാരിക്കാറില്ല.

* * *

രണ്ടാഴ്ച കഴിഞ്ഞപ്പോൾ കുറപ്പുചേട്ടനെ അറസ്റ്റുചെയ്തു. അയാൾ ഒരു മണിയാർഡർ ഫാറത്തിൽ കള്ളയൊപ്പിട്ടു് പണമപഹരിച്ച കുററം തെളിഞ്ഞു.

★

L. No. 442Dated 11th Dec. 1944 Reg. No. 110. T. M. 4994

# THE CHAKRAVALAM KOTTAYAM

The Premier Weekly of the Malabar Coast

Vol III. || 22nd September 1946 || No. 5



പ്രണയപാശം


അവളെ ചുററുന്നു

എന്തെന്നാൽ അവരം
ടോംകോ പരിമളകുന്തളതൈലവും ഷാമ്പൂവും
ഉപയോഗിച്ച് തൻെറ കേശസൗന്ദര്യം
വർദ്ധിപ്പിക്കുന്നു



ദി ടാററാ ഓയിൽമിൽസ് കമ്പനി ലിമിററഡ്.

ശരീര പോഷണത്തിനും അസ്ഥിവളർച്ചയ്ക്കും



കാൽസിഫെറോൾ

കുഞ്ഞുങ്ങൾക്ക
ഉത്തമ ടോണിക്ക്
(ബ്ളഡ്-ഇൻ-ട്രാക്ട്
[illegible])

ഗോൾഡ് -ഇൻ- ച്യവനപ്രാശ്

ആരോഗ്യവർദ്ധനവിനും, സംരക്ഷണത്തിനും
കൈകണ്ട സിദ്ധൗഷധം

നാഡിക്ഷീണം, മൂത്രപ്പെരുപ്പം, മൂത്രത്തിൽ ശുക്ലം കലർന്നിരിക്കുക, ശീഘ്രസ്ഖലനം, നിദ്രാദോഷം മുതലായ അനാരോഗ്യാവസ്ഥകളെ ക്ഷണേന മാററി, ഹൃദയം ശ്വാസകോശം മുതലായ അന്തരാവയവങ്ങൾക്ക് മതിയായ സംരക്ഷണം നൽകിക്കൊണ്ട് ശരീരത്തിന് ബലിഷ്ഠതയും സൌന്ദര്യവും പ്രദാനംചെയ്യുന്ന ഒരു സിദ്ധൗഷധം

റാത്തൽ ഫ്ലാക്ക് വില രൂപാ 8-0-0
വ. പി. ചാർജ്ജ് പുറമേ.

ശ്രീ.വഞ്ചിരാജ്യായുർവ്വേദഫാർമസി (Regd) ആലപ്പുഴ.

ശ്രീധരി ആയുർവ്വേദ വൈദ്യശാല

H. O. കൂത്താട്ടുകുളം. Br: പിറവം, കോട്ടയം.

പലവിധത്തിൽ ഉണ്ടാകുന്ന വയററുവേദനകൾക്കും, വീക്കം, ഗുന്മൻ, അടിവയർവീർപ്പ്, പ്ലീഹ, വീക്കം, വൃദ്ധി, വിദ്രധി, വിളർച്ച, കാമില എന്നിവക്കും സർവവിധമായ കുക്ഷിരോഗങ്ങൾക്കും കൈകണ്ട സിദ്ധൗഷധം

★ തിന്ത്രിണീകൽപം ★

ഫലം സുനിശ്ചിതം. വില റ. 1-ക്ക് 8. ക. മാത്രം.

N. B. ആയുർവേദവിധിപ്രകാരം ഏററവും നിഷ്ക്കർഷയിലും സൂക്ഷ്മതയിലും പാകപ്പെടുത്തിയിട്ടുള്ള എല്ലാ ഔഷധങ്ങളും ഹെഡാഫീസിലും ബ്രാഞ്ചുകളിലും എപ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്.

വൈദ്യൻ — എൻ. ത്രിവിക്രമൻ നമ്പൂരിരി.

Edited, Printed and Published by K. P. Karunakara Pisharody at the Chakravalam Press, Kottayam.